
# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ




**മാർച്ച് 19 – മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**

Vol. LXXII March 2022 No. 3

# ആശംസകൾ





## മാർച്ച് 19 ന് നാമഹേതുകത്തിരുനാൾ
## ആഘോഷിക്കുന്ന

**മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും**
**മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും**

## സ്നേഹനിർഭരമായ
## പ്രാർത്ഥനാശംസകൾ



തിരുവനന്തപുരം അതിരൂപതയുടെ നിയുക്ത ആർച്ചുബിഷപ്
റൈറ്റ് റവ. ഡോ. തോമസ് നെറ്റോ പിതാവിന്
പാലാ രൂപതയുടെ പ്രാർത്ഥനാശംസകൾ...



പാലാ രൂപതയുടെ പുതിയ സിഞ്ചെല്ലൂസ്
മോൺ. ഡോ. ജോസഫ് കണിയോടിക്കലിന്
പ്രാർത്ഥനാശംസകൾ...



പാലാ കത്തീഡ്രലിലെ വിഭൂതിത്തിരുനാൾ തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ പിതാക്കന്മാർ കാർമ്മികത്വം വഹിക്കുന്നു.



കുറവിലങ്ങാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ മൂന്നുനോമ്പ് തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാർ പരിശുദ്ധ കുർബാനയർപ്പിക്കുന്നു.



കൂട്ടിക്കൽ മിഷന്റെ ഭാഗമായി നിർമ്മിച്ചു നൽകുന്ന ഭവനങ്ങളുടെ ശിലാസ്ഥാപനവെഞ്ചെരിപ്പും മംഗല്യപ്രോജക്ട് സാമ്പത്തികസഹായവിതരണവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**MARCH 2022**
**Vol. LXXII No. 3**

# CONTENTS


ഇടയലേഖനം 66 .......... 153

സർക്കുലർ - നോമ്പുകാലസന്ദേശം. .......... 160

കച്ചേരിക്കാര്യം .......... 169

അറിയിപ്പ് .......... 177

വാർത്തകൾ .......... 186

ആദരാഞ്ജലികൾ .......... 217

വാർത്തകൾ .......... 221

**ഇടയലേഖനം – 66**

# വലിയനോമ്പ്

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസി കൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്. നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ഫെബ്രുവരിമാസം 28-ാം തീയതിയാണ് വിഭൂതി തിങ്കളാഴ്ച. അന്നുമുതൽ വലിയനോമ്പ് ആരംഭിക്കുകയാണ്. പ്രലോഭകനെതിരേ ഈശോ നടത്തിയ വിജയകരമായ സമര ത്തെക്കുറിച്ചു ധ്യാനിച്ചുകൊണ്ടാണ് സഭ വലിയനോമ്പിലേക്കു കടക്കുന്നത്. നാല്പതു രാവും പകലും ഉപവസിച്ചു പ്രാർത്ഥിച്ചു നോമ്പെടുത്തു പരസ്യജീവിതം ആരംഭിച്ച കർത്താവായ ഈശോമിശിഹായുടെ രക്ഷാകരസംഭവങ്ങളെ കേന്ദ്രീകരിച്ചു നമ്മുടെ ജീവിതത്തെ ഒരിക്കൽക്കൂടി നവീകരിക്കുന്നതിനും ക്രമീകരിക്കുന്നതിനും ദൈവം സഭയിലൂടെ നമുക്കു നൽകുന്ന രക്ഷയുടെ സമയമാണ് വലിയനോമ്പുകാലഘട്ടം. ഈശോ യുടെ മരണവും ഉത്ഥാനവും പ്രതിനിധാനം ചെയ്യുകയും പ്രതി ഫലിപ്പിക്കുകയും ചെയ്യുന്ന സ്ലീവാ ഓരോ ക്രിസ്ത്യാനിയും സ്വന്തമാക്കേണ്ട ജ്ഞാനപീഠമാണ്. "ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ അവനിലാണ്" (കൊളോ. 2:3) എന്ന വിശുദ്ധ പൗലോസിന്റെ വാക്കുകൾ ഏറെ ശ്രദ്ധേയമത്രേ. "അറിവുണ്ട് എന്നു ഭാവിക്കുന്നവൻ അറിയേണ്ടത് അറിയു ന്നില്ല" (1 കൊറി. 8:2). സ്ലീവായെ (കുരിശിനെ) ആഴത്തിൽ അറിഞ്ഞാൽ മറ്റൊന്നും അറിയേണ്ടതില്ല എന്ന ബോധ്യം സ്വന്തമാക്കിയ പൗലോസ് പറയുന്നതു കേൾക്കുക: "നിങ്ങളുടെ

ഇടയിൽ ആയിരുന്നപ്പോൾ ഈശോമിശിഹായെക്കുറിച്ചല്ലാതെ, അതും ക്രൂശിതനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു" (1 കൊറി. 2:2). നോമ്പുകാലം ഈ തിരിച്ചറിവിലേക്കാണു നമ്മെ നയിക്കേണ്ടത്. കാരണം, നാശത്തിലൂടെ ചരിക്കുന്നവർക്കു കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്ക് അത് ദൈവത്തിന്റെ ശക്തിയാണ് (1 കൊറി. 1:18).

അനുതപിക്കുകയെന്നാൽ പാപത്തോടുള്ള വിടപറച്ചിലും സുവിശേഷത്തിൽ വിശ്വസിക്കുകയെന്നാൽ ദൈവത്തോടുള്ള അടുപ്പവും എന്നാണ്. "ഈശോമിശിഹായിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ, പുതിയതു വന്നു കഴിഞ്ഞു" (2 കൊറി. 5:17). ഇതാണു പരമപ്രധാനം, ഒരു പുതിയ സൃഷ്ടിയാവുക (ഗലാ. 6:15). ജീവിതത്തിൽ ഒരു യൂടേൺ എടുക്കുക – 180 ഡിഗ്രി തിരിയുക എന്നാണ്. അതായത്, പുതിയ സൃഷ്ടിയാവുക എന്നതിന്റെ അന്തസ്സത്ത മാനസാന്തരമാണ്, ഹൃദയപരിവർത്തനമാണ് (Metanoia). ജോയേൽ പ്രവാചകന്റെ വാക്കുകൾ, "നിങ്ങളുടെ ഹൃദയമാണു വസ്ത്രമല്ല കീറേണ്ടത്"(ജോയേൽ 2:13) എന്നത് ഏറെ ശ്രദ്ധേയമാകുന്നു. ഇതിനു സഹായിക്കുന്നത് ഉപവാസവും പ്രാർത്ഥനയുമാണ്.

സുഖലോലുപതയിൽനിന്നുള്ള വിടുതലും ഭക്ഷണപാനീയങ്ങളുടെ ത്യജിക്കലും ദൈവത്തിന്റെ അടുത്ത് കൂടെയിരിക്കുന്നതുമാണ് ഉപവാസം. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന വചനം കൊണ്ടുമാണു ജീവിക്കുന്നത്" (മത്താ. 4:4). തിന്മകളുടെമേൽ ആധിപത്യവും അതിജീവനവും സാധിക്കാൻ വചനം ഹൃദയത്തിൽ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. സങ്കീർത്തകൻ പറയുന്നു: "അങ്ങേക്ക് എതിരായി പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു" (സങ്കീ.119:11). ഈശോ ത്രിവിധ പ്രലോഭനങ്ങളെ അതിജീവിക്കുന്നതും ദൈവവചനത്തിന്റെ ശക്തിമൂലമാണ്.

ഇന്നു മനുഷ്യനെ കെണികളിലും ലഹരി അടിമത്ത ങ്ങളിലും തളച്ചിടുന്ന നവമാധ്യമങ്ങളുടെ കടന്നുകയറ്റം യുവജനങ്ങൾ ഉൾപ്പെടെ അനേകരെ തകർത്തു തരിപ്പണ മാക്കിക്കൊണ്ടിരിക്കുന്നു. അതിരുകടന്ന അഭിലാഷങ്ങളെയും ആസക്തികളെയും അനുധാവനം ചെയ്യുന്നതിനെക്കുറിച്ചു തിരുവചനം തരുന്ന മുന്നറിയിപ്പ് ഗൗരവമേറിയതാണ്. “അഭിലാ ഷങ്ങൾക്ക് അടിപ്പെടരുത്. അവ നിന്നെ കാളക്കൂറ്റനെപ്പോലെ കുത്തിക്കീറും. അവ നിന്റെ ഇലകൾ ഭക്ഷിക്കുകയും നിന്റെ ഫലങ്ങൾ നശിപ്പിക്കുകയും ചെയ്യും. നീ ഒരു ഉണക്കമരമായി ത്തീരും” (പ്രഭാ 6: 2,3). ഇന്ന് അനേകർ ഉണക്കമരങ്ങളായി തീർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സോഷ്യൽ മീഡിയായുടെ ആരോഗ്യപരമായ വർജ്ജനം (Digital Abstinence) അനിവാര്യമാണ്.

ഉപവാസവും നോമ്പാചരണവുംവഴി നമ്മുടെ ഹൃദയങ്ങൾ വിമലീകരിക്കപ്പെട്ടു കഴിയുമ്പോൾ ദൈവത്തിന്റെ നേർക്കെന്നതുപോലെ സഹോദരങ്ങളുടെ നേർക്കും നമ്മുടെ ഹൃദയങ്ങൾ തുറക്കാനാവും. സ്വാർത്ഥതയുടെ ലോകത്തിൽ നിന്നു പുറത്തുകടന്ന് അവരെ സ്നേഹിക്കാനും അവരുടെ ആവശ്യങ്ങളോടു പ്രത്യുത്തരിക്കാനും നമുക്കു കഴിയും. സ്നേഹപൂർവ്വം ചെയ്യുന്ന ഏതൊരു കാര്യവും ഒരിക്കലും വറ്റാത്ത ജീവന്റെയും സന്തോഷത്തിന്റെയും സ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറേപ്ത്തായിലെ വിധവയുടെ എണ്ണപ്പാത്രവും മാവിൻകലവും. അതിൽനിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത് (1 രാജാ. 17: 7-18). ഉപവാസത്തിന്റെ ഈ രണ്ടാം തലത്തെ ക്കുറിച്ച് ഏറ്റവും വാചാലമായി സംസാരിക്കുന്നത് ഏശയ്യാ പ്രവാചകനാണ്. “ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുക ത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാ ക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഉപവാസം. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും

ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടി വിരിയും; നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്ത്വം നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും" (ഏശ. 58: 6–8).

ഒരു ആത്മീയ അടിയന്തരാവസ്ഥയുടെ കാലഘട്ടം കൂടിയാണ് നോമ്പുകാലം. അന്ധകാരത്തിന്റെ ശക്തികൾ പ്രകാശത്തിന്റെ മക്കളെക്കാൾ അതീവജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. "നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ" (1 പത്രോ. 5:8). "ചുരുങ്ങിയ സമയമേ അവശേഷിക്കുന്നുള്ളൂ എന്നറിഞ്ഞ് അരിശംകൊണ്ടു പിശാച് നിങ്ങളുടെ അടുത്തേക്ക് ഇറങ്ങിയിട്ടുണ്ട്" (വെളി. 12:12). "അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കണം" (റോമാ. 13:12). ആത്മീയമായ ഓഡിറ്റിംഗിന്റെ സമയമാണ് ആസന്നമായിരിക്കുന്നത്. അതിനാൽ, വിലാപങ്ങളുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, "നമുക്കു നമ്മുടെ വഴികൾ സൂക്ഷ്മമായി പരിശോധിക്കുകയും കർത്താവിങ്കലേക്കു തിരിയുകയും ചെയ്യാം. നമുക്കു നമ്മുടെ ഹൃദയവും കരങ്ങളും സ്വർഗ്ഗസ്ഥനായ ദൈവത്തിങ്കലേക്ക് ഉയർത്താം"(വിലാ. 3:40,41).

പരിശുദ്ധ ഫ്രാൻസീസ് പാപ്പാ പറയുന്നു, സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവമെന്നത് കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും ഭയപ്പെടുന്നവരെയും ഉപേക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. കർത്താവിന്റെ ദാസനോടുള്ള അവിടുത്തെ വാക്കുകൾ എത്ര ആഴമുള്ളതാണ്: "ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു" (ഏശ. 43:1). കോവിഡും നോമ്പും മരുഭൂമി അനുഭവങ്ങളാണ്. ബന്ധ

ങ്ങളുടെ ഊഷ്മളതയും സാമൂഹ്യജീവിതക്രമവും കൂടിവരവുകളുടെ സന്തോഷവും കൈമോശം വന്ന കാലമാണ് കോവിഡിന്റേത്. കോവിഡ് മഹാമാരി നമ്മുടെമേൽ വന്നു ഭവിച്ചതാണെങ്കിൽ, നോമ്പ് നാം ഹൃദയപൂർവ്വം സ്വീകരിക്കുന്നതാണ്. പരമ്പരാഗതവും വളരെ പ്രായോഗികവുമായ ചില ചിട്ടകളും പുതിയ ശൈലികളും നാം സ്വീകരിക്കുന്നു. താൻപോരിമയും അഹങ്കാരവും സ്വാർത്ഥതയും വറ്റിച്ച് ഇല്ലാതാക്കണം. കോപം, അസൂയ, മോഹം, അഹങ്കാരം, ഭോജനപ്രിയം, അലസത, അത്യാഗ്രഹം തുടങ്ങിയ ഏഴു തലപ്പെട്ട ദോഷങ്ങൾ മറന്നുപോയ ഒരു തലമുറയിലാണോ ജീവിക്കുന്നത് എന്നുപോലും തോന്നിപ്പോകും. അപ്പോഴാണ് സാമൂഹ്യജീവിതത്തിന്റെ അന്തസ്സത്ത എന്താണെന്നു കോവിഡ് പഠിപ്പിച്ചത്. അനാവശ്യങ്ങളും ആഡംബരങ്ങളും ഒഴിവാക്കാൻ കുറെയെല്ലാം നാം പഠിച്ചു. മൂല്യങ്ങൾ സ്വാംശീകരിക്കാനുള്ള സമയമാണ് നോമ്പുകാലം. അനാവശ്യമായിരുന്നെന്ന് ഇന്നു ബോദ്ധ്യമായ പഴയ ശൈലിയിലേക്കു നാം തിരിച്ചുപോകരുത്. സാമൂഹ്യജീവിതത്തിന്റെ അന്തസ്സത്ത കൈമോശം വന്നിട്ടുണ്ടെങ്കിൽ തിരിച്ചുപിടിക്കണം. മറ്റുള്ളവരുടെ നേർക്കുള്ള കരുതലാണ് സാമൂഹികതയുടെ അടിത്തറ. അപ്പോൾ, ആർഭാടങ്ങൾ അപ്രത്യക്ഷമാകും. കർത്താവിനോട് അടുക്കാൻ ആഗ്രഹിക്കുന്ന ആരെയും തിന്മയിലേക്കു പ്രലോഭിപ്പിക്കുക എന്ന പ്രവൃത്തി ഒരിക്കലും മുടങ്ങാതെ ഇന്നും ദുഷ്ടാരൂപി തുടർന്നുകൊണ്ടാണിരിക്കുന്നത്. സാത്താൻ ഒരിക്കലും ഉറങ്ങുകയോ വിശ്രമിക്കുകയോ ചെയ്യുന്നില്ല.

നോമ്പാചരണം വളരെ കാർക്കശ്യത്തോടെ അനുഷ്ഠിച്ചിരുന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. അതിപുരാതനകാലം മുതൽ മാർത്തോമ്മാനസ്രാണികൾ കൃത്യമായും താത്പര്യത്തോടെയും നോമ്പും ഉപവാസവും അനുഷ്ഠിച്ചിരുന്നു. പ്രധാനപ്പെട്ട എല്ലാ തിരുനാളുകൾക്കും ഒരുക്കമായി നോമ്പ് ഉണ്ടായിരുന്നു. നസ്രാണികൾ അറിയപ്പെട്ടിരുന്നതുപോലും

ഉപവാസത്തിന്റെ മക്കൾ എന്നാണ്. വലിയ നോമ്പിൽ പ്രത്യേകമായ പ്രാർത്ഥനകൾക്കും ഉപവാസത്തിനും ദാനധർമ്മത്തിനും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും തിരുവചനവായനകൾക്കും മത്സ്യമാംസാദികളുടെ വർജ്ജനത്തിനും മിതഭാഷണത്തിനും പ്രാധാന്യം നൽകണം. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ പൂർണ്ണമായും വർജ്ജിക്കണം. വെറ്റില മുറുക്കുപോലും നോമ്പുകാലത്തു വേണ്ടെന്നു വയ്ക്കുന്ന ക്രമമായിരുന്നു നമ്മുടെ പൂർവ്വികർ പാലിച്ചുപോന്നത്. മാർ അപ്രേമിന്റെ നോമ്പുകാലചിന്തകൾ നമ്മുടെ ആത്മീയതയുടെ അടിത്തറയാക്കേണ്ടതാണ്: "നിന്റെ ദാസനായ എനിക്ക് ശുദ്ധതയും എളിമയും ക്ഷമാശീലവും സ്നേഹവും നൽകണമേ. നാഥാ, എന്റെ തെറ്റുകൾ കാണാൻ എന്റെ കണ്ണുകൾ തുറപ്പിക്കണമേ. എന്റെ അയൽക്കാരനെ വിധിക്കാതിരിക്കാനുള്ള കഴിവും നൽകണമേ."

നോമ്പിലേക്കു പ്രവേശിക്കുന്നതിന്റെ തൊട്ടു തലേ വെള്ളിയാഴ്ച നാം സകല മരിച്ചവരെയും ഓർക്കുന്നു. നോമ്പു കഴിഞ്ഞുവരുന്ന ഉയിർപ്പിലെ ആദ്യ വെള്ളിയാഴ്ച സകല വിശുദ്ധരെയും അനുസ്മരിക്കുന്നു. ഇപ്രകാരം രണ്ടു വലിയ ഓർമ്മകൾക്കിടയിലാണ് വലിയനോമ്പുകാലം. പാതിനോമ്പ് അനുസ്മരണം എന്നൊരു പതിവും നിലവിലുണ്ട്. *പെൽഗുസെ സൗമ റമ്പ* (Pelgoose Sauma Ramba) എന്നാണ് സുറിയാനിയിൽ പാതിനോമ്പ് അറിയപ്പെടുക. പൗരസ്ത്യ സുറിയാനി സഭകളിലും പാശ്ചാത്യ സുറിയാനിസഭകളിലും പാതിനോമ്പാചരണം നിലവിലുണ്ട്. ഇതൊരു ഓർമ്മപ്പെടുത്തലാണ്. ഈ വർഷം മാർച്ച് 23 ബുധനാഴ്ചയാണ് പാതിനോമ്പുദിനം. അന്നുവരെ നോമ്പിൽ പ്രവേശിക്കാത്തവർ ആരെങ്കിലുമുണ്ടെങ്കിൽ അവശേഷിക്കുന്ന പകുതി ദിനങ്ങളിൽ നോമ്പിൽ പ്രവേശിക്കാനുള്ള ഒരാഹ്വാനംകൂടിയാണിത്. വലിയ നോമ്പിലെ മറ്റൊരു ഓർമ്മപ്പെടുത്തലാണ് 40-ാം വെള്ളി. മലകയറിയും തീർത്ഥാടനം നടത്തിയും ഈശോയുടെ പീഡാനുഭവത്തോടു കൂടു

തൽ താദാത്മ്യപ്പെടാനുള്ള മറ്റൊരവസരമാണിത്. ഇപ്രകാരം ഒരുങ്ങിയാണ് നമ്മൾ വലിയ ആഴ്ചയിലേക്ക് (കഷ്ടാനുഭവ ആഴ്ചയിലേക്ക്) പ്രവേശിക്കുന്നത്.

ലിറ്റർജിയുടെ (ദൈവാരാധന) സമഗ്രമായ പരികർമ്മത്തിന്റെയും ദൈവവചനത്തിന്റെ ആഴമായ വായനയുടെയും ശ്രവണത്തിന്റെയും കാലഘട്ടമായിരിക്കട്ടെ നോമ്പുകാലം. വചനം നിരന്തരം കേൾക്കണം. മാർ അപ്രേം പഠിപ്പിച്ചു: "ആത്മീയചെവികൊണ്ടു കേട്ടവർ കേട്ടതിന്മേൽ വീണ്ടും വീണ്ടും കേട്ടുകൊണ്ടിരിക്കും." കുടുംബങ്ങളിൽ ദൈവവചന പാരായണത്തിനു കൂടുതൽ സമയം നോമ്പുകാലത്ത് എല്ലാവരും കണ്ടെത്തണം. എല്ലാ ഇടവകകളിലും വാർഷികധ്യാനം നടത്താൻ ബഹു. വൈദികർ പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സാധ്യമായ വിധത്തിൽ വൈദികർ ഭവനങ്ങൾ സന്ദർശിക്കുകയും വെഞ്ചെരിക്കുകയും ചെയ്യണമെന്നുകൂടി സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. നോമ്പുകാലത്ത് വി. കുമ്പസാരം നടത്തി വേണ്ടത്ര ദൈവകൃപയിലായിരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. കുടുംബപ്രാർത്ഥനകൾ നിഷ്ഠയോടെ നിർവ്വഹിക്കുകയും സാമൂഹ്യതിന്മകൾക്കെതിരേ നിരന്തരം പോരാടുകയും ചെയ്യണം. ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധറൂഹായെയും നമുക്കു പ്രസാദിപ്പിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 26-02-2022

NB: ഈ ഇടയലേഖനം 2022 ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും കുർബാനമധ്യേ വായിക്കുവാൻ നൽകിയതാണ്.

Ref: 3669/K-5/KCBC/OL/DS 28 February 2022

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ
# 2022 ലെ നോമ്പുകാലസന്ദേശം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശുക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും പെസഹാരഹസ്യത്തിലേക്കു നമ്മെ നയിക്കുന്ന നോമ്പുകാലം വ്യക്തിപരവും സാമൂഹ്യവുമായ നവീകരണത്തിനു അനുയോജ്യമായ സമയമാണ്. 2022 ലെ നമ്മുടെ നോമ്പുകാലയാത്രയ്ക്ക് ഉപകരിക്കുംവിധം വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്കു നല്കിയ ആഹ്വാനം വിചിന്തനവിഷയമാക്കാം:*"നന്മ ചെയ്യുന്നതിൽ മടുപ്പുതോന്നാതിരിക്കട്ടെ. കാരണം, തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാം. ആകയാൽ, നമുക്ക് അവസരം (കയിറോസ്) ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും നന്മ ചെയ്യാം" (ഗലാ 6:9-10).*

### 1. വിതയ്ക്കുന്നതും കൊയ്യുന്നതും

യേശുവിനു പ്രിയങ്കരമായിരുന്ന വിതയ്ക്കലും കൊയ്യലും എന്ന ചിത്രം (മത്താ. 13 കാണുക) അപ്പസ്തോലൻ ഈ വാക്കുകളിൽ ഉപയോഗപ്പെടുത്തുന്നു. വിശുദ്ധ പൗലോസ് ഒരു അവസരത്തെക്കുറിച്ച് (കയിറോസ്) നമ്മോടു പറയുന്നു, അതായത്, ഭാവിയിലുണ്ടാകാനിരിക്കുന്ന ഒരു കൊയ്ത്തിനുവേണ്ടി തക്കസമയത്ത് നടത്തുന്ന ഒരു വിതയ്ക്കലിനെകുറിച്ച്. ഏതാണു നമ്മുടെ അവസരം? നോമ്പുകാലം തീർച്ചയായും അപ്രകാരമൊരു അവസരമാണ്; എന്നാൽ അതുപോലെതന്നെയാണ് നമ്മുടെ മുഴുവൻ അസ്തിത്വവും; നോമ്പുകാലം അതിന്റെ ഒരുതരത്തിലുള്ള ഒരു പ്രതിരൂപമാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ, അതിമോഹം, അഹങ്കാരം, സ്വന്തമാക്കാനും കുന്നുകൂട്ടാനും ഉപയോഗപ്പെടുത്താനുമുള്ള

താത്പര്യം എന്നിവ മേൽകൈ നേടാറുണ്ട്; സുവിശേഷത്തിലെ ഭോഷനായ മനുഷ്യന്റെ കഥപോലെയാണിത്; തന്റെ അറപ്പുര കളിൽ ശേഖരിച്ചുവച്ചിരുന്ന സമൃദ്ധകാലധാന്യവും വസ്തുക്ക ളുംവഴി തന്റെ ജീവിതം സ്വസ്ഥവും സുരക്ഷിതവുമാണെന്നു അയാൾ കരുതി (ലൂക്കാ 12:16-21 കാണുക). മാനസാന്തരത്തി ലേക്ക്, അഥവാ മനോഭാവവ്യത്യാസത്തിലേക്ക്, നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു; അങ്ങനെ ജീവിതത്തിന്റെ സത്യവും സൗന്ദര്യവും എന്നത് സ്വന്തമാക്കുന്നതിലുപരി നല്കുന്നതിലാ ണെന്നും, കുന്നുകൂട്ടുന്നതിലുപരി വിതയ്ക്കുന്നതിലും നന്മ പങ്കുവയ്ക്കുന്നതിലും ആണെന്നു നാം കണ്ടെത്തുന്നു.

ആദ്യം വിതയ്ക്കുന്നത് ദൈവം തന്നെയാണ്; അവിടന്ന് ഏറെ ഔദാര്യപൂർവം "മാനവകുടുംബത്തിൽ നന്മയുടെ വിത്തു കൾ സമൃദ്ധമായ തോതിൽ വിതച്ചുകൊണ്ടേയിരിക്കുന്നു" (Fratelli Tutti, 54). "സജീവവും ഊർജസ്വലവുമായ" (ഹെബ്ര 4:12) അവിടത്തെ വചനം സ്വീകരിച്ചുകൊണ്ട്, ദൈവത്തിന്റെ ദാനത്തോടു പ്രത്യുത്തരിക്കാൻ നോമ്പുകാലത്ത് നാം ക്ഷണി ക്കപ്പെട്ടിരിക്കുന്നു. നിരന്തരമുള്ള ദൈവവചനശ്രവണം നമ്മെ അവിടത്തെ പ്രവൃത്തിയോട് തുറവിയും വിധേയത്വവും പുലർത്താൻ ഇടവരുത്തുകയും (യാക്കോ 1:21 കാണുക) നമ്മുടെ ജീവിതങ്ങളിൽ ഫലം പുറപ്പെടുത്തുകയും ചെയ്യുന്നു. ഇതു നമുക്കു വലിയ സന്തോഷം കൊണ്ടുവരുന്നു; അതിലുപരി നമ്മെ ദൈവത്തിന്റെ സഹപ്രവർത്തകരാകാൻ ക്ഷണിക്കുന്നു (1 കോറി 3:9 കാണുക). വർത്തമാനകാലത്തെ നന്നായി പ്രയോജനപ്പെടുത്തിക്കൊണ്ട് (എഫേ 5:16 കാണുക), നമുക്ക് നന്മയുടെ വിത്തുകൾ വിതയ്ക്കാനാകും. നന്മയുടെ വിത്തു കൾ വിതയ്ക്കാനുള്ള വിളി ഒരു ഭാരമായി കണക്കാക്കാൻ പാടില്ല; അത് കൃപയാണ്; അതുവഴി സ്രഷ്ടാവ് തന്റെതന്നെ നിസ്സീമമായ നന്മയോട് സജീവമായി പങ്കുചേരാൻ നമ്മെ ക്ഷണിക്കുന്നു.

കൊയ്ത്തിനെകുറിച്ച് എന്താണ് പറയേണ്ടത്? കൊയ്ത്തിനുവേണ്ടിയല്ലേ നമ്മൾ വിത്തു വിതയ്ക്കുന്നത്? തീർച്ചയായും! വിതയ്ക്കലും കൊയ്ത്തും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് പൗലോസ് ഇപ്രകാരം പറയുന്നു: "അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; അധികം വിതയ്ക്കുന്നവൻ അധികം കൊയ്യും" (2 കോറി 9:6). എന്നാൽ ഏതുതരം കൊയ്ത്തിനെകുറിച്ചാണ് നാം സംസാരിക്കുന്നത്? നമ്മൾ വിതയ്ക്കുന്ന നന്മയുടെ ഒരു ആദ്യഫലം നമ്മിൽത്തന്നെയും നമ്മുടെ ദൈനംദിന ജീവിതങ്ങളിലും പ്രത്യക്ഷപ്പെടുന്നു, അതായത്, നമ്മുടെ ചെറിയ ദയയുടെ പ്രവൃത്തികളിൽ. ദൈവത്തിൽ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയും, അത് എത്ര ചെറുതായാലും, "ഔദാര്യപൂർവമായ ഒരു യത്നവും" ഒരിക്കലും നഷ്ടപ്പെടുകയില്ല (*Evangelii Gaudium, 279* കാണുക). ഒരു വൃക്ഷത്തെ അതിന്റെ ഫലങ്ങളിൽ നിന്നു നാം തിരിച്ചറിയുന്നതുപോലെ (മത്താ 7:16.20 കാണുക), നന്മപ്രവൃത്തികളാൽ നിറഞ്ഞ ഒരു ജീവിതം പ്രകാശം പ്രസരിപ്പിക്കുകയും (മത്താ 5:14-16 കാണുക) ക്രിസ്തുവിന്റെ സൗരഭ്യം ലോകത്തിലേക്കു സംവഹിക്കുകയും ചെയ്യുന്നു (2 കോറി 2:15 കാണുക). പാപത്തിൽനിന്നു മോചിതമായി ദൈവത്തെ ശുശ്രൂഷിക്കുന്നത് എല്ലാവരുടെയും രക്ഷയ്ക്കായുള്ള വിശുദ്ധീകരണത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു (റോമാ 6:22 കാണുക).

യഥാർഥത്തിൽ നമ്മൾ വിതയ്ക്കുന്നതിന്റെ ഒരു ചെറിയ അംശം മാത്രമാണ് നാം കാണുന്നത്; എന്തെന്നാൽ, സുവിശേഷത്തിലെ സുഭാഷിതമനുസരിച്ച്, "ഒരുവൻ വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു" (യോഹ 4:37). മറ്റുള്ളവരുടെ നന്മയ്ക്കായി നാം വിതയ്ക്കുമ്പോൾ, നാം ദൈവത്തിന്റെ ദയാപൂർവമായ സ്നേഹത്തിൽ പങ്കുചേരുന്നു: "നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകളുടെ നിഗൂഢ ശക്തിയിൽ പ്രത്യാശ വയ്ക്കുകയെന്നത് യഥാർത്ഥത്തിൽ ശ്രേഷ്ഠമായ കാര്യമാണ്; അങ്ങനെ

യാണ് മറ്റുള്ളവരാൽ ഫലം കൊയ്തെടുക്കപ്പെടുന്ന പ്രക്രിയകൾ ആരംഭിക്കുന്നതും" (Fratelli Tutti, 196). മറ്റുള്ളവരുടെമേൽ ഉന്നംവച്ചുള്ള നന്മയുടെ വിതയ്ക്കൽ ഇടുങ്ങിയ സ്വാർഥ താത്പര്യത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുന്നു; അത് നമ്മുടെ പ്രവൃത്തികളിൽ സൗജന്യഭാവം സന്നിവേശിപ്പിക്കുന്നു; അത് നമ്മെ ദൈവത്തിന്റെ ദയവായ്പ്പാർന്ന പദ്ധതിയുടെ പ്രൗഢോജ്ജ്വലമായ ചക്രവാളത്തിന്റെ ഭാഗഭാക്കാക്കുന്നു.

ദൈവവചനം നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും ഉയർത്തുകയും ചെയ്യും: യഥാർഥമായ കൊയ്ത്ത് യുഗാന്ത്യപരമാണെന്നു അത് നമ്മോടു പറയുന്നു; അതാണ് അസ്തമിക്കാത്ത ദിനത്തിലെ, അവസാനത്തെ കൊയ്ത്ത്. നമ്മുടെ ജീവിതങ്ങളുടെയും പ്രവൃത്തികളുടെയും പാകമായ ഫലം, "നിത്യജീവന്റെ ഫലമാണ്" (യോഹ 4:36); അത് നമ്മുടെ "സ്വർഗത്തിലുള്ള നിക്ഷേപമാണ്" (ലൂക്കാ 12: 33; 18:22). ഫലം പുറപ്പെടുവിക്കുന്നതിനായി നിലത്തുവീണ് അഴിയുന്ന വിത്തിനെകുറിച്ചുള്ള സൂചന തന്റെതന്നെ മരണത്തിന്റെയും ഉയിർപ്പിന്റെയും അടയാളമായി യേശുതന്നെയും ഉപയോഗപ്പെടുത്തുന്നുണ്ട് (യോഹ 12:24 കാണുക). വിശുദ്ധ പൗലോസാകട്ടെ, അതേ അടയാളം ശരീരങ്ങളുടെ ഉയിർപ്പിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ഉപയോഗിക്കുന്നു: "ഇപ്രകാരം തന്നെയാണ് മരിച്ചവരുടെ ഉത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, മഹത്ത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരം വിതയ്ക്കപ്പെടുന്നു, ആത്മീയശരീരം ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരമുണ്ടെങ്കിൽ, ആത്മീയശരീരവുമുണ്ട്" (1 കോറി 15:42-44). ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഉത്ഥിതനായ ക്രിസ്തു ലോകത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന വലിയ പ്രകാശം. എന്തെന്നാൽ, "ഈ ജീവിതത്തിനു വേണ്ടി മാത്രം ക്രിസ്തുവിൽ നാം പ്രത്യാശ വച്ചവരാണെങ്കിൽ,

നമ്മൾ എല്ലാ മനുഷ്യരെയുംകാൾ ദയനീയരത്രേ. എന്നാൽ നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു" (1 കോറി 15:19-20). അവനുമായി സ്നേഹത്താൽ അഭേദ്യമായി ഒന്നായിത്തീർന്നതുവഴി, "അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചെങ്കിൽ" (റോമാ 6:5), നിത്യജീവനുവേണ്ടിയുള്ള ഉയിർപ്പിലും നാം അവനോട് ഏകീഭവിച്ചിരിക്കും (യോഹ 5:29 കാണുക). "അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" (മത്താ 13:43).

**2. "നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പു തോന്നാതിരിക്കട്ടെ"**

ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ ഭൗമികമായ പ്രത്യാശകളോടൊപ്പം നിത്യജീവന്റെ "വലിയ പ്രത്യാശ"യെയും ചൈതന്യവത്താക്കുന്നു; അങ്ങനെ അത് നമ്മുടെ കാലത്തുതന്നെ രക്ഷയുടെ വിത്തുവിതയ്ക്കുന്നു (Benedict XVI, *Spe Salvi*, 3; 7). സ്വപ്നങ്ങൾ തകർക്കപ്പെട്ടതു വഴിയായുള്ള കടുത്ത ഇച്ഛാഭംഗം, നമ്മുടെ മുന്നിലുള്ള വെല്ലുവിളികളെകുറിച്ചുള്ള ഉത്കണ്ഠ, നമ്മുടെ കൈവശമുള്ള വിഭവങ്ങളുടെ ദുർഭിക്ഷംമൂലമുള്ള നിരുത്സാഹപ്പെടൽ എന്നിവ നമ്മെ സ്വാർഥകേന്ദ്രീയതയിൽ അഭയം തേടാനും അന്യരുടെ സഹനങ്ങളോട് നിസ്സംഗതയോടെ പെരുമാറാനുമുള്ള പ്രലോഭനം നമ്മിൽ ഉണർത്തിയെന്നുവരാം. എന്നാൽ നമ്മുടെ ഏറ്റവും നല്ല വിഭവശേഷിക്കുപോലും പരിമിതികൾ ഉണ്ടെന്നുള്ളതാണ് യഥാർഥ്യം: "യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റു വീഴാം" (ഏശ 40:30). എന്നാൽ ദൈവം "തളർന്നവന് ബലം നല്കുന്നു; ദുർബലനു ശക്തി പകരുകയും ചെയ്യുന്നു.... എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവൻ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല"(ഏശ 40:29,31). നമ്മുടെ വിശ്വാസവും പ്രത്യാശയും

കർത്താവിലർപ്പിക്കാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു (1 പത്രോ 1:21 കാണുക). എന്തെന്നാൽ, ഉത്ഥിതനായ ക്രിസ്തുവിൽ നമ്മുടെ ദൃഷ്ടി പതിപ്പിച്ചെങ്കിൽ മാത്രമേ (ഹെബ്രാ 12:2 കാണുക), "നന്മ ചെയ്യുന്നതിൽ നമുക്കു ഒരിക്കലും മടുപ്പുതോന്നാതിരിക്കാം" (ഗലാ 6:9) എന്ന അപ്പസ്തോലന്റെ ആഹ്വാനത്തിനു പ്രത്യുത്തരം നല്കാനാകൂ.

***പ്രാർത്ഥിക്കുന്നതിൽ നമുക്കു മടുപ്പു തോന്നാതിരിക്കട്ടെ.*** "ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം" (ലൂക്കാ 18:1) എന്ന് യേശു നമ്മെ പഠിപ്പിച്ചു. നമുക്കു പ്രാർത്ഥിക്കേണ്ടതുണ്ട്, കാരണം നമുക്കു ദൈവത്തെ ആവശ്യമുണ്ട്. നമുക്കു പരി നമുക്കു മറ്റൊന്നും കൊണ്ട് ആവശ്യമില്ല എന്ന് കരുതുന്നത് ഒരു അപകടകരമായ മിഥ്യാധാരണയാണ്. കോവിഡ്-19 മഹാമാരി നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ദൗർബല്യത്തെക്കുറിച്ചുള്ള ബോധം വർധിപ്പിച്ചെങ്കിൽ ഈ വർഷത്തെ തപസ്സുകാലം ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും അതു സംജാതമാക്കുന്ന സമാശ്വാസവും അനുഭവിക്കാൻ ഇടവരുത്തട്ടെ; അവിടത്തെക്കൂടാതെ നമുക്കു നിവർന്നു നില്ക്കാനാവില്ലല്ലോ (ഏശ 7:9 കാണുക)! ചരിത്രത്തിന്റെ കൊടുങ്കാറ്റുകൾക്കിടയിൽ നാമെല്ലാവരും ഒരേ വഞ്ചിയിൽ ആയിരിക്കയാൽ ഒരാളും ഒറ്റയ്ക്ക് രക്ഷ പ്രാപിക്കുകയില്ല; നിശ്ചയമായും ദൈവത്തെക്കൂടാതെ ഒരാളും രക്ഷ പ്രാപിക്കുകയുമില്ല; എന്തെന്നാൽ, യേശുക്രിസ്തുവിന്റെ പെസഹാരഹസ്യം മാത്രമാണ് മരണത്തിന്റെ ഇരുണ്ട ജലപ്രവാഹത്തിന്റെമേൽ വിജയം വരിക്കുന്നത്. യഥാർഥത്തിൽ ജീവിതത്തിന്റെ ഭാരങ്ങളിലും അനർഥങ്ങളിലുംനിന്നു വിശ്വാസം നമ്മെ ഒഴിവാക്കുന്നില്ല, എന്നാൽ ക്രിസ്തുവിൽ ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് അവ അഭിമുഖികരിക്കാൻ അത് നമ്മെ പ്രാപ്തരാക്കുന്നു; നമ്മെ നിരാശരാക്കാത്ത വലിയ പ്രത്യാശ വഴിയാണത്; അതിന്റെ അച്ചാരം പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ട ദൈവത്തിന്റെ സ്നേഹമാണ് (റോമ 5:15 കാണുക).

***നമ്മുടെ ജീവിതങ്ങളിൽനിന്നു തിന്മ ദുരീകരിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിക്കട്ടെ.*** നോമ്പുകാലം ആഹ്വാനം ചെയ്യുന്ന ശാരീരികമായ ഉപവാസം പാപത്തിനെതിരേയുള്ള നമ്മുടെ പോരാട്ടത്തിൽ നമ്മുടെ ആത്മാവിനെ ബലപ്പെടുത്തട്ടെ. ദൈവം ക്ഷമിക്കുന്നതിൽ ഒരിക്കലും ക്ഷീണിതനാകുന്നില്ല എന്നു അറിഞ്ഞുകൊണ്ട് പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശയിലൂടെ പാപപ്പൊറുതി ചോദിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. വിഷയാസക്തിക്കെതിരേ പൊരുതുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. ഈ ബലഹീനത സ്വാർഥതയെയും എല്ലാത്തരം തിന്മകളെയും പ്രോത്സാഹിപ്പിക്കുകയും സ്ത്രീപുരുഷന്മാരെ പാപത്തിലേക്കു നയിക്കാൻ ചരിത്രഗതിയിൽ വിവിധ രൂപങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു (Fratelli Tutti, 166 കാണുക). അതിലൊന്നാണ് ഡിജിറ്റൽ സമ്പർക്കമാധ്യമ ആസക്തി (digital media addiction); അത് മനുഷ്യബന്ധങ്ങളുടെ ശക്തി ക്ഷയിപ്പിക്കുന്നു. ഈ പ്രലോഭനങ്ങളെ ചെറുക്കാനും അവയ്ക്കുപകരമായി കൂടുതൽ സമഗ്രമായ ഒരു മാനുഷിക ആശയവിനിമയം നടത്താനും (Fratelli Tutti, 43 കാണുക), അങ്ങനെ മുഖാമുഖവും വ്യക്തികേന്ദ്രീകൃതവും "ആധികാരികവുമായ കണ്ടുമുട്ടലുകൾ" (Fratelli Tutti, 50 കാണുക) നടത്താനുമുള്ള ഒരു ഉത്തമമായ സമയമാണിത്.

***അയൽക്കാരനോട് സജീവസ്നേഹം പ്രകടിപ്പിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ.*** ഈ നോമ്പുകാലത്ത് സന്തോഷപൂർവം നല്കികൊണ്ട് നമുക്കു ദാനധർമ്മം പരിശീലിക്കാം (2 കോറി 9:7 കാണുക). "വിതക്കാരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്ന" (2 കോറി 9:10) ദൈവം നമുക്കു ഭക്ഷിക്കാൻ ആഹാരം മാത്രമല്ല നല്കുന്നത്, മറ്റുള്ളവർക്കു ഉദാരമായി നന്മ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. നന്മ വിതയ്ക്കാൻ നമുക്കു ജീവിതകാലം മുഴുവൻ ഉണ്ടെന്നുള്ളതു സത്യമാണെങ്കിലും, നമ്മോട് അടുത്ത് ബന്ധ

പ്പെട്ടിരിക്കുന്നവരെ പരിചരിക്കുന്നതിലും ജീവിതത്തിന്റെ വഴിയരികിൽ പരിക്കേറ്റവരായി കിടക്കുന്ന സഹോദരീസഹോദരന്മാരിലേക്കു എത്തിനില്കുന്നതിലും (ലൂക്കാ10, 25-37 കാണുക) ഈ തപസ്സുകാലം സവിശേഷ സമയമായി നമുക്കു പരിഗണിക്കാം. ആവശ്യങ്ങളിലിരിക്കുന്നവരെ ഒഴിവാക്കാനുള്ളതല്ല, മറിച്ച് കണ്ടെത്താനുള്ള അനുകൂലമായ സമയമാണ് നോമ്പുകാലം; അത് അവരെ അവഗണിക്കാനുള്ള നേരമല്ല, പ്രത്യുത അവരെ സഹതാപപൂർവ്വം കേൾക്കാനും അവർക്കു ഒരു നല്ലവാക്കു നല്കാനുമുള്ളതാണ്; ഏകാന്തതയനുഭവിക്കുന്നവരെ ഉപേക്ഷിക്കാനുള്ള സമയമല്ല, മറിച്ച് സന്ദർശിക്കാനുള്ള വേളയത്രേ. എല്ലാവർക്കുംവേണ്ടി നന്മ ചെയ്യാനുള്ള നമ്മുടെ വിളി നമുക്കു പരിശീലിക്കാം, അതായത്, ദരിദ്രരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും ഉപേക്ഷിക്കപ്പെട്ടവരെയും തിരസ്കൃതരെയും വിവേചിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സ്നേഹിക്കാനായി നമുക്കു സമയം കണ്ടെത്താം (Fratelli Tutti, 193 കാണുക).

**3. "നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ, തക്കസമയത്ത് നമുക്കു കൊയ്ത്തു നടത്താം".**

'നന്മ, അതോടൊപ്പം സ്നേഹം, നീതി, ഐക്യധാർഢ്യം എന്നിവ ഒറ്റയടിക്ക് നേടാവുന്നതല്ല; അവ ഓരോ ദിവസവും യാഥാർഥ്യമാക്കപ്പെടേണ്ടതാണ്" (Fratelli Tutti, 11) എന്നത് ഓരോ വർഷവും നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ സമയത്ത് ഓരോ പടിവെച്ച് നന്മ ചെയ്യുന്നതിൽ നിലനില്കുന്നതിൽ കൃഷിക്കാരന്റേതുപോലുള്ള ക്ഷമ ലഭിക്കാനായി (യാക്കോ 5:7 കാണുക) നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. നമ്മൾ വീണുപോകുന്നെങ്കിൽ, എപ്പോഴും നമ്മെ പിടിച്ചെഴുന്നേൽപ്പിക്കുന്ന പിതാവിന്റെ പക്കലേക്കു നമ്മുടെ കരം ഉയർത്താം. നമ്മൾ നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, ദൈവത്തിങ്കലേക്കു തിരികെ വരാൻ ശങ്കിക്കരുത്, കാരണം അവിടുന്ന് "മാപ്പു കൊടുക്കുന്നതിൽ ഉദാരമതിയാണ്" (ഏശ 55:7). മാനസാന്തരത്തിന്റെ ഈ കാലഘട്ടത്തിൽ ദൈവിക കൃപയാൽ പരി

പോഷിതരായി, സഭാ കൂട്ടായ്മയിൽ ചേർന്നുനിന്നുകൊണ്ട്, നന്മ ചെയ്യുന്നതിൽ നമുക്കു പരിക്ഷീണിതരാകാതിരിക്കാം. ഉപവാസത്താലാണ് നിലം ഒരുക്കപ്പെടുന്നത്, പ്രാർത്ഥനവഴി അത് നനയ്ക്കപ്പെടുകയും ഉപവിയാൽ സമ്പുഷ്ടമാക്കപ്പെടുകയും ചെയ്യുന്നു.

"നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ തക്കസമയത്ത് നമുക്കു കൊയ്ത്ത് നടത്താം" എന്നു നമുക്കു ഉറപ്പായി വിശ്വസിക്കാം. അതുപോലെതന്നെ നിലനില്പിന്റെ ദാനത്താൽ വാഗ്ദാനം ചെയ്യപ്പെട്ടത് നമുക്കു ലഭ്യമാകും എന്നും ( ഹെബ്രാ 10:36 കാണുക), അത് നമ്മുടെതന്നെയും മറ്റുള്ളവരുടെയും രക്ഷയ്ക്കും ആയിരിക്കും എന്നും (1 തിമോ 4:16 കാണുക) നമുക്കു വിശ്വസിക്കാം. എല്ലാവരോടും സഹോദരസ്നേഹം പാലിക്കുന്നതുവഴി നമുക്കുവേണ്ടി തന്റെ ജീവൻ നല്കിയ (2 കോറി 5:14-15 കാണുക) ക്രിസ്തുവുമായി നാം ഐക്യപ്പെടുന്നു; അങ്ങനെ, ദൈവം "എല്ലാറ്റിലും എല്ലാം ആകുംവിധം" (1 കോറി 15:28), സ്വർഗരാജ്യത്തിന്റെ സന്തോഷത്തിന്റെ മുന്നാസ്വാദനം നമുക്കു നല്കപ്പെടുകയും ചെയ്യുന്നു.

രക്ഷകനെ തന്റെ ഉദരത്തിൽ വഹിക്കുകയും, "എല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും" (ലൂക്കാ 2:19) ചെയ്ത കന്യകമറിയം ക്ഷമയുടെ ദാനം നമുക്കു വാങ്ങിത്തരുമാറാകട്ടെ. അവളുടെ മാതൃസഹജമായ സാന്നിധ്യംവഴി അവൾ നമ്മെ അനുയാത്ര ചെയ്യുമാറാകട്ടെ. അങ്ങനെ ഈ മാനസാന്തരത്തിന്റെ കാലം നിത്യരക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ.

2021 നവംബർ 11-ാംതീയതി മെത്രാനായ വിശുദ്ധ മാർട്ടിന്റെ സ്മരണാദിനത്തിൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദൈവാലയത്തിൽ നിന്നു നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*
*കൊച്ചി - 682 025*

# കച്ചേരിക്കാര്യം

## GENERAL TRANSFER & APPOINTMENTS - 2022

*with effect from Saturday 19 February 2022*

| No | Name | New Office, Residence & Place |
|---|---|---|
| 1. | Alanickal Joseph | Asst. Vicar, Kuravilangad Forane |
| 2. | Alappattukunnel Sebastian | Retired and Pastoral Assistant, Kizhathdiyoor |
| 3. | Ambatt Joseph | Vicar, Elappally |
| 4. | Ampazhathinal George | Vicar, Poozhikol |
| 5. | Ampazhathumkal George | Leave (Prayer & Study) |
| 6. | Ayallukunnel Thomas | Vicar, Mulakkulam |
| 7. | Chathankunnel George | Asst. Vicar, Mannarapara |
| 8. | Cheenothuparampil Joseph | Asst. Vicar, Koodallloor & MEd Study, MG University |
| 9. | Chengazhacheril Joseph | Asst. Vicar, Plassanal |
| 10. | Chollanal George | Vicar, Yendayar |
| 11. | Choorakkatt George (Jr) | Vicar, Jose Mount (Illiary) |
| 12. | Edathinal Francis | Vicar, Vimalagiri (Chakkikavu) |
| 13. | Edathumparampil Joseph | Vicar, Elanji Forane |
| 14. | Ellathuparampil Joseph | Senior Asst. Vicar, Aruvithura Forane & Language Study |
| 15. | Illimoottil Thomas | Vicar, Aimcomb |
| 16. | Kadankavil Mathew | Asst. Vicar, Kuravilangad Forane |
| 17. | Kakkaniyil Abraham | Asst. Vicar, Thudanganad Forane & MA Syriac Study in SEERI, Kottayam |

| | | |
|---|---|---|
| 18. | Kalappurackal Joseph | Vicar, Kurinji |
| 19. | Kallacheril Joseph | Pastoral Ministry in Sabarmathy Mission, Gujarat in the Eparchy of Shamshabad |
| 20. | Kandathikudilil Augustine | Vicar, Edadu & Doctoral Study in PVP Vadavathoor |
| 21. | Kaniyodickal Joseph | Syncellus, Eparchy of Palai (Offices: Managing Director (MD) of Mar Sleeva Medicity Palai, Syncellus in Charge of Mar Sleeva College of Nursing Cherpunkal, Holy Ghost Mission Hospital Muttuchira and ADARRT. |
| 22. | Kanjirathinkal Emmanuel | Asst. Vicar, Kuravilangad Forane |
| 23. | Kavanadimalayil Mathew | Vicar, Moonnilavu |
| 24. | Kizhakkekollithanam Thomas | Senior Asst. Vicar, Muttuchira Forane & Language Study |
| 25. | Kochodackal Thomas | Vicar, Nellapara |
| 26. | Kochukaippettiyil Cyriac | Vicar, Mannar (continue as Priest in Charge of Parish Software) |
| 27. | Kollithanathumalayil Abraham | Vicar, Muttuchira Forane |
| 28. | Koovalloor Joseph | Pastoral Ministry, Pala Mission in the Eparchy of Adilabad |
| 29. | Kottayil James | Resident Priest, Kuravilangad Forane |
| 30. | Kottayil Joseph | Vicar, Idamattam |
| 31. | Kottarathil George | Asst. Vicar, Nelliyani & MA Study in St. Thomas College Pala |

| | | |
|---|---|---|
| 32. | Kozhuppankutty Mani | Director, SMYM / KCYM |
| 33. | Kunnckatt Cherian (Joby) | Asst. Vicar, Kizhathidiyoor & Teaching in St. Mary's HSS, Pala (Lalam) |
| 34. | Kunnumpurath Paul | Asst. Vicar, Elanji Forane |
| 35. | Kurumuttath Joseph | Asst. Vicar, Sibigiri & BEd Study in Mylakkombu |
| 36. | Kuruvachira Joanny | Asst. Vicar, Kanjirathanam |
| 37. | Kuttarapallil John | Asst. Vicar, Kanjiramattam & MBA Study in Mar Sleeva Medicity Palai |
| 38. | Kuzhimullil Abraham | Asst. Vicar, Melukavumattam |
| 39. | Kuzhinjalil Jose | Asst. Vicar, Kuravilangad Forane |
| 40. | Malamackal Scaria | Bursar, BVM College Cherpunkal & Study MA Multi Media, BVM College Cherpunkal |
| 41. | Malayilputhenpura Thomas | Vicar, Udayagiri |
| 42. | Mamalasseril Tom Jose | Asst. Vicar, Kozhuvanal |
| 43. | Mampallikunnel Sebastian | Vicar, Kattampak |
| 44. | Mathilakath Mathew | Vicar,Ullanad |
| 45. | Mattam Kurian | Retired and Residence in Faculty House SJCET Choondacherry |
| 46. | Mecheril Augustine | Asst Vicar, Arakulam New |
| 47. | Menamparampil Scaria | Asst. Vicar, Lalam Old & MA Study in St. Thomas College Pala |
| 48. | Moolechalil George | Vicar, Lalam New |
| 49. | Moongamackal Vincent | Director, Jesus Youth & KCSL (continue as Director, ADARRT, Madhya Virutha Samithi, Saradhi & Prison Ministry) |

| | | |
|---|---|---|
| 50. | Mulanjanal Joseph | Vicar, Kadaplamattam |
| 51. | Mundackal Joseph | Relieved from Bursar BVM College Cherpunkal (continue as Vicar, Amparanirappel & Study MA Multi Media, BVM College Cherpunkal) |
| 52. | Muthanatt Joseph | Finance Officer, Eparchy of Palai |
| 53. | Mutholil Abin Cyriac O.Carm | Asst. Vicar, Thidanad |
| 54. | Mylaparampil Joseph | Vicar, Poovakulam |
| 55. | Naduthadam John | Asst. Vicar, Kalathoor |
| 56. | Naduthadam Sebastian | Retired & Pastoral Assistant, Aruvithura Forane |
| 57. | Naduviledam Paul | Leave & Residence in Vianney Priest Home, Muttuchira |
| 58. | Nellickatheruvil Jose | Vicar, Kurichithanam |
| 59. | Niravath George | Relieved from Special Confessor, Kuravilangad Forane & Residence in Vianney Priest Home, Muttuchira |
| 60. | Njaralakatt Philip | Relieved from Manager, Civil Service Institute and Director, Lumen Study Centre Pala (continue as Director, St. Joseph's Children's Home, Kummannoor) |
| 61. | Olayathil Thomas | Senior Asst. Vicar, Cherpunkal Forane & Study MA Multi Media, BVM College Cherpunkal (continue as Assistant Co-ordinator of the Internet Mission of the Eparchy) |

| | | |
|---|---|---|
| 62. | Pakkarampel Johnson | Asst. Vicar, Arunapuram & MA Study in St. Thomas College Pala |
| 63. | Palackattukunnel Mathew | Pastoral Ministry in Sabarmathy Mission, Gujrat in the Eparchy of Shamshabad |
| 64. | Panachickal Karottu James | Relieved from Director, KCSL (continue as Asst. Vicar Poovarany, Assistant Co-ordinator of the Internet Mission of the Eparchy & Study MA Multi Media, BVM College Cherpunkal) |
| 65. | Panthalanickal Mathew | Vicar, Kizhaparayar |
| 66. | Panthiruvelil Martin | Vicar, Varianikad |
| 67. | Paraplackal Augustine | Vicar, Palakad |
| 68. | Parekatt Emmanuel | Administrator & Chaplain, Kozhuvanal Mission Hospital (Additional) and Residence in Hospital Presbytery |
| 69. | Pezhumkattil Thomas | Secretary to Mar Jacob Muricken & Mar Joseph Pallikaparampil |
| 70. | Plathottam Thomas | Asst. Vicar, Peringulam |
| 71. | Poovathinkal Joseph | Retired & Residence in Mar Aprem Priest Home, Pala |
| 72. | Pulinthanathu Kuriakose | Vicar, Kaippally |
| 73. | Pulleettu Johnson | Administrator, St. Alphonsa Shrine Church & Pilgrim Centre, Bharananganam |
| 74. | Purakattuputhenpura John | Asst. Vicar, Pravithanam |
| 75. | Puthiyamattam John | Vicar, Vadakara |

| | | |
|---|---|---|
| 76. | Puthiyaparampil Jacob | Vicar, Poovathodu |
| 77. | Puthiyidath Joseph | Vicar, Valachira |
| 78. | Puthoor Sebastian | Vicar, Paika |
| 79. | Puthuparambil Thomas | Asst. Vicar, Kothanalloor Forane |
| 80. | Thadathil Joseph (Sr) | Vicar, Lalam Old |
| 81. | Thadathil Mathew | Vicar, Geovalley |
| 82. | Thadickaparampil Kuriakose | Manager, Green Valley Estate Koothrapally |
| 83. | Thannickapara Joseph | Asst. Vicar, Marangattupally & MA Syriac Study in SEERI, Kottayam |
| 84. | Thayil Mathew | Asst. Vicar, Vadakara |
| 85. | Thayil Thomas | Coordinator, MA Syriac Studies Private Registration in MG University & MA Syriac Study in SEERI, Kottayam and Residence in Shalom Pastoral Centre (continue as Asst. Director of INFAM, Asst. Director of Pravasi Apostolate, Secretary of Pala Dooth, Secretary of House of Wisdom of East Syriac, Director of Syriac Studies at Kummannoor and in charge of Liturgical Music (Funeral of Priests) |
| 86. | Thekkel Joseph | Vicar, Pizhaku |
| 87. | Thekkumcherikunnel Sebastian | Vicar, Xavierpuram |
| 88. | Thennattil Mathew | Asst. Vicar, Paika |
| 89. | Theruvil George | Vicar, Maniankunnu |

| | | |
|---|---|---|
| 90. | Thonakkara Antony | Asst. Vicar, Aruvithura Forane |
| 91. | Thottathil Joseph | Asst. Vicar, Koottickal Forane |
| 92. | Thudiamplackal Kuruvila | Vicar, Chakkampuzha |
| 93. | Vadakara Joseph | Vicar, Kaveekunnu |
| 94. | Vadakkethottiyil George | Asst. Director, PSWS & Residence in Industrial Estate, Karoor |
| 95. | Vadakkel Jacob | Rector, Good Shepherd Minor Seminary, Karoor |
| 96. | Valliara Arun MSFS | Asst. Vicar, Monipally |
| 97. | Vattappalam Devasiachan | Senior Asst. Vicar, Pala Cathedral & Teaching in St Sebstian's HSS, Kadanad |
| 98. | Vattappillil Joseph | Director, St. Joseph's Institute of Hotel Management & Catering Technology (SJIHMCT) Choondacherry and Warden & Residence in St. Alphonsa Hostel (continue as Vice Chancellor & Priest in Charge of Website of the Eparchy) |
| 99. | Vayalil James | Vicar, Kanjirathanam |
| 100. | Vazhacharickal Mathew | Asst. Vicar, Lalam Old |
| 101. | Vazhakalayil Antony | Asst. Vicar, Ramapuram Forane |
| 102. | Vazhayil Antony | Vicar, Vagamon |
| 103. | Vazhayil Thomas | Asst. Vicar, Cherpunkal Forane |
| 104. | Vellamaruthumkal Jacob | Director, Evangelization Programmes - Bible Convention, Retreat Preaching Teams, Kudumbakootayma and Charismatic Groups |

| | | |
|---|---|---|
| 105. | Vennayappillil Mathew | Asst. Vicar, Lalam New & BEd Study in St. Thomas College of Teacher Education Palai |
| 106. | Vettukattil Thomas | Vice Postulator, Cause of Blessed Kunjachan, Ramapuram |
| 107. | Vethanath Sebastian | Manager, Civil Service Institute & Director, Lumen Study Centre Arunapuram and Syncellus in Charge of St. Thomas Press & Deepanalam (continue as Syncellus in Charge of Shalom Pastoral Centre, Eparchial Organizations and Associations, Evagelization Programmes, PSWS, Ongoing Formation of Priests, Mar Aprem Seminary, Seminarians on Regency, Santhwana Institute of Counselling, Prayer Houses, Industrial Estate, Farmers Movement and Karshaka Bank.) |
| 108. | Chelackapallil Antony CRM | Relieved, Asst. Vicar Paika |
| 109. | Valimalayil Joseph CRM | Relieved, Asst.Vicar Vadakara |

Bishop's House, Palai **Fr. Jose Kakkallil**

13 February 2022 Chancellor, Eparchy of Palai

# മൈനർ സെമിനാരി പ്രവേശനം

ബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ **വെരി റവ.ഫാ. റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, പോണാട് – കരൂർ പി.ഒ, 686 574** എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ എസ്.എസ്.എൽ.സിയോ പ്ലസ്ടുവോ ഉപരിപരീക്ഷാ യോഗ്യതയുള്ളവരോ ആയിരിക്കണം. **സെമിനാരി പ്രവേശനത്തിന്റെ ഇന്റർവ്യൂ മെയ് മാസം 2–ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തുന്നു.**

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കന്മാരുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, വിദ്യാഭ്യാസയോഗ്യത, എസ്.എസ്.എൽ.സി. പ്ലസ്ടു പരീക്ഷകൾ എഴുതിയിരിക്കുന്നവരാണെങ്കിൽ ഹാൾ ടിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ള സൽസ്വഭാവികളായ യുവാക്കന്മാരെ ആവശ്യമായ നിർദേശങ്ങൾ നൽകി രൂപത മൈനർ സെമിനാരിയിൽ ചേരാൻ പ്രോത്സാഹിപ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 01.03.2022

# ദൈവവിളി ക്യാമ്പ് 2022

ബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതയിലെ കുട്ടികൾക്കായി ഒരു ദൈവവിളി ക്യാമ്പ് ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തുന്നു. എസ്.എസ്.എൽ.സി./ പ്ലസ്ടു പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരി യോഗ്യതയുള്ളവരും മൈനർ സെമിനാരിയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും സൽസ്വഭാവികളുമായ കുട്ടികളെ അതിലേക്ക് തിരഞ്ഞെടുത്ത് അയയ്ക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. **മാർച്ച് 27-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് പരിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30 ന് ക്യാമ്പ് അവസാനിക്കുന്നതായിരിക്കും.** അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജേക്കബ് വടക്കേൽ** (റെക്ടർ)

## സംഭാവനശേഖരണം

**വിശപ്പിനും രോഗത്തിനുമെതിരേ** നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും പിരിവ് നടത്തി കിട്ടുന്ന 2022 തുക ഏപ്രിൽ 30-ന് മുമ്പായി രൂപത പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

# ഫാമിലി അപ്പോസ്തലേറ്റ്, പാലാ രൂപത

# വിവാഹ ഒരുക്ക ധ്യാനം

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നേരിട്ട് നടത്തുന്ന വിവാഹ ഒരുക്ക ധ്യാനം പുനരാരംഭിക്കുകയാണ്. ഓൺലൈൻ ധ്യാനം ഇനി മുതൽ ഉണ്ടായിരിക്കുന്നതല്ല.

| വിവാഹ ഒരുക്ക ധ്യാനം നടത്തുന്ന തീയതികൾ | | |
|---|---|---|
| ഏപ്രിൽ 11-13<br>ഏപ്രിൽ 18-20 | മെയ് 2-4<br>മെയ് 23-25 | ജൂൺ 6-8<br>ജൂൺ 20-22 |

**വിവാഹ ഒരുക്ക ധ്യാനത്തിന്റെ പൊതുനിർദ്ദേശങ്ങൾ**

1. അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസറ്റ്യൂട്ടിൽ താമസിച്ച് പൂർണ്ണമായി പങ്കെടുക്കാൻ തയ്യാറുള്ളവർക്ക് മാത്രമേ ധ്യാനത്തിൽ പ്രവേശനം നൽകുകയുള്ളൂ.
2. കോഴ്സ് ഫീസ് 1500/- രൂപയാണ്. വിശദവിവരങ്ങൾക്ക് 8547150049 എന്ന നമ്പറിൽ Whatsapp ചെയ്യുകയോ നേരിട്ട് വിളിക്കുകയോ ചെയ്യുക.
3. ഓഫീസിൽ നേരിട്ട് വന്നോ സൈറ്റുവഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. നേരിട്ടു ബുക്ക് ചെയ്യുന്നവർ പാലാ ഷലോം പാസ്റ്ററൽ സെന്ററിലുള്ള ഫാമിലി അപ്പോസ്തലേറ്റിന്റെ ഓഫീസിൽ എത്തേണ്ടതാണ്. ഓഫീസിൽ ഞായറാഴ്ചകളിലും തിരുനാൾ ദിവസങ്ങളിലുമൊഴികെ മറ്റെല്ലാ ദിവസങ്ങളിലും കോഴ്സ് ബുക്കിങ് സ്വീകരിക്കുന്നതാണ്.
4. എല്ലാ ദിവസവും ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം ലഭിക്കുന്നതാണ്. www.familyapostolatepalai.in എന്ന Site ൽ കയറി രജിസ്ട്രേഷൻ നടത്തുക. സൈറ്റുവഴി രജിസ്റ്റർ ചെയ്യുന്നവർ രജിസ്ട്രേഷൻ നടത്തി Payment അടച്ച ശേഷം Reference നമ്പറോടുകൂടിയ Screenshot, Name, House Name, Parish, Phone Number, Course Date എന്നിവ Payment അടച്ച

ദിവസം തന്നെ 8547150049 എന്ന whatsapp ലേക്ക് അയച്ചു തരുക.

5. തക്കതായ കാരണങ്ങളാൽ നിങ്ങൾ ചെയ്ത ബുക്കിംഗ് റദ്ദാക്കേണ്ടി വന്നാൽ ധ്യാനം തുടങ്ങുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ അറിയിക്കേണ്ടതാണ്. അവർക്ക് ബുക്കിംഗ് ഫീസിന്റെ 80% തുക തിരികെ നൽകുന്നതാണ്. ബുക്ക് ചെയ്ത ധ്യാനത്തിൽ സംബന്ധിക്കാതെ ഇരുന്നാൽ അവർക്ക് ഫീസ് തിരികെ നൽകുന്നതല്ല.

**ഫാ. ജോസഫ് കുറ്റിയാങ്കൽ**
(ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്)

## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നോമ്പുകാല ഇടയലേഖനത്തിൽ (No. 66) തന്നിരിക്കുന്ന നിർദേശമനുസരിച്ച് നമ്മുടെ ഇടവകകളിൽ വാർഷിക ധ്യാനം നടത്തുന്നതിനായി രൂപത ഇവാഞ്ചലൈസേഷൻ ടീം സജ്ജമാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി ഇവാഞ്ചലൈസേഷൻ ഡയറക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കൽ അച്ചനുമായി ബന്ധപ്പെടുമല്ലോ. ഫോൺ : 8921095159, 9447682631.

ചുവടെ ചേർക്കുന്ന ഫോൺ നമ്പറുകൾ ശ്രദ്ധിക്കുമല്ലോ?
മോൺ. ജോസഫ് കണിയോടിക്കൽ
**9447850946, (P), 9188525940 (Office)**
ഫാ. പ്രൊക്യുറേറ്റർ **(Office) 8330048875**

## Civil Service Orientation Lab

സിവിൽ സർവീസ് രംഗത്തേക്ക് കുട്ടികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ 2022 ജനുവരി 08, ഫെബ്രുവരി 12 തീയതികളിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ സിവിൽ സർവീസ് ഓറിയന്റേഷൻ ലാബിൽ പാലാ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 200 കുട്ടികൾ പങ്കെടുത്തു. പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു 2022 ജനുവരി 08 ന് നടത്തിയ ഓറിയന്റേഷൻ ലാബ് ശ്രീ മാണി സി. കാപ്പൻ ഉദ്ഘാടനം ചെയ്തു. 2022 ഫെബ്രുവരി 12 ന് നടത്തിയ ഓറിയന്റേഷൻ ലാബ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പൽ ഡോ. വി.വി. ജോർജ്ജുകുട്ടി, അക്കാദമിക് കോർഡിനേറ്റർ ജുബിൻ ജെയിംസ്, ഡോ. അലക്സ് കാവുകാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു.

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**
സിഞ്ചെല്ലൂസ്

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | റ്റിഷ ബിബിൻ, മാനത്തൂർ | 50,000 | |
| 2 | അലക്സ്, മാൻവെട്ടം | 50,000 | |
| 3 | ബിനോയ് ജോർജ്, മാൻവെട്ടം | 50,000 | |
| 4 | സുധീഷ്, മാൻവെട്ടം | 50,000 | |
| 5 | സജിമോൻ റ്റി.ജെ, മാൻവെട്ടം | 50,000 | |
| 6 | ജിബി, കാട്ടാമ്പാക്ക് | | 1,168,000 |
| 7 | മേഴ്സി, കാട്ടാമ്പാക്ക് | | 1,020,000 |
| 8 | ഷൈജുമോൻ എം.എം, തിടനാട് | 40,000 | |
| 9 | ഉഷ ഇ.ജെ, ഏഴാച്ചേരി | 60,000 | |
| 10 | എൽസമ്മ, അന്ത്യാളം | 50,000 | |
| 11 | സോണിയ തോമസ്, ളാലം ഓൾഡ് | 200,000 | |
| 12 | മുത്ത്, കരൂർ (സി.എം.സി) | | 100,000 |
| 13 | മറിയാമ്മ, വാലാച്ചിറ (സി.എം.സി) | | 50,000 |
| 14 | സുനിൽകുമാർ, മേലമ്പാറ (സി.എം.സി) | | 50,000 |
| 15 | ലിസ്സി ജോർജ്, രാമപുരം (സി.എം.സി) | | 15,000 |
| 16 | ചിന്നമ്മ തോമസ്, പ്ലാശനാൽ (സി.എം.സി) | | 10,000 |
| 17 | ശശി ഇ.ജി, ഫാത്തിമാപുരം (സി.എം.സി) | | 25,000 |

## സാമ്പത്തിക സഹായം നൽകിയവർ

| | |
|---|---|
| കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി, പാലാ | 200,000 |

## സ്ഥലം നൽകിയവർ

| | |
|---|---|
| വി.ജെ മാത്യു വട്ടംകുഴി, കുറവിലങ്ങാട് | 10 സെന്റ് |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സമ്പൂർണ്ണ "ചൈൽഡ് ഡവലപ്മെന്റ് സെന്റർ"**

കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സമ്പൂർണ്ണ 'ചൈൽഡ് ഡവലപ്മെന്റ്സെന്റർ' മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ആരംഭിച്ചു. ആശുപത്രിയിൽ വച്ചു നടന്ന ചടങ്ങിൽ മാർ ജോസഫ് കല്ലറങ്ങാട്ട് ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. കുട്ടികളുടെ മാനസികവളർച്ച സംബന്ധിച്ച പ്രശ്നങ്ങൾ, നാഡീസംബന്ധമായ വ്യതിയാനങ്ങൾ, പഠനവൈകല്യങ്ങൾ, വളർച്ചാവൈകല്യങ്ങൾ തുടങ്ങി പലവിധ ബുദ്ധിമുട്ടുകൾക്കായി പ്രത്യേകം തെറാപ്പികളും ചികിത്സയുമാണ് മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ഒരുക്കിയിരിക്കുന്നത് എന്ന് അദ്ദേഹം ചടങ്ങിൽ പറഞ്ഞു.

**മാർ സ്ലീവാ മെഡിസിറ്റി പാലായുടെ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ഇനിമുതൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലും**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയും മാർ സ്ലീവാ മെഡിസിറ്റി പാലായും സംയുക്തമായി ആരംഭിക്കുന്ന സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ ഉദ്ഘാടനം മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ വച്ചു നടന്നു. ഓങ്കോളജി, യൂറോളജി എന്നീ വിഭാഗങ്ങളിലാണ് സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിച്ചത്. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ എല്ലാ ബുധനാഴ്ചകളിലും ഉച്ചകഴിഞ്ഞ് 4 മുതൽ 6 വരെയാണ് മാർ സ്ലീവാ മെഡിസിറ്റിയിലെ ഓങ്കോളജി വിഭാഗം കൺസൽട്ടന്റ് ഡോ. റോണി ബെൻസൺന്റെ സേവനം ഒരുക്കിയിരിക്കുന്നത്. അതോടൊപ്പം യൂറോളജി വിഭാഗം കൺസൽട്ടന്റ് ഡോ. ആൽവിൻ ജോസ്പിയുടെ സേവനം എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും വ്യാഴാഴ്ചകളിൽ വൈകുന്നേരം 4 മണി മുതൽ 6 വരെ ലഭ്യമാണ്.

**ഞായറാഴ്ചകളിലും ഒ.പി സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

എല്ലാ ഞായറാഴ്ചകളിലും എൻഡോക്രൈനോളജി, പ്ലാസ്റ്റിക് സർജറി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളുടെ ഒ.പി സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ. രാവിലെ 9 മുതൽ 3 വരെ എൻഡോക്രൈനോളജി, രാവിലെ 11 മുതൽ 1 വരെ, പ്ലാസ്റ്റിക് സർജറി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളുടെ സേവനവും ലഭ്യമാണ്.

**പാമ്പുകടിക്കുള്ള ആന്റിവെനം ചികിത്സയും ബോധവത്കരണ പരിപാടിയുമായി മാർ സ്ലീവാ മെഡിസിറ്റി പാലാ**

കോട്ടയം ജില്ലയിൽ പാമ്പുകടിയുമായി ബന്ധപ്പെട്ട സംഭവങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാന വനംവകുപ്പ്, മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം എന്നിവരുമായി സഹകരിച്ച് മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പാമ്പുകടിക്കുള്ള ആന്റിവെനം ചികിത്സയും ബോധവത്കരണപരിപാടികളും ആരംഭിച്ചു. കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ എൻ. രാജേഷ് IFS ഉദ്ഘാടനം ചെയ്ത ചടങ്ങിൽ മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിങ് ഡയറക്ടർ മോൺ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ, ശ്രീ പി.എസ്. ഷിനോ (പ്രൊജക്റ്റ് ഡയറക്ടർ - റൂറൽ ഡെവലപ്മെന്റ്, കോട്ടയം), ശ്രീ ഷെറീഫ് കെ.യു. (ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ളാലം), ഡോ. ജേക്കബ് ജോർജ് പി (മെഡിക്കൽ സൂപ്രണ്ടന്റ് - മാർ സ്ലീവാ മെഡിസിറ്റി പാലാ), ഡോ. ശ്രീജിത്ത് ആർ. നായർ (കൺസൾറ്റന്റ് - എമർജൻസി മെഡിസിൻ, മാർ സ്ലീവാ മെഡിസിറ്റി പാലാ) എന്നിവർ സന്നിഹിതരായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിങ് ഡയറക്ടർ മോൺ. അബ്രഹാം കൊല്ലിത്താനത്തുമലയിലിനു യാത്രയയപ്പു നൽകി**

മാർ സ്ലീവാ മെഡിസിറ്റി പാലായുടെ മാനേജിങ് ഡയറക്ടറായി 5 വർഷം സ്തുത്യർഹമായി സേവനമനുഷ്ഠിച്ച മോൺ. അബ്രഹാം കൊല്ലിത്താനത്തുമലയിലിന് മാർ സ്ലീവാ കുടുംബാംഗങ്ങൾ യാത്രയയപ്പു നൽകി. പാലാ രൂപതയിലെ മുതിർന്ന

വൈദികരിലൊരാളായ അദ്ദേഹം, മുട്ടുചിറ ഫൊറോനാ വികാരിയായാണ് സ്ഥലം മാറുന്നത്. 2017 ൽ മാർ സ്ലീവാ മെഡിസിറ്റി പാലായുടെ ആദ്യ മാനേജിങ് ഡയറക്ടറായി ചുമതലയേറ്റ അദ്ദേഹം ആശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങളിലും വളർച്ചയിലും പ്രധാന പങ്കുവഹിച്ചു.

5 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം മുട്ടുചിറ ഹോളി ഗോസ്റ്റ് ഫൊറോനാ വികാരിയായി ചുമതലയേൽക്കുന്ന അച്ചന് ആശുപത്രിയിലെ മറ്റു ഡയറക്ടേഴ്സും സ്റ്റാഫ് അംഗങ്ങളും യാത്രയയപ്പ് നൽകി. മോൺ. അബ്രഹാം കൊല്ലിത്താനത്തുമലയിലിനു പകരം മാർ സ്ലീവാ മെഡിസിറ്റി പാലായുടെ മാനേജിങ് ഡയറക്ടറായി മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ചുമതലയേറ്റു.

## New Doctors' list (February)

1. ഡോ. രാജ്കൃഷ്ണൻ സോമൻപിള്ള
   - കൺസൾട്ടന്റ്, പൾമണറി മെഡിസിൻ
2. ഡോ. പ്രജോബ് പ്രസാദ് ഗീവർഗ്ഗീസ്
   - കൺസൾട്ടന്റ്, ഗ്യാസ്ട്രോ എന്ററോളജി
3. ഡോ. ശ്രുതി ജേക്കബ്
   - റേഡിയോളജിസ്റ്റ്, റേഡിയോ ഡയഗ്നോസിസ് & ഇമേജിങ്
4. ഡോ. ജെയ്മി ഏബ്രഹാം - റേഡിയോളജിസ്റ്റ്
   - റേഡിയോ ഡയഗ്നോസിസ് & ഇമേജിങ്
5. ഡോ. അശ്വതി കെ.എൽ. - രജിസ്ട്രാർ, പീഡിയാട്രിക്സ്
6. ഡോ. ജെറിൻ ജിയോ ടോം - രജിസ്ട്രാർ, ഓർത്തോപീഡിക്സ്
7. ഡോ. അബ്രഹാം എം. വർഗ്ഗീസ് - ഹെമറ്റോളജി
   - ഹോണററി കൺസൾറ്റന്റ്

**മോൺ. ജോസഫ് കണിയോടിക്കൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**സ്ഥലം മാറ്റം**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ അഡ്മിനിസ്ട്രേറ്ററായി രണ്ടു വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത ഫാ. മാത്യു മതിലകത്ത് ഉള്ളനാട് വികാരിയായി സ്ഥലംമാറി.

**പുതിയ അഡ്മിനിസ്ട്രേറ്റർ**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ പുതിയ അഡ്മിനിസ്ട്രേറ്ററായി ഫാ. ജോൺസൻ പുള്ളീറ്റ് ചാർജെടുത്തു.

**യാത്രയയപ്പു നൽകി**

2021 ഒക്ടോബർ 1 മുതൽ തീർത്ഥാടനകേന്ദ്രത്തിൽ ഡീക്കൻ ശുശ്രൂഷ ചെയ്ത ഡീക്കൻ അലക്സ് വടശ്ശേരിൽ സി.ആർ.എം. നു യാത്രയയപ്പ് നൽകി. ഏപ്രിൽ 23 ന് തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന് എല്ലാ പ്രാർത്ഥനാശംസകളും നേർന്നു.

**ജപമാലപ്രദക്ഷിണം**

കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ജപമാലപ്രദക്ഷിണം പുനരാരംഭിച്ചു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1. പ്രഥമാധ്യാപകസമ്മേളനം**

2021 – 2022 വിശ്വാസപരിശീലനവർഷത്തെ മൂന്നാമത് പ്രഥമാധ്യാപകസമ്മേളനം 2022 ഫെബ്രുവരി 12 ശനിയാഴ്ച രാവിലെ 10 മണിക്ക് online ആയി

നടത്തി. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കുറ്റിയാനിക്കലച്ചൻ Orientation Talk നൽകി. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ നിർദ്ദേശങ്ങൾ നൽകുകയും ചർച്ച നയിക്കുകയും ചെയ്തു. രൂപത വിശ്വാസപരിശീലകസമൂഹത്തിൽനിന്നും മരണംവഴി വേർപെട്ടുപോയവരെ അനുസ്മരിച്ചു പ്രാർത്ഥന നടത്തി. വിശ്വാസ പരിശീലനകേന്ദ്രം രൂപത സെക്രട്ടറി ഡോ. ജോസ് ജയിംസ് കൃതജ്ഞത അർപ്പിച്ചു. ഉച്ചക്ക് 12 മണിയോടെ സമ്മേളനം അവസാനിച്ചു.

**2. ഡയറക്ടർമാരുടെ സഭാതലയോഗം**

സീറോ മലബാർ സഭയിലെ വിവിധ രൂപതകളിൽനിന്നുള്ള വിശ്വാസ പരിശീലന ഡയറക്ടർമാരുടെ യോഗം സഭയുടെ വിശ്വാസപരിശീലനകമ്മീഷന്റെ ആഭിമുഖ്യത്തിൽ 2022 ഫെബ്രുവരി 17 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് Online ആയി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ഈ യോഗത്തിൽ ആദ്യന്തം പങ്കെടുക്കുകയും അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**3. Online പരീക്ഷ രജിസ്ട്രേഷൻ**

ഈ വർഷം X, XI, XII ക്ലാസ്സുകളിലെ വാർഷികപരീക്ഷയ്ക്ക് Online രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിരുന്നു. പുതിയ രീതി പരിചയപ്പെടുത്തുന്നതിനുവേണ്ടി 2022 ഫെബ്രുവരി 18 വെള്ളിയാഴ്ച രാത്രി 9 മണിക്ക് പ്രഥമാധ്യാപകർക്കും സൺഡേസ്കൂൾ IT വിഭാഗം കൈകാര്യം ചെയ്യുന്നവർക്കുമായി ഒരു Online മീറ്റിംഗ് നടത്തി. പരീക്ഷയുടെ നടത്തിപ്പ് പുതിയ webportal ഉപയോഗിച്ചു എങ്ങനെ നടത്തണമെന്ന് ഈ സമ്മേളനത്തിൽ അധ്യാപകർക്കു വിശദീകരിച്ചു നൽകി. തുടർന്ന് 2022 ഫെബ്രുവരി 19, 20, 21 തീയതികളിലായി പരീക്ഷ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി.

**4. X, XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷ**

X, XI, XII ക്ലാസ്സുകളിലെ വാർഷികപരീക്ഷ 2022 ഫെബ്രുവരി 27 ഞായറാഴ്ച നടത്തപ്പെട്ടു. ഞായറാഴ്ച ഉച്ചകഴിഞ്ഞു 2 മുതൽ 4 വരെയുള്ള സമയത്തായിരുന്നു പരീക്ഷ. പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസുകൾ 2022 ഫെബ്രുവരി 26 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയുള്ള സമയത്ത് വിശ്വാസപരിശീലന കേന്ദ്രം ഓഫീസിൽനിന്നു വിതരണം ചെയ്തു. X, XII ക്ലാസ്സുകളിലെ ഉത്തര ക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി 2022 ഫെബ്രുവരി 28 തിങ്കളാഴ്ച വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിച്ചു.

**5. X , XII ക്ലാസ്സുകളിലെ അധ്യാപകസമ്മേളനങ്ങൾ**

X, XII ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ സമ്മേളനങ്ങൾ 2022 മാർച്ച് 6, 13 തീയതികളിലായി നടത്തുന്നതാണ്.

X-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം:
തീയതി : 2022 മാർച്ച് 6 ഞായർ
സമയം : 9 AM - 3 PM
സ്ഥലം : മാതൃഭവൻ, ഭരണങ്ങാനം

XII -ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം:
തീയതി : 2022 മാർച്ച് 13 ഞായർ
സമയം : 9 AM - 3 PM
സ്ഥലം : മാതൃഭവൻ, ഭരണങ്ങാനം

ഓരോ സൺഡേസ്കൂളിലും X, XII ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകരെ ഈ സമ്മേളനങ്ങളിൽ പങ്കെടുക്കുവാനായി പറഞ്ഞയ്ക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ സമ്മേളനങ്ങളിൽ വച്ച് X, XII ക്ലാസ്സുകളിലെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തുന്നതാണ്.

**6. I മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷ 2022 ഏപ്രിൽ 3 ഞായറാഴ്ച നടത്തുന്നതാണ്. പരീക്ഷാസമയം:

Std I - V : 11 AM - 1 PM

Std VI - IX : 2 PM - 4 PM

**7. വിശ്വാസോത്സവം**

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ രണ്ടു ഗ്രൂപ്പുകളായി തിരിച്ചാണ് വിശ്വാസോത്സവം നടത്തുന്നത്. X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്ക് മാർച്ച് മാസത്തിലെ ഞായറാഴ്ചകളിൽ വർക്കുബുക്കിനെ അടിസ്ഥാനമാക്കി വിശ്വാസോത്സവം നടത്തുന്നതാണ്. I മുതൽ IX വരെ ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസോത്സവം 2022 ഏപ്രിൽ 4 മുതൽ 9 വരെയുള്ള തീയതികളിലും നടത്തുന്നതാണ്. ഈ ദിവസങ്ങളിലെ വിശ്വാസോത്സവപരിപാടികൾ കോവിഡിനുമുൻപ് നാം നടത്തിയിരുന്നതുപോലെതന്നെ നടത്താൻ ഇടവകകളുടെ പ്രത്യേക സാഹചര്യങ്ങൾ വിലയിരുത്തി ബഹുമാനപ്പെട്ട വൈദികരും വിശ്വാസപരിശീലകരും മാതാപിതാക്കളും പരിശ്രമിക്കേണ്ടതാണ്. വിശ്വാസോത്സവത്തിന്റെ ഭാഗമായുള്ള വർക്കുബുക്കുകളിലെ പ്രവർത്തനങ്ങൾ എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾ നിർബന്ധമായും അതത് ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ മേൽനോട്ടത്തിൽ ഈ ദിനങ്ങളിൽ ചെയ്യേണ്ടതാണ്. ഈ വർഷം നാലാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്ക് പ്രഥമകുമ്പസാരവും തുടർന്നുള്ള കുർബാനസ്വീകരണവും നടത്തുന്നതിനുള്ള ഏറ്റവും അടുത്ത പരിശീലനം വിശ്വാസോത്സവദിനങ്ങളിൽ നൽകേണ്ടതാണ്. എല്ലാ ക്ലാസ്സുകളിലേയും വിശ്വാസോത്സവവർക്കുബുക്കുകൾ ഇപ്പോൾ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ലഭ്യമാണ്.

**8. സൗമാ റമ്പാ (വലിയ നോമ്പ്)**

വലിയ നോമ്പുകാലം ദൈവവചനധ്യാനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കാൻ കുട്ടികളെ സഹായിക്കുന്ന പ്രാർത്ഥനാകാർഡ് സൗമാ റമ്പാ എന്ന പേരിൽ നൽകി.

**9. ജൂബിലി മെഗാ ക്വിസ് 2022**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു CML രൂപത സമിതി ജൂബിലി മെഗാക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ,

സീനിയർ, സൂപ്പർ സീനിയർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 2022 മാർച്ച് 5, 12 തീയതികളിൽ രണ്ടു ഘട്ടമായിട്ടാണ് ഈ മത്സരം നടത്തുന്നത്. ഒന്നാംഘട്ടം ഗൂഗിൾ ഫോം ഉപയോഗിച്ച് ഓൺലൈൻ ആയിട്ടും അവസാനഘട്ടം ഭരണങ്ങാനം മാതൃഭവനിൽ വച്ചുമാണ് നടത്തുന്നത്. മത്സരത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ whatsapp ഗ്രൂപ്പുകളിലൂടെ നേരത്തെ നൽകിയിരുന്നത് ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ.

**10. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്രരംഗം**

സ്കൂൾ മതബോധനത്തിന്റെയും സന്മാർഗ്ഗശാസ്ത്രത്തിന്റെയും രണ്ടാം ടേം പരീക്ഷ 2022 മാർച്ച് 3, 4 തീയതികളിൽ ഓൺലൈൻ ആയി നടത്തുന്നതാണ്. പരീക്ഷക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ഇടയസന്ദർശനം**

**ഒന്നാംദിനം –** 2022 ഫെബ്രുവരി 22 ചൊവ്വാഴ്ച നാലുമണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെയും സെക്രട്ടറി അച്ചനെയും പാലാ മിഷനിൽ പുതിയതായി സേവനം ചെയ്യാനെത്തിയ ജോസഫ് കൂവള്ളൂർ അച്ചനെയും പാലാ രൂപതയിലെ 13 റീജൻസി ബ്രദേഴ്സിനെയും പാലാ മിഷനിലെ അച്ചന്മാർ രാമഗുണ്ടം റെയിൽവേ സ്റ്റേഷനിൽ സ്വീകരിച്ചു. നെന്നലിൽ എത്തി വിശുദ്ധ കുർബാനയർപ്പിച്ചു.

**രണ്ടാംദിനം –** 23 ബുധനാഴ്ച രാവിലെ നെന്നലിൽ വിശുദ്ധ കുർബാന അർപ്പിച്ചശേഷം കോനംപേട്ട പള്ളിയും മഠവും വില്ലേജും സന്ദർശിച്ചു. തുടർന്ന് മാന്നഗുഡം പള്ളിയും മഠവും വില്ലേജും സന്ദർശിച്ചു. ഒരു രോഗിയുടെ ഭവനം സന്ദർശിച്ച് പ്രാർത്ഥന നടത്തി. വൈകുന്നേരം കൊത്തഗുഡം മഠവും പള്ളിയും വില്ലേജിലെ വീടുകളും സന്ദർശിച്ച് പ്രാർത്ഥന നടത്തി. വൈകുന്നേരം അദിലാബാദ് രൂപതയിലെ പിതാവ് പ്രിൻസ് ആന്റണി, അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിക്കുകയും അദിലാബാദ് രൂപതയെകുറിച്ചും മിഷൻ പ്രവർത്തനത്തെക്കുറിച്ചും ബ്രദേഴ്സിന് ക്ലാസ്സ് നൽകുകയും ചെയ്തു.

**മൂന്നാംദിനം –** 2022 ഫെബ്രുവരി 24 വ്യാഴാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം ആവഡം മിഷൻ സ്റ്റേഷൻ സന്ദർശിച്ചു. തുടർന്ന് വെങ്കിട്ടപുരം സ്റ്റേഷനിലെ പള്ളിയും മഠവും സന്ദർശിച്ചു.

ഉച്ചകഴിഞ്ഞ് മൈലാരം മഠവും ഗൊല്ലപ്പള്ളി സ്റ്റേഷനിലെ പള്ളിയും മഠവും സന്ദർശിച്ചു. എല്ലാ സ്ഥലങ്ങളിലും വിശ്വാസികൾ അഭിവന്ദ്യ പിതാവിനെ സ്വീകരിക്കുവാൻ എത്തിയിരുന്നു.

**നാലാംദിനം –** 2022 ഫെബ്രുവരി 25 വെള്ളിയാഴ്ച വിശുദ്ധ കുർബാനമധ്യേ അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് ഒരു ശിശുവിന് പ്രാരംഭകൂദാശകൾ നൽകി. തുടർന്ന്

അദിലാബാദ് രൂപതയിലെ പുതിയ ധ്യാനകേന്ദ്രമായ "എഫാത്ത" സന്ദർശിച്ചു. അദിലാബാദ് രൂപതയിലെ മൈനർ സെമിനാരി സന്ദർശിക്കുകയും ബ്രദേഴ്സിന് പിതാവ് സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ബെല്ലംപള്ളിയിലുള്ള CMI പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. CMI മൈനർ സെമിനാരി ബ്രദേഴ്സിനെ സന്ദർശിച്ചു സംസാരിച്ചു.

**അഞ്ചാംദിനം** – 26 ശനിയാഴ്ച മഞ്ചേരിയാൽ അനുധാവനയിലുള്ള അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് പിതാവിനെ സന്ദർശിച്ചു. തുടർന്ന് മഞ്ചേരിയാൽ അദിലാബാദ് രൂപതാ ബിഷപ് ഹൗസ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് മഞ്ചേരിയാലുള്ള സിഎംസി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. വൈകുന്നേരം 5:30 രാമഗുണ്ടം റെയിൽവേ സ്റ്റേഷനിൽനിന്നു പാലായ്ക്ക് യാത്ര തിരിച്ചു. അദിലാബാദ് മിഷൻ സന്ദർശിച്ചു പ്രാർത്ഥിച്ച അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിനും സെക്രട്ടറി വട്ടമുകളേലച്ചനും റീജൻസി ബ്രദേഴ്സിനും പ്രത്യേകം നന്ദി.

**2. യാത്രാമംഗളങ്ങൾ**

പാലാ മിഷനിൽ നാലു വർഷം സേവനം ചെയ്തശേഷം വാഗമൺ പള്ളിയിലേക്ക് വികാരിയായി പോകുന്ന ആന്റണി വാഴയിൽ അച്ചനും കോനംപെട്ട, കൊത്തഗുഡം മഠങ്ങളിൽ 5 വർഷക്കാലം സേവനം ചെയ്തശേഷം ജനറലേറ്റിലേക്ക് സ്ഥലം മാറിപോകുന്ന സിസ്റ്റർ മരീനാ FDSHJ യ്ക്കും പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും ചേർന്ന് യാത്രാമംഗളങ്ങൾ ആശംസിച്ചു.

**3. സ്വാഗതം**

പാലാ മിഷനിലേക്ക് സേവനം ചെയ്യാനെത്തിയ ഫാ. ജോസഫ് കൂവള്ളൂരിന് സ്വാഗതം.

**4. എഫാത്ത ധ്യാനകേന്ദ്രം**

അദിലാബാദ് രൂപതയിലെ പുതിയ ധ്യാനകേന്ദ്രം ജനുവരി 6 ന് അപ്പസ്തോലിക് നുൺഷ്യോ ലിയപോൾഡ് ഗിരില്ലി ആശീർവദിച്ചു. വിശുദ്ധ കുർബാനയ്ക്കും വെഞ്ചരിപ്പിനും ആവശ്യമായ ലിറ്റർജി കാര്യങ്ങൾ മാത്യു പുതിയടത്ത് അച്ചന്റെ നേതൃത്വത്തിൽ പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും ചേർന്നു ചെയ്തു.

**5. നിയമനങ്ങൾ**

1. Fr. Joseph Pariyath, Priest in Charge, Good Shepherd Church, Gollapally
2. Fr. Francis Mattel, Priest in Charge, Infant Jesus Church, Konempet.
3. Fr. Joseph Koovalloor, Asst. Priest in Charge, St.Mother Theresa Church, Nennel.

**6. നന്ദി**

ഈ നാളുകളിൽ പാലാ മിഷനുവേണ്ടി പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായങ്ങൾ നൽകിയ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. യാത്രയയപ്പ്**

ഗുജറാത്ത് സബർമതി മിഷനിലെ തുടക്കക്കാരനും മണിനഗർ വി. കുര്യാക്കോസ് ഏലിയാസ് ദൈവാലയത്തിന്റെ വികാരിയുമായ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ തന്റെ മൂന്നര വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം പാലാ രൂപതാ ഇവാഞ്ചലൈസേഷൻ ഡയറക്ടറായി നിയമിതനായ പശ്ചാത്തലത്തിൽ ഗുജറാത്ത് റീജണിലെ മുഴുവൻ വൈദികരും വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിലിന്റെ നേതൃത്വത്തിൽ മനേജാ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ ഒന്നിച്ചുകൂടി അദ്ദേഹത്തിനു യാത്രാ മംഗളങ്ങൾ നേർന്നു.

**2. സ്വാഗതം**

ഗുജറാത്ത് സബർമതി മിഷനിലേക്ക് പുതുതായി വന്ന റവ. ഫാ. ജോസഫ് കല്ലാച്ചേരിയെയും റവ. ഫാ. മാത്യു പാലയ്ക്കാട്ടുകുന്നേലിനെയും അഹമ്മദാബാദ് റീജണിലെ വൈദികരെല്ലാവരും ചേർന്ന് അഹമ്മദാബാദ് സർദാർ വല്ലഭായി പട്ടേൽ വിമാനത്താവളത്തിൽ വച്ച് സ്വീകരിച്ചു.

**3. നിയമനങ്ങൾ**

a) റവ. ഫാ. മാത്യു വെങ്ങാലൂർ - വികാരി, സെന്റ് തോമസ് ചർച്ച്, അഹമ്മദാബാദ്

b) റവ. ഫാ. ജെയിംസ് മടിക്കാങ്കൽ- വികാരി, സെന്റ് കുര്യാക്കോസ് ഏലിയാസ് ചർച്ച്, മണിനഗർ.

c) റവ. ഫാ. മാത്യു പാലയ്ക്കാട്ടുകുന്നേൽ - വികാരി, സെന്റ് അൽഫോൻസാ ചർച്ച്, നവരംഗ്പുര

d) റവ. ഫാ. ജോസഫ് കല്ലാച്ചേരിൽ - സെന്റ് മേരീസ് ചർച്ച്, തൽത്തേജ്

**4. മാസധ്യാനം**

ഗുജറാത്ത് റീജണിലെ വൈദികരുടെ മാസധ്യാനം ഫെബ്രുവരി 10-ാം തീയതി മനേജാ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. പി.ഡി. മാത്യു S.J ധ്യാനചിന്തകൾ പങ്കുവച്ചു.

**മോൺ. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ഫെബ്രുവരി മാസത്തെ എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി 6 ഞായറാഴ്ച ഓൺലൈനായി നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട്

അവതരിപ്പിച്ചു. നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരും മാസങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**രൂപത മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാ മാനേജിംഗ് കമ്മിറ്റി 2022 ഫെബ്രുവരി 12 ശനിയാഴ്ച ഓൺലൈനായി നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി മനു ചെറുകാട്ടിൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. വൈസ് ഡയറക്ടർ സി. ദിവ്യ D.S.T., വൈസ് പ്രസിഡന്റ് ഐബി തോമസ്, ജന. ഓർഗനൈസർ ജോബി ആലയ്ക്കപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. രൂപതാസമിതി അംഗങ്ങളും മേഖലാഭാരവാഹികളും ഈ മാനേജിംഗ് കമ്മിറ്റിയിൽ സംബന്ധിച്ചു.

**സുകൃതവാരം**

ചെറുപുഷ്പ മിഷൻലീഗ് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 2022 ഫെബ്രുവരി 13 മുതൽ 20 വരെ സുകൃതവാരമായി ആചരിച്ചു. രൂപത, മേഖല, ശാഖാതലങ്ങളിൽ ഭാരവാഹികൾ നേതൃത്വം നൽകി.

**ജൂബിലി മെഗാ ക്വിസ് 2022**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 05,12 തീയതികളിലായി ജൂബിലി മെഗാ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. മത്സരം രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടത്തുന്നത്. ആദ്യഘട്ട മത്സരം 2022 മാർച്ച് 05 ശനിയാഴ്ച രാത്രി 8.30 ന് ഗൂഗിൾ ഫോം വഴി നടത്തും. മത്സരത്തിനുള്ള ലിങ്ക് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ വാട്സാപ്പ് ഗ്രൂപ്പുകൾ വഴി നൽകുന്നതാണ്. അവസാനഘട്ട മത്സരം 2022 മാർച്ച് 12 ശനിയാഴ്ച രാവിലെ 9.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗും യാത്രയയപ്പു സമ്മേളനവും**

ജനുവരി 12 ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസിഡന്റ് ജിജോ മാത്യൂവിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കഴിഞ്ഞ ഒരു വർഷക്കാലം കോവിഡ് പ്രതിസന്ധിയിലും കെ. സി. എസ്. എൽ നെ ധീരമായി മുന്നോട്ടു നയിച്ച ജീമോനച്ചന് യാത്രാമംഗളങ്ങൾ ആശംസിക്കാനായി കൂടിയ മീറ്റിംഗിൽ എക്സിക്യൂട്ടീവ് അംഗം ശ്രീമതി പ്രിറ്റി അഗസ്റ്റിൻ സ്വാഗതം ആശംസിച്ചു. കെ. സി. എസ്. എൽ ന്റെ രക്ഷാധികാരി കോർപ്പറേറ്റ് സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം മീറ്റിംഗിൽ സന്നിഹിതനായിരുന്നു. കോവിഡ് പശ്ചാത്തലത്തിലും ജീമോനച്ചൻ കെ. സി. എസ്. എൽ നുവേണ്ടി ചെയ്ത വ്യത്യസ്തമായ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ട കാര്യമാണെന്നും അച്ചൻ ആശംസാപ്രസംഗത്തിൽ പറഞ്ഞു. കെ. സി.

എസ്. എൽ ന്റെ പുതിയ ഡയറക്ടറായി നിയമിതനായ ഫാ. വിൻസെന്റ് മൂങ്ങാമാക്കലും മീറ്റിംഗിൽ സന്നിഹിതനായിരുന്നു. ജനറൽ ഓർഗനൈസർ ശ്രീ എബി ജോസ്, പ്രസിഡന്റ് ശ്രീ ജിജോ മാത്യു, എക്സിക്യൂട്ടീവംഗം ശ്രീമതി ആഷ്‌ലി ടെസ്സ് ജോൺ തുടങ്ങിയവർ അച്ചന് പ്രാർത്ഥനാശംസകൾ നേർന്ന് സംസാരിച്ചു.

**പുതിയ ഡയറക്ടറച്ചന് സ്വാഗതം**

കെ. സി. എസ്. എൽ ന്റെ പുതിയ ഡയറക്ടറായി നിയമിതനായ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന് പ്രസിഡന്റ് ശ്രീ ജിജോ മാത്യു പൂച്ചെണ്ട് നൽകി സ്വാഗതം ചെയ്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും ഹൃദ്യമായ സ്വാഗതം ആശംസിക്കുകയും ടീച്ചേഴ്സിന്റെ സേവനവും സഹകരണവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**അശാസ്ത്രീയമായ ലോക്ഡൗണിന് എതിരേ നിവേദനം സമർപ്പിച്ചു.**

ക്രൈസ്തവരുടെ വിശുദ്ധ ദിനമായ ഞായറാഴ്ചകളിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് മതപരമായ ചടങ്ങുകൾ നടത്താൻ സാധിക്കാത്ത അശാസ്ത്രീയമായ ലോക്ഡൗൺ നടപടികൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഹ്വാനപ്രകാരം കോട്ടയം ജില്ലയിലെ മൂന്ന് റീത്തുകളിലുംപെട്ട രൂപതാസമിതികൾ ഒന്നുചേർന്ന് ഫെബ്രുവരി 4 ന് കോട്ടയം ജില്ലാ കളക്ടർക്ക് നിവേദനം സമർപ്പിച്ചു. ഒന്നടങ്കമുള്ള പ്രതിഷേധങ്ങളുടെയും സമ്മർദ്ദങ്ങളുടെയും ഫലമായി കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഞായറാഴ്ചകളിൽ ആരാധനാലയങ്ങളിൽ ആചാരാനുഷ്ഠാനങ്ങൾക്ക് അനുമതി ലഭിച്ചു. രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, വൈസ് പ്രസിഡന്റ് റിന്റു റെജി എന്നിവർ പങ്കെടുത്തു.

**ക്ലാസ് നയിച്ചു**

ഫെബ്രുവരി ആറാം തീയതി ഞായറാഴ്ച കുറവിലങ്ങാട് ഫൊറോനയിൽ രൂപതാ ഡയറക്ടർ ബഹു. സിറിൽ തയ്യിലച്ചൻ 'പ്രസ്ഥാനത്തെ അറിയാൻ' എന്ന ക്ലാസ് നയിച്ചു.

**മൂന്നു നോമ്പാചരണം**

മാർത്തോമ്മാനസ്രാണി സുറിയാനിസഭയുടെ അനന്യമായ ഒരു പാരമ്പര്യമാണ് വലിയനോമ്പാചരണത്തിന് 18 ദിവസം മുമ്പുള്ള മൂന്നുനോമ്പാചരണം. എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവജനങ്ങൾ ഫെബ്രുവരി 7,8,9 ദിവസങ്ങളിലെ മൂന്നുനോമ്പാചരണം ഭക്ത്യാദരവുകളോടെ ആചരിച്ചു. മൂന്ന് ദിവസങ്ങളിലും യുവജനങ്ങൾ നോമ്പനുഷ്ഠിക്കുകയും അവരവരുടെ ഇടവകപ്പള്ളികളിൽ യൂണിറ്റ്/ഫൊറോന തലത്തിൽ ഒത്തുചേർന്ന് റംശാ പ്രാർത്ഥന നടത്തുകയും ചെയ്തു. രൂപതാസമിതി പാലാ രൂപതയിലെ പ്രധാന ദൈവാലയമായ

കുറവിലങ്ങാട് പള്ളിയിൽ മൂന്നു നോമ്പ് തിരുനാളിനോടനുബന്ധിച്ചു സന്ദർശനം നടത്തുകയും പ്രാർത്ഥനയിൽ പങ്കുചേരുകയും ചെയ്തു. പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, വൈസ് പ്രസിഡന്റ് റിന്റു റെജി, മറ്റ് രൂപതാഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. പാലാ ഫൊറോനയിൽ ളാലം പുത്തൻപള്ളിയിൽ മൂന്നുനോമ്പിനോടനുബന്ധിച്ചു നടന്ന റംശാ നമസ്കാരത്തിൽ രൂപത ഡയറക്ടർ പങ്കെടുത്തു.

**കെ.സി.വൈ.എം. സംയുക്ത സിൻഡിക്കേറ്റും അധികാരകൈമാറ്റവും**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ 2022 വർഷത്തെ സംയുക്ത സിൻഡിക്കേറ്റും അധികാര കൈമാറ്റവും ഫെബ്രുവരി 12-ാം തീയതി കളമശ്ശേരി സെന്റ് ജൂഡ് മലങ്കര കത്തോലിക്ക ദൈവലയത്തിൽ വച്ച് നടന്നു. കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ റൈറ്റ് റവ. ഡോ. ആർ. ക്രിസ്തുദാസ് സമ്മേളനം ഉദ്ഘാനം ചെയ്തു. യോഗത്തിൽ 2021 വർഷത്തെ പ്രസിഡന്റ് ശ്രീ എഡ്വേർഡ് രാജു, പുതിയ പ്രസിഡന്റ് ശ്രീ ഷിജോ ഇടയാടിയിലിനു കൈമാറി അധികാരകൈമാറ്റം നിർവഹിച്ചു. വിവിധ കർമപരിപാടികൾക്ക് യോഗം രൂപം നൽകി. പാലാ രൂപതയെ പ്രതിനിധീകരിച്ച് സിൻഡിക്കേറ്റ് അംഗങ്ങളായ ടോണി ജോസഫ്, മെറിൻ തോമസ് എന്നിവർ പങ്കെടുത്തു.

**ഭവനവെഞ്ചെരിപ്പ്**

കാട്ടാമ്പാക്ക് യൂണിറ്റ് നിർമ്മിച്ച രണ്ടാമത്തെ വീടിന്റെ വെഞ്ചെരിപ്പ് നടന്നു. ഫെബ്രുവരി 11 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് നാലു മണിക്ക് കാട്ടാമ്പാക്ക് യൂണിറ്റ് മുൻകൈയെടുത്തു നിർമ്മിച്ച രണ്ടാമത്തെയും പാലാ രൂപത ഹോം പാലാ പ്രോജക്ടിലെ 465-ാമത്തെയും വീടിന്റെ ആശീർവാദകർമം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. വികാരി ഫാ. ജോബി കുന്നക്കാട്ട്, രൂപതാ ഡയറക്ടർ ഫാ. സിറിൽ തോമസ് തയ്യിൽ, മുൻ രൂപതാ പ്രസിഡന്റ് ശ്രീ ബിബിൻ ചാമക്കാലയിൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**പ്രവർത്തനവർഷ ഉദ്ഘാടനവും സത്യപ്രതിജ്ഞയും**

എസ്.എം.വൈ.എം. പാലാ രൂപതയുടെ 2022 പ്രവർത്തനവർഷ ഉദ്ഘാടനം പാലാ കിഴതടിയൂർ പള്ളി പാരിഷ് ഹാളിൽ വച്ച് ഫെബ്രുവരി 18-ാം തീയതി കെ.സി.വൈ.എം. സംസ്ഥാന ട്രഷറർ ലിനു വി. ഡേവിഡ് നിർവഹിച്ചു. ക്രൈസ്തവ ഐക്യം യുവജനപ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യമാകണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യോഗത്തിൽ 2021 വർഷത്തെ രൂപതാഭാരവാഹികളെ ആദരിച്ചു. 2022 പ്രവർത്തനവർഷത്തെ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു. കെ.സി.വൈ.എം. സംസ്ഥാനസമിതി നടത്തിയ കലോത്സവത്തിൽ സമ്മാനാർഹനായവരെ ഉപഹാരം നൽകി ആദരിച്ചു. രൂപത പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്., ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, വൈസ് പ്രസിഡന്റ് റിന്റു റെജി, മുൻ രൂപതാ ജനറൽ സെക്രട്ടറി ഫാ. ബിജോ മാത്യു ചീനോത്തുപറമ്പിൽ, മുൻ പ്രസിഡന്റ് അഡ്വ. സാം സണ്ണി തുടങ്ങിയവർ പ്രസംഗിച്ചു.

**യാത്രയയപ്പു സമ്മേളനം**

കഴിഞ്ഞ മൂന്നു വർഷക്കാലം എസ്.എം.വൈ.എം. ന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു പടിയിറങ്ങുന്ന ബഹു. ഫാ. സിറിൽ തയ്യിലിന് എസ്.എം.വൈ.എം. പാലാ രൂപതാസമിതി യാത്രയയപ്പു നൽകി. ഫെബ്രുവരി 18-ാം തീയതി പാലാ കിഴതടിയൂർ പള്ളി പാരിഷ് ഹാളിൽ വച്ചു നടന്ന യാത്രയയപ്പു സമ്മേളനത്തിൽ സി. ജോസ്മിത എസ്.എം.എസ്. (ജോ. ഡയറക്ടർ), ശ്രീ ജോസഫ് സെബാസ്റ്റ്യൻ (രൂപത പ്രസിഡന്റ്), ശ്രീ സാം സണ്ണി (മുൻ രൂപത പ്രസിഡന്റ്), ശ്രീ ബിബിൻ ബെന്നി (മുൻ രൂപത പ്രസിഡന്റ്), മുൻ രൂപതാസമിതി അംഗങ്ങൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**പുതിയ രൂപത ഡയറക്ടർക്കു സ്വീകരണം**

എസ്.എം.വൈ.എം. പാലാ രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായ ഫാ. മാണി കൊഴുപ്പൻകുറ്റിക്കു സ്വീകരണം നൽകി. രാമപുരം ഇടവകയിൽനിന്ന് വെരി. റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെ നേതൃത്വത്തിൽ വൈദികരും യുവാക്കളും അടങ്ങുന്ന സംഘം അച്ചനെ അനുഗമിച്ചു. ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലിന്റെയും മറ്റു ബഹു. വൈദികരുടെയും ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും അല്മായരുടെയും യുവതീയുവാക്കളുടെയും നേതൃത്വത്തിൽ അച്ചനു സ്വീകരണം നൽകി.

**പെൻഷൻ പ്രായം ഉയർത്താനുള്ള സർക്കാർ നീക്കം പിൻവലിക്കുക.**

പെൻഷൻ പ്രായം ഉയർത്താനുള്ള നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരളമുഖ്യമന്ത്രിക്കും ധനകാര്യ മന്ത്രിക്കും പ്രതിപക്ഷ നേതാവിനും എസ്.എം.വൈ.എം. പാലാ രൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ നിവേദനം സമർപ്പിച്ചു. രൂപത പ്രസിഡന്റ്, മറ്റു രൂപതാ ഭാരവാഹികൾ പരിപാടിക്കു നേതൃത്വം നൽകി.

**വൈ.എ.റ്റി.പി.**

29-ാമത് വൈ.എ.റ്റി.പി. ബാച്ച് ഉടൻ ആരംഭിക്കുന്നു. ക്ലാസ്സുകൾ നേരത്തേതന്നെ ക്രമീകരിക്കേണ്ടതുണ്ട്. ആയതിനാൽ, പങ്കെടുക്കാൻ താത്പര്യമുള്ളവർ വെബ്സൈറ്റിലുള്ള വൈ.എ.റ്റി.പി. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് രൂപത ഓഫീസിൽ നൽകുക. കോഴ്സ് ഫീസ് 2000/-

**യൂണിറ്റ് രജിസ്ട്രേഷൻ**

എസ്.എം.വൈ.എം. 2022 പ്രവർത്തനവർഷത്തിൽ പാലാ രൂപതയിൽ ഇനിയും യൂണിറ്റ്, അംഗത്വ രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റുകൾ എത്രയും വേഗം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ**

പാലാ രൂപത ഗുഡ് സമരിറ്റൻ കോവിഡ് ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ എസ്.എം.വൈ.എം. യുവാക്കൾ കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ നടത്തിവരുന്നു.

**ബ്ലഡ് ഡൊണേഷൻ**

ആവശ്യക്കാർ വിളിക്കുന്നതനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തിവരുന്നു.

**വിഭൂതി തിരുനാളിന് ഒരുക്കമായി പുറത്തുനമസ്കാരം**

പാലാ രൂപതയുടെയും പാലാ ഫൊറോനയുടെയും കിഴതടിയൂർ യൂണിറ്റിന്റെയും സംയുക്തമായ നേതൃത്വത്തിൽ ഫെബ്രുവരി 27 ഞായർ വൈകുന്നേരം 6.30 ന് കിഴതടിയൂർ സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് പുറത്തുനമസ്കാരം നടത്തി. മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ മുഖ്യകാർമികത്വത്തിൽ പുറത്തുനമസ്കാരം നടത്തപ്പെട്ടു. പാലാ രൂപതയിലെ യുവജനങ്ങൾ രൂപത ഡയറക്ടറച്ചനോടൊപ്പം പങ്കെടുത്തു.

**കെ.സി.വൈ.എം. സംസ്ഥാന സമിതി കർമപദ്ധതി പ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ 2022 പ്രവർത്തനവർഷത്തെ കർമപദ്ധതി പ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും ഫെബ്രുവരി 27 ഞായർ 2.30 ന് ക്രിസ്തുരാജ് ചർച്ച്, ഏറ്റുമാനൂരിൽ വച്ച് ചങ്ങനാശേരി അതിരൂപതയുടെ ആതിഥേയത്തിൽ നടത്തപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടിയിൽ അധ്യക്ഷത വഹിച്ച യോഗം ശ്രീ തോമസ് ചാഴികാടൻ എം.പി. ഉദ്ഘാടനം ചെയ്തു. മീറ്റിംഗിൽ പാലാ രൂപതയിൽനിന്ന് 25 യുവജനങ്ങൾ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. ജീസസ് യൂത്ത് കൗൺസിൽ**

ജീസസ് യൂത്തിന്റെ കൗൺസിൽ സമ്മേളനം ഫെബ്രുവരി 12 ന് ശാലോമിൽ ചേർന്നു. രൂപതാ ഡയറക്ടർമാർ ചുമതല മാറുന്ന പശ്ചാത്തലത്തിൽ ഫാ. കുര്യൻ മറ്റത്തിന്റെയും ഫാ. സിറിൽ തയ്യിലിന്റെയും നേതൃത്വത്തിൽ ജീസസ് യൂത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. സിറിൽ തയ്യിൽ സമാപനസന്ദേശം നൽകി. സ്നേഹവിരുന്നോടെ കൂട്ടായ്മ സമാപിച്ചു.

**2. വെരിത്താസ് പ്രോഗ്രാം**

കോളജ് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിവരുന്ന വെരിത്താസ് പ്രോഗ്രാം ഫെബ്രുവരി 11,12,13 തീയതികളിൽ ഓൺലൈനായി നടത്തപ്പെട്ടു. ബിഷപ് മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം നിർവഹിച്ചു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവർ ഓരോ ദിവസവും സന്ദേശങ്ങൾ നല്കി. ഫാ. തോമസ് കാഞ്ഞിരത്താനം OFM Cap., ഫാ. ഷോജി വെച്ചൂച്ചിറ (KJYC Chaplain), മേരി നീതു എന്നിവർ മുഖ്യക്ലാസുകൾ നയിച്ചു. ആൽഫിൻ ബെന്നി, റിച്ചു ലിസ് റോയി, എവുജിൻ ഇമ്മാനുവൽ (Vox Christi Band) എന്നിവർ സാക്ഷ്യങ്ങൾ നല്കി. ജനറൽ കോർഡിനേറ്റർ ജേക്കബ് മാത്യു, പ്രോഗ്രാം കോർഡിനേ

റ്റർ ജേക്കബ് മാത്യു, പ്രോഗ്രാം കോർഡിനേറ്റർ ഷാനിമോൾ ജേക്കബ്, മദ്ധ്യസ്ഥ പ്രാർത്ഥനാ കോർഡിനേറ്റർ നവീൻ ജോസ്, കാമ്പസ് കോർഡിനേറ്റർ, സിജോ ജോസഫ്, ഷാലു സുബാഷ്, ആനിമേറ്റർ സി. ലിസ് മരിയ സി.എം.സി എന്നിവർ പ്രോഗ്രാമിനു നേതൃത്വം നല്കി.

**3. സിസ്റ്റേഴ്സിനുവേണ്ടി വെബിനാർ**

പാലാ സി.എം.സി. കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സിനുവേണ്ടി ഒരു ഓൺലൈൻ പ്രോഗ്രാം ഫെബ്രുവരി 7 ന് നടത്തപ്പെട്ടു. യുവജനങ്ങൾക്കുവേണ്ടി അവരോടൊപ്പം പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പ്രചോദനാത്മകമായ ക്ലാസ് ഫാ. കുര്യൻ മറ്റം നല്കി. സി. പവിത്ര സി.എം.സി. സ്വാഗതവും സി. എയ്ഞ്ചൽ സി.എം.സി. നന്ദിയും അർപ്പിച്ചു.

**4. ഫാമിലി സ്ട്രീം കൂട്ടായ്മ**

ജീസസ് യൂത്ത് ഫാമിലി സ്ട്രീം കൂട്ടായ്മ ഫെബ്രുവരി 17 ന് പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ ചേർന്നു. കോർഡിനേറ്റർ മാത്യു എം. കുര്യാക്കോസ്, ആഷ്‌ലി ജോൺ, ജോസ് മാത്യു, സൗമ്യ ജോസ് എന്നിവർ നേതൃത്വം കൊടുത്തു. ഓരോ സ്ഥലത്തും ജീസസ് യൂത്ത് കുടുംബങ്ങളുടെ ചെറിയ സെല്ലുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഫാ. കുര്യൻ മറ്റം സമാപനസന്ദേശം നല്കി. സ്നേഹവിരുന്നോടെ കൂട്ടായ്മ സമാപിച്ചു.

**5. കൂട്ടിക്കൽ ദുരിതാശ്വാസനിർമ്മാണ പ്രവർത്തനങ്ങൾ**

നമ്മുടെ രൂപതയിലെ കൂട്ടിക്കൽ പ്രദേശത്തുണ്ടായ പ്രളയദുരന്തങ്ങളുടെ സമയത്ത് രൂപതയിലെയും മറ്റു രൂപതകളിലെയും ജീസസ് യൂത്ത് പ്രവർത്തകർ ലക്ഷത്തിലധികം രൂപതയുടെ സാധനങ്ങൾ വിതരണം ചെയ്തു. തുടർന്നുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു ലക്ഷത്തി അറുപത്തി അയ്യായിരം രൂപ പണമായും നല്കി. ജീസസ് യൂത്തിന്റെ 'നല്ല അയല്ക്കാരൻ' പ്രോജക്ടിന്റെ ഭാഗമായിട്ടാണ് ഈ ശുശ്രൂഷകൾ നടന്നത്. ജസ്റ്റിൻ വടക്കേൽ 'നല്ല അയല്ക്കാരൻ' പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തു.

**6. പുതിയ ഡയറക്ടർ ചുമതലയേറ്റു.**

ജീസസ് യൂത്തിന്റെ പുതിയ ഡയറക്ടറായി നിയോഗിക്കപ്പെട്ട ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഫെബ്രുവരി 19 ന് ഷാലോം ഓഫീസിൽ ഔപചാരികമായി ചുമതലയേറ്റു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, കോർഡിനേറ്റർ അമല ട്രീസ, സി. ലിസ്മരിയ സി.എം.സി., കൗൺസിൽ അംഗങ്ങൾ എന്നിവർ ചേർന്ന് വിൻസെന്റച്ചനെ സ്വീകരിച്ചു.

**7. സോണൽ അസംബ്ലി**

ഫെബ്രുവരി 20 ഞായറാഴ്ച വൈകുന്നേരം 5 മണി മുതൽ 7 മണി വരെ ജീസസ് യൂത്ത് പാലാ സോണൽ അസംബ്ലി നടത്തപ്പെട്ടു. ഓൺലൈനായി നടത്തപ്പെട്ട സോണൽ അസംബ്ലിയിൽ 150 ജീസസ് യൂത്ത് അംഗങ്ങൾ പങ്കെടുത്തു.

2022 മെയ് മാസത്തിൽ നടക്കുന്ന National council election delegates ന്റെ തിരഞ്ഞെടുപ്പും നടന്നു.

സോണൽ ചാപ്ലെയ്ൻ ഫാ. വിൻസൻറ് മൂങ്ങാമാക്കൽ മുൻ ചാപ്ലെയ്ൻ ഫാ. കുര്യൻ മറ്റം, കേരള ജീസസ് യൂത്ത് കൗൺസിൽ മെമ്പർ അമൽ ജോസ്, സോണൽ കോർഡിനേറ്റർ അമല ട്രീസ ജെയിംസ് എന്നിവർ സംസാരിച്ചു. ജിബിൻ ജോസഫ്, സുബിൻ ലൂക്കോസ്, ജോഗേഷ് ജോബി, ശാലു സുഭാഷ്, ജയിംസ് സെബാസ്റ്റ്യൻ, ആൽഫിൻ ബെന്നി, ആഗ്നസ് ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.

**8. ക്യാമ്പസ് ടീം മീറ്റിംഗ്**

പാലാ ക്യാമ്പസ് ടീമിന്റെ ഫെബ്രുവരി മാസത്തിലെ ടീം മീറ്റിംഗ് ഫെബ്രുവരി 20 ന് കുടക്കച്ചിറ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. സിജോ ജോസഫ്, ലിബിൻ അബ്രാഹം, റോസിൻ ജിമ്മി എന്നിവർ നേതൃത്വം നൽകി. ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ജോയി വള്ളിയാംതടത്തിൽ, സോണൽ കൗൺസിൽ ആനിമേറ്റർ സി. ലിസ്മരിയ CMC എന്നിവരുടെ സാന്നിധ്യം ഉണ്ടായിരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

## കുടുംബക്കൂട്ടായ്മ

**റിസോഴ്സ് ടീം മീറ്റിംഗ്**

രൂപതാകുടുംബക്കൂട്ടായ്മ റിസോഴ്സ് ടീമിന്റെ ഓൺലൈൻ മീറ്റിംഗ് രാത്രി 9 മണിക്ക് നടത്തപ്പെട്ടു. കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചതിനുശേഷം യോഗം ആരംഭിച്ചു. രൂപത ഡയറക്ടർ ബഹു. വിൻസന്റ് മൂങ്ങാമാക്കൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. ഇടവകകളിൽ കൂട്ടായ്മകൾ ശക്തിപ്പെടുത്തുവാൻ റിസോഴ്സ് ടീം ഒരുക്കങ്ങൾ നടത്തണമെന്ന് ഡയറക്ടർ ഓർമ്മിപ്പിച്ചു. രൂപതയിൽ 25 വർഷം പൂർത്തിയാക്കിയ കുടുംബക്കൂട്ടായ്മയുടെ സിൽവർ ജൂബിലി കോവിഡ് കുറയ്ക്കുന്നതനുസരിച്ച് സമുചിതമായി ആഘോഷിക്കുവാൻ യോഗം തീരുമാനിച്ചു. മദ്യം, മയക്കുമരുന്ന്, ലൗജിഹാദ് തുടങ്ങിയ വിഷയങ്ങൾകൂടി ഇടവകതലത്തിലുള്ള ബോധവത്കരണ ക്ലാസ്സുകളിൽ ഉൾപ്പെടുത്തണമെന്ന് ബഹു. വിൻസെന്റച്ചൻ നിർദ്ദേശിച്ചു. റിസോഴ്സ് ടീം അംഗങ്ങളായ ഷിജു വെള്ളപ്ലാക്കൽ, ജോ സെബാസ്റ്റ്യൻ, ജോസ് തോമസ്സ്, സണ്ണി ഫീലിപോസ്, ബാബു പോൾ, സി. എം .കുര്യൻ എന്നിവർ യോഗത്തിൽ സംസാരിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ യോഗത്തിൽ നന്ദി പ്രകാശിപ്പിച്ചു.

**ഫൊറോന കൗൺസിൽ യോഗങ്ങൾ**

5/02/22 മുതൽ 16/02/22 വരെ രാത്രി 9 മണിക്ക് താഴെക്കൊടുത്തിരിക്കുന്ന ക്രമത്തിൽ ഫൊറോന കൗൺസിൽ ഓൺലൈൻ യോഗങ്ങൾ നടത്തപ്പെട്ടു.

5/02/2022 കോതനല്ലൂർ
6/02/2022 പാലാ A & B
7/02/2022 മൂലമറ്റം
8/02/2022 പൂഞ്ഞാർ
9/02/2022 അരുവിത്തുറ
10/02/2022 ഭരണങ്ങാനം
11/02/2022 കടുത്തുരുത്തി, മുട്ടുചിറ
12/02/2022 ചേർപ്പുങ്കൽ
13/02/2022 കടനാട്
14/02/2022 പ്രവിത്താനം, തീക്കോയി
15/02/2022 കുറവിലങ്ങാട്, ഇലഞ്ഞി,
16/02/2022 രാമപുരം, തുടങ്ങനാട്, കൂട്ടിക്കൽ.

എല്ലാ ഫൊറോന കൗൺസിൽ യോഗങ്ങളും മുൻകൂട്ടി അറിയിച്ചിരുന്ന നിയോഗങ്ങൾക്കായി കരുണക്കൊന്ത ചൊല്ലിപ്രാർത്ഥിച്ചു.

എല്ലാ യോഗങ്ങളിലും ബഹു. വിൻസെന്റച്ചൻ പങ്കെടുത്ത് സംസാരിച്ചു.

കോവിഡിന്റെ ആരംഭത്തിൽ തുടങ്ങിയ കരുണക്കൊന്ത ചൊല്ലിയുള്ള ഓൺലൈൻ പ്രാർത്ഥനായജ്ഞം എല്ലാ ഫൊറോനാകളിലും മുടക്കം കൂടാതെ നടന്നു വരുന്നതിൽ ഡയറക്ടർ അച്ചൻ സന്തോഷം അറിയിച്ചു.

കുടുംബക്കൂട്ടായ്മ സിൽവർ ജൂബിലി നല്ല രീതിയിൽ ആഘോഷിക്കണമെന്ന് അച്ചൻ പറഞ്ഞു. രൂപതാ കൂട്ടായ്മ പ്രവർത്തനങ്ങളിൽ ആരംഭം മുതൽ പ്രവർത്തിച്ചവരെ സമുചിതമായി ആദരിക്കണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു.

യോഗങ്ങളിൽ പങ്കെടുത്ത ഇടവക പ്രതിനിധികൾ സ്വയം പരിചയപ്പെടുത്തുകയും ഇടവകയിലെ വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**യാത്രയയപ്പ്**

12/02/2022 ശനിയാഴ്ച മൂന്നര മണിക്ക് പാലാ കത്തീഡ്രൽ അസംബ്ലി ഹാളിൽ വച്ച് ഡയറക്ടർ സ്ഥാനമൊഴിയുന്ന ബഹു. വിൻസന്റ് മുങ്ങാമാക്കൽ അച്ചനു യാത്രയയപ്പ് നല്കി. രൂപത പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ യോഗത്തിൽ സ്വാഗതമാശംസിച്ചു. കഴിഞ്ഞ 13 വർഷക്കാലം രൂപതയിലെ ക്രൈസ്തവകുടുംബങ്ങളെ 'ഒരാത്മാവും ഒരു ഹൃദയവുമായി' കൂട്ടായ്മയിൽ നയിച്ച ബഹു. വിൻസന്റച്ചന്റെ സംഭാവനകളെപ്പറ്റി രൂപതാ പ്രസിഡന്റ് വിശദമായി പ്രതിപാദിച്ചു. ആശംസകൾ അർപ്പിച്ച് സംസാരിച്ച സർവ്വശ്രീ: സെബാസ്റ്റ്യൻ പൈലി, ജിമ്മി മ്ലാകുഴിയിൽ, സെബാസ്റ്റ്യൻ ജോസഫ്, ജോസ് തോമസ്, ശ്രീമതി ലിറ്റിൽ ഫ്ളവർ എന്നിവർ ഡയറക്ടറച്ചന്റെ സേവനങ്ങൾ നന്ദിയോടെ ഓർക്കുകയും അച്ചന്റെ പുതിയ ശുശ്രൂഷകൾക്ക് ആശംസകൾ നേരുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്ത മുതിർന്ന അംഗങ്ങൾ ഡയറക്ടർ അച്ചന് സ്നേഹോപഹാരം നൽകി. സർവ്വശ്രീ : കുര്യാക്കോസ് പാറക്കൽ, ജോ സെബാസ്റ്റ്യൻ, സെബാസ്റ്റ്യൻ മുക്കുളത്ത്, ടി. എം ബാബു, ശ്രീമതി ലൈസമ്മ ജോസ്, ജോളി തോമസ് പ്രിൻസി സണ്ണി എന്നിവർ യോഗത്തിൽ സംസാരിച്ചു.

രൂപതാ സെക്രട്ടറി ശ്രീ ജോണി സിറിയക്ക് വേലംകുന്നേൽ യോഗത്തിൽ നന്ദി പ്രകാശിപ്പിച്ചു.

**പുതിയ ഡയറക്ടറച്ചന് സ്വീകരണം**

19/02/22 ശനിയാഴ്ച 10 മണിക്ക് പാലാ പാസ്റ്ററൽ സെന്ററിൽ വച്ച് ഇവാഞ്ചലൈസേഷൻ ശുശ്രൂഷകളുടെ പുതിയ ഡയറക്ടറായി നിയമിതനായ ബഹു. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന് ഊഷ്മളമായ വരവേൽപ്പ് നൽകി. ഷാലോം പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പഴേപറമ്പിൽ അച്ചൻ ബൊക്കെ നൽകി സ്വാഗതം ചെയ്തു. തുടർന്ന് നടന്ന യോഗത്തിൽ സ്ഥാനമൊഴിയുന്ന ഡയറക്ടർ ഫാ. വിൻസന്റ് മൂങ്ങാമക്കൽ, ഫാ. കുര്യൻ മറ്റം പുതിയ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ എന്നിവർ പ്രസംഗിച്ചു. രൂപതയിലെ കരിസ്മാറ്റിക് പ്രവർത്തനങ്ങളെക്കുറിച്ച് കോർഡിനേറ്റർ ശ്രീ സണ്ണി വാഴയിലും കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങളെപ്പറ്റി രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേലും വിശദമായി സംസാരിച്ചു. വിവിധ സമിതികളുടെ ഒത്തു ചേരലിന്റെ തീയതികൾ തീരുമാനിച്ച ശേഷം ചായസൽക്കാരത്തോടെ യോഗം അവസാനിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

---

# ഫാമിലി അപ്പോസ്തലേറ്റ്

---

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ്**

ഫെബ്രുവരി മാസത്തെ ഓൺലൈൻ വിവാഹ ഒരുക്ക ധ്യാനത്തിൽ 146 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

മെയ് മാസം ഒന്നാം തീയതി മുതൽ വിവാഹിതരാകുന്നവർക്ക് നേരി ട്ടുള്ള ധ്യാനം ക്രമീകരിക്കുകയാണ്.

| വിവാഹ ഒരുക്ക ധ്യാനം നടത്തുന്ന തീയതികൾ | | |
|---|---|---|
| ഏപ്രിൽ 11-13<br>ഏപ്രിൽ 18-20 | മെയ് 2-4<br>മെയ് 23-25 | ജൂൺ 6-8<br>ജൂൺ 20-22 |

വിശദവിവരങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ 8547150049 എന്ന നമ്പറിൽ നേരിട്ടോ Whatsapp മുഖാന്തിരമോ ബന്ധപ്പെടേണ്ടതാണ്.

**B. സന്തുഷ്ടകുടുംബപദ്ധതി**

2000 ആണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 51 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ട കുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം ഫെബ്രുവരി മാസത്തിലേത് 5-ാം തീയതി Bank transfer വഴി നല്കി.

## C. പിതൃവേദി

### 1. രൂപത എക്സിക്യൂട്ടീവ്

ഫെബ്രുവരി 18 ന് 2 മണിക്ക് പിതൃവേദി രൂപത എക്സിക്യൂട്ടീവ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് സമ്മേളിച്ചു.

### 2. പ്രവർത്തനവർഷ ഉദ്ഘാടനം

പാലാ രൂപത പിതൃവേദിയുടെ 2019-2021 പ്രവർത്തനവർഷത്തെ വാർഷികവും 2022-2023 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും സംയുക്തമായി ഫെബ്രുവരി 18 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ ഷലോം പാസ്റ്ററൽ സെന്റിൽ വച്ച് നടത്തപ്പെട്ടു. പിതൃവേദി രൂപത പ്രസിഡന്റ് ശ്രീ ജോസ് ജോൺ കീലത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട സമ്മേളനം പാലാ രൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. പിതൃവേദി രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ, രൂപതാസമിതി അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. തദവസരത്തിൽ പുതിയ വർഷത്തെ കർമ്മരേഖ പ്രകാശനവും മികച്ച യൂണിറ്റുകൾക്കുള്ള ട്രോഫികളും വിതരണം ചെയ്തു.

## D. മാതൃവേദി

### 1. യൂണിറ്റ് സമ്മേളനം

ഫെബ്രുവരി 5-ാം തീയതി ഉള്ളനാട് യൂണിറ്റിന്റെ സമ്മേളനത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസ് കുറ്റിയാങ്കൽ പങ്കെടുക്കുകയും വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു. യൂണിറ്റ് അംഗങ്ങൾ എഴുതിയ വിശുദ്ധ ഗ്രന്ഥം വികാരി ഫാ. ജോസ് കോട്ടയിലിന് നല്കി പ്രകാശനം ചെയ്തു.

### 2. രൂപത എക്സിക്യൂട്ടീവ്

ഫെബ്രുവരി 21 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപത എക്സിക്യൂട്ടീവ് സമ്മേളിച്ച് പ്രവർത്തനങ്ങളെപ്പറ്റി ചർച്ചചെയ്തു.

### 3. രൂപതാസമിതി

ഫെബ്രുവരി 25-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മാതൃവേദിയുടെ രൂപതാസമിതി സമ്മേളിച്ചു.

## E. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നുപ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യു

ന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**F. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി ഫെബ്രുവരി മാസത്തിൽ കുറിച്ചിത്താനം ഇടവകയിലെ ഒരു പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

## കത്തോലിക്കാ കോൺഗ്രസ്

**വീട് വെഞ്ചെരിപ്പ്**

കൂട്ടിക്കൽ പ്രകൃതിദുരന്തത്തിൽ ഭവനരഹിതരായവർക്കു കത്തോലിക്കാ കോൺഗ്രസ് പുനർനിർമ്മിച്ചു നൽകുന്ന വീടുകളിൽ ആദ്യവീടിന്റെ വെഞ്ചെരിപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫൊറോന ഡയറക്ടർ റവ.ഫാ. ജോസഫ് മണ്ണനാൽ, ഫാ. മാത്യു വാഴചാരിക്കൽ എന്നിവർ സഹകാർമികരായിരുന്നു. രൂപത ഭാരവാഹികളായ എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, സാബു പൂണ്ടികുളം, പയസ് കവളംമാക്കൽ, സാജു അലക്സ്, സാന്റോ പുല്ലാട്ട്, ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ എന്നിവർ നേതൃത്വം നൽകി. കൂട്ടിക്കൽ ഫൊറോന പ്രസിഡന്റ്, ടോമി പുളിക്കലിന്റെ നേതൃത്വത്തിലാണ് ഭവന നിർമാണം നടന്നത്. വീടിന്റെ പൂർത്തീകരണത്തിനു സഹകരിച്ച എല്ലാവർക്കും നന്ദി.

**മുട്ടുചിറ ഫൊറോന**

കത്തോലിക്ക കോൺഗ്രസ് നടത്തിയ അടുക്കളത്തോട്ടമത്സരത്തിന്റെ മുട്ടുചിറ ഫൊറോനയുടെ സമ്മാനവിതരണം ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ നിർവഹിച്ചു. ഫാ. മാത്യു കാവനാടിമലയിൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ആൻസാമ്മ സാബു, സി.എം. ജോർജ്, തോമസ് അരുക്കുഴുപ്പിൽ, വി.എം. മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു.

**യാത്രയയപ്പ് സമ്മേളനം**

കത്തോലിക്ക കോൺഗ്രസ് മുട്ടുചിറ ഫൊറോനയെയും മുട്ടുചിറ യൂണിറ്റിനെയും നന്നായി പരിപാലിച്ച ഡയറക്ടർ വെരി. റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിലിന് യാത്രയയപ്പ് നൽകി. തദവസരത്തിൽ മൂന്നിലവ് ഇടവകയിലേക്കു പോകുന്ന റവ.ഫാ. മാത്യു കാവനാടിമലയിലിനു യാത്രയയപ്പ് നൽകി. എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, സി.എം. ജോർജ്ജ്, ആൻസമ്മ സാബു, തോമസ് അരുകുഴിയിൽ, എം.എം. മാത്യു എന്നിവർ ആശംസകളും നന്ദിയും അർപ്പിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. വനിതാദിനാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനാഘോഷപരിപാടികൾ പാലാ, അരുവിത്തുറ, മുട്ടുചിറ, തുടങ്ങനാട് എന്നീ റീജയണൽ തലത്തിൽ നടക്കും. മാർച്ച് 7 തിങ്കളാഴ്ച രാവിലെ 10 ന് അരുവിത്തുറ പാരിഷ് ഹാൾ, മാർച്ച് 8 ചൊവ്വാഴ്ച ഉച്ചയ്ക്ക് 2 ന് പാലാ അഗ്രിമ മാർക്കറ്റ്, മാർച്ച് 11 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 ന് മുട്ടുചിറ പാരിഷ് ഹാൾ, മാർച്ച് 12 ന് രാവിലെ 10.30 ന് മുട്ടം സിബിഗിരി പാരിഷ് ഹാൾ എന്നിവിടങ്ങളിൽ വച്ച് യഥാക്രമം അരുവിത്തുറ, പാലാ, മുട്ടുചിറ, തുടങ്ങനാട് എന്നീ റീജിയണുകളുടെ വനിതാദിനാഘോഷം നടക്കും. വനിതാ സംരംഭകത്വ അവാർഡ് വിതരണം, വിവിധ തുറകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ ആദരിക്കൽ, വിവിധ മത്സരങ്ങൾ, സെമിനാർ എന്നിവ വനിതാദിനാഘോഷത്തിന്റെ ഭാഗമായി നടക്കും. 'വനിതകളും സംരംഭങ്ങളും' എന്നതാണ് ഈ വർഷത്തെ പി.എസ്.ഡബ്ല്യു.എസ്.ന്റെ വനിതാദിനസന്ദേശം.

**2. നവസംരംഭങ്ങൾ തുടങ്ങാൻ കുറഞ്ഞ പലിശനിരക്കിൽ വായ്പ**

പി.എസ്.ഡബ്ല്യു.എസ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ന്യൂനപക്ഷവികസന കോർപ്പറേഷനുമായി സഹകരിച്ചു കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നൽകുന്നു. ഒരു ഗ്രൂപ്പിന് 2 ലക്ഷം രൂപാവരെയാണ് 5% പലിശ നിരക്കിൽ നൽകുന്നത്. തിരിച്ചടവ് കാലാവധി മൂന്നു വർഷമായിരിക്കും. താത്പര്യമുള്ളവർ പി.എസ്.ഡബ്ല്യു.എസിൽ അപേക്ഷ സമർപ്പിക്കുക.

**3. നഴ്സറി ട്രെയിനിംഗ് സംഘടിപ്പിച്ചു.**

പി.എസ്.ഡബ്ല്യു.എസ്. നബാർഡുമായി സഹകരിച്ച് 15 ദിവസം നീണ്ടുനിന്ന നഴ്സറി ട്രെയിനിംഗ് സൗജന്യമായി സംഘടിപ്പിച്ചു. നബാർഡ് ജില്ലാ മാനേജർ റജി വർഗീസ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. ബഡ്ഡിങ്, ഗ്രാഫ്റ്റിങ്, ലെയറിങ്, വളപ്രയോഗം, കീടനിയന്ത്രണം, നഴ്സറി മാനേജ്മെന്റ് തുടങ്ങിയ വിവിധ വിഷയങ്ങളിൽ ക്ലാസ് സംഘടിപ്പിച്ചു. 35 പേർ പരിശീലനത്തിൽ പങ്കെടുത്തു. ശ്രീ മാണി സി. കാപ്പൻ എം.എൽ.എ. സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. 3 ദിവസം കോട്ടയം കുമരകം കൃഷി വിജ്ഞാനകേന്ദ്രത്തിൽ പ്രായോഗിക പരിശീലനവും സംഘടിപ്പിച്ചു. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി അസി. പ്രഫ. മാനുവൽ അലക്സ്, സബീറ എം.ബി ഗാർഡനർ മാനേജർ കോട്ടയം, കെ.വി ഷാജി തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, പി.വി. ജോർജ്, മാനുവൽ ആലാനി, സിബി കണിയാംപടി തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

**4. സ്വാഗതം**

പി.എസ്.ഡബ്ല്യു.എസിന്റെ പുതിയ അസി. ഡയറക്ടറായി ചുമതലയേറ്റ ഫാ. ജോർജ് വടക്കേതൊട്ടിയിൽ അച്ചനു സ്വീകരണം നൽകി. ഷാലോം പാസ്റ്റ

റൽ സെന്ററിൽ വച്ചുനടന്ന സമ്മേളനത്തിന് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ യോഗത്തിന് അധ്യക്ഷത വഹിച്ചു.

**5. വാട്ടർ ടാങ്ക് വിതരണം**

പി.എസ്.ഡബ്ല്യു.എസ്.ന്റെ വേനൽക്കാല ജലസംരക്ഷണപദ്ധതിയുടെ ഭാഗമായി വാട്ടർ ടാങ്കുകൾ തവണ വ്യവസ്ഥയിൽ വിതരണം ചെയ്യുന്ന പ്രവർത്തനം ആരംഭിച്ചു.

**6. മുട്ടക്കോഴി വിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് ഏപ്രിൽ 6, 7 തീയതികളിൽ ബി.വി. 380 ഇനത്തിൽപെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യും.

**7. മംഗല്യ വിവാഹസഹായം**

കൂട്ടിക്കൽ പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്ന കൂട്ടിക്കൽ, പൂഞ്ഞാർ ഫൊറോനകളിലെ പത്തു യുവതികൾക്ക് സുമനസ്സായ ഒരു പ്രവാസി മലയാളിയുടെ സഹായത്തോടെ അൻപതിനായിരം രൂപാവീതം ധനസഹായം നൽകി. കൂട്ടിക്കൽ പള്ളി പാരിഷ് ഹാളിൽ വച്ച് നടന്ന സമ്മേളനത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് ആദ്യഘട്ടം ധനസഹായം വിതരണം ചെയ്തു. കൂട്ടിക്കൽ മിഷൻ ചീഫ് കോർഡിനേറ്റർ മോൺ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. കൂട്ടിക്കൽ പള്ളി വികാരി ഫാ. ജോസഫ് മണ്ണനാൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ തുടങ്ങിയവർ സംസാരിച്ചു.

**8. പ്രൊമോട്ടേഴ്സ് തിരഞ്ഞെടുപ്പും പരിശീലനവും**

പി.എസ്.ഡബ്ല്യു.എസ്.ന്റെ യൂണിറ്റ് തലത്തിലുള്ള പ്രൊമോട്ടർമാരുടെ പരിശീലനം രണ്ടു ബാച്ചുകളിലായി മാർച്ച്, ഏപ്രിൽ മാസം നടക്കും.

**9. എസ്.എച്ച്.ജി. രൂപീകരണം**

പ്രവിത്താനം, മണിയംകുന്ന് എന്നീ സ്ഥലങ്ങളിൽ എസ്.എച്ച്.ജി. രൂപീകരണം നടന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**രൂപതാവാർത്തകൾ**

ഡി.സി.എം.എസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ, ഡി.സി. എം.എസ് നിയമാവലി (2007) പ്രകാരം, സംസ്ഥാനസമിതിയുടെ നിർദ്ദേശാനുസരണം 2022-2025 വർഷത്തേക്കുള്ള യൂണിറ്റ്, മേഖല, രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2022 ഫെബ്രുവരി 12,13,15,16,20 തീയതികളിൽ വിവിധ ഫൊറോനകളിൽ വച്ച് മേഖല ഭാരവാഹികളുടെ തിരഞ്ഞെടുപ്പും

26-ാം തീയതി ശനിയാഴ്ച രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പും പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. രൂപതാ തിരഞ്ഞെടുപ്പ് കൗൺസിൽ യോഗം KCBC SC/ST/BC കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. 'നേതൃത്വവും സംഘടനാപ്രവർത്തനവും' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. സാബു ഡി. മാത്യു ക്ലാസ്സ് നയിച്ചു. ഉച്ചകഴിഞ്ഞ് നടന്ന തെരഞ്ഞെടുപ്പ് യോഗത്തിൽ വെരി റവ. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു സന്ദേശം നൽകി. ഡി.സി.എം.എസ് സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ റിട്ടേണിങ് ഓഫീസറായിരുന്നു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതവും നിയുക്ത പ്രസിഡന്റ് ബിനോയ് ജോൺ നന്ദിയും പറഞ്ഞു. 150 പേർ യോഗത്തിൽ പങ്കെടുത്തു.

**2022 – 25 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട DCMS ഭാരവാഹികളുടെ ലിസ്റ്റ്**

**പാലാ കത്തീഡ്രൽ മേഖല**

1 ബിന്ദു ആന്റണി, വട്ടമറ്റത്തിൽ, അരുണാപുരം *മേഖല പ്രസിഡന്റ്*
2 ബിജി അഗസ്റ്റിൻ തെക്കേൽ, പാലാ കത്തീഡ്രൽ *മേഖല വൈ. പ്രസിഡന്റ്*
3 ജിജി ആൽബർട്ട്, കിഴക്കേടത്ത്, പാലാ കത്തീഡ്രൽ *മേഖല സെക്രട്ടറി*
4 ബീന സേവ്യർ, നെടുംപാലക്കുന്നേൽ, നെല്ലിയാനി *മേഖല ജോ. സെക്രട്ടറി*
5 സദീപ് കെ.പി, കോക്കപ്പുറത്തുകുന്നേൽ, അരുണാപുരം *ഖജാൻജി*
6 ജോണി ജോസഫ്, പരമല, മുത്തോലി *മേഖല ഓർഗനൈസർ*

**അരുവിത്തുറ മേഖല**

7 രാജു കെ.പി, കട്ടത്തറ, അരുവിത്തുറ *മേഖല പ്രസിഡന്റ്*
8 ഹെലൻ ജോസഫ്, കണ്ടത്തിൻപറമ്പിൽ, കളത്തൂക്കടവ് *മേഖല വൈ. പ്രസിഡന്റ്*
9 ആഷ്‌ലി എലിസബത്ത് ജോസഫ്, കുന്നത്ത്, തിടനാട് *മേഖല സെക്രട്ടറി*
10 മായാ ജോർജ്ജ്, അള്ളുങ്കൽ, കളത്തൂക്കടവ് *മേഖല ജോ സെക്രട്ടറി*
11 പോൾ പൈലി, വെട്ടുവയലിൽ, തിടനാട് *ഖജാൻജി*
12 ജോയി മാത്യു, കുന്നത്തുപറമ്പിൽ, അരുവിത്തുറ *മേഖല ഓർഗനൈസർ*

**ഭരണങ്ങാനം മേഖല**

13 ഷൈനി മാത്യു, ആനിത്തോട്ടത്തിൽ, മല്ലികശ്ശേരി *മേഖല പ്രസിഡന്റ്*
14 ഷീന ഷിജി, വട്ടക്കുന്നേൽ, മല്ലികശ്ശേരി *മേഖല വൈ. പ്രസിഡന്റ്*
15 ആഗ്നസ് ജോസഫ്, വിളക്കുമാടം *മേഖല സെക്രട്ടറി*
16 സ്നേഹ തോമസ്, തൊടുകയിൽ, വിളക്കുമാടം *മേഖല ജോ. സെക്രട്ടറി*
17 ആന്റണി തോമസ്, തൊടുകയിൽ, വിളക്കുമാടം *ഖജാൻജി*
18 മാത്യു കുര്യൻ, ആനിതോട്ടത്തിൽ, മല്ലികശ്ശേരി *മേഖല ഓർഗനൈസർ*

**ചേർപ്പുങ്കൽ മേഖല**

19 മോളി ജോസഫ്, തമ്പഴ, മണലുങ്കൽ *മേഖല പ്രസിഡന്റ്*
20 കുര്യാക്കോസ് റ്റി.ഡി, താഴത്തുനെല്ലിപ്പുഴ, ചേർപ്പുങ്കൽ *മേഖല വൈ.പ്രസിഡന്റ്*
21 സണ്ണി പി.എം, പല്ലാട്ട്, ചേർപ്പുങ്കൽ *മേഖല സെക്രട്ടറി*
22 ലിസി ബേബി, പള്ളിത്താഴെ, മണലുങ്കൽ *മേഖല ജോ.സെക്രട്ടറി*
23 സുജിത്ത് തോമസ്, ഉപ്പുമാക്കൽ, പാളയം *ഖജാൻജി*
24 ജോസ് റ്റി. എം, മീൻകുളത്ത്, മണലുങ്കൽ *മേഖല ഓർഗനൈസർ*

**ഇലഞ്ഞി മേഖല**

25 ഇ.എം പൈലി, എഴുകാമലയിൽ, മരങ്ങോലി *മേഖല പ്രസിഡന്റ്*
26 ആൻസി ചാക്കോ, വടക്കേപ്പറമ്പിൽ, ഇലഞ്ഞി *മേഖല വൈ.പ്രസിഡന്റ്*
27 ബാബു പീറ്റർ, പാണ്ടിമാക്കിൽ,സേവ്യർപുരം *മേഖല സെക്രട്ടറി*
28 പ്രീത ജോബി, വാഴപ്പറമ്പിൽ, മുത്തോലപുരം *മേഖല ജോ. സെക്രട്ടറി*
29 ലോറൻസ് ജേക്കബ്, ഉരുളിച്ചാലിൽ, ജോസ്ഗിരി *ഖജാൻജി*
30 സനീഷ് സെബാസ്റ്റ്യൻ, പാക്കരമ്പേൽ, ഇലഞ്ഞി *മേഖല ഓർഗനൈസർ*

**കടനാട് മേഖല**

31 മധു സെബാസ്റ്റ്യൻ, നിരപ്പേൽ, കടനാട് *മേഖല പ്രസിഡന്റ്*
32 എലിസബത്ത്, പാതിരിയിൽ, കാവുംകണ്ടം *മേഖല വൈ. പ്രസിഡന്റ്*
33 റ്റോണി ജേക്കബ്, മങ്കര, കുറുമണ്ണ് *മേഖല സെക്രട്ടറി*
34 ലിസി ബാബു, കണ്ണംകുളത്ത്, ജിയോവാലി *മേഖല ജോ. സെക്രട്ടറി*
35 ഷാന്റി ജോമോൻ, കൈപ്പുഴവള്ളിയിൽ, മാനത്തൂർ *ഖജാൻജി*
36 ബേബി ആന്റണി, പാറയ്ക്കൽ,ഉറുമ്പുകാവ് *മേഖല ഓർഗനൈസർ*

**കോതനല്ലൂർ മേഖല**

37 റോസമ്മ ജോസഫ്, ഇടച്ചാലിൽ, കോതനല്ലൂർ *മേഖല പ്രസിഡന്റ്*
38 തുളസിദാസ്, തുമ്പനാഓരത്ത്, മണ്ണാറപ്പാറ *മേഖല വൈ. പ്രസിഡന്റ്*
39 ജിബിൽ റ്റി. സജി, തുമ്പിൽ, മാൻവെട്ടം *മേഖല സെക്രട്ടറി*
40 റ്റിൻജിമോൾ തോമസ്, ഇടച്ചാലിൽ, കോതനല്ലൂർ *മേഖല ജോ. സെക്രട്ടറി*
41 ഫ്രാൻസിസ് ജോസഫ്, അറക്കപ്പറമ്പിൽ, മാൻവെട്ടം *ഖജാൻജി*
42 ജെയ്മോൻ തങ്കച്ചൻ, നമ്പ്യാരത്ത്, കോതനല്ലൂർ *മേഖല ഓർഗനൈസർ*

**കുറവിലങ്ങാട് മേഖല**

43 മേരി എം.പി, കാക്കാലിമറ്റത്തിൽ, ഉദയഗിരി *മേഖല പ്രസിഡന്റ്*
44 അനീഷ് തോമസ്, പാറേപ്പറമ്പിൽ, വയല *മേഖല വൈ. പ്രസിഡന്റ്*
45 സോനാ ഷാജി, നടുത്തടത്തിൽ, മോനിപ്പള്ളി *മേഖല സെക്രട്ടറി*
46 ആലീസ് കസ്പർ, കാക്കാലിമറ്റത്തിൽ, മോനിപ്പള്ളി *മേഖല ജോ. സെക്രട്ടറി*
47 റോസമ്മ ആന്റണി, തേനംമാക്കിൽ, ഉദയഗിരി *ഖജാൻജി*
48 ബിജു ജോസഫ്, തറമേൽ, കുറവിലങ്ങാട് *മേഖല ഓർഗനൈസർ*

**മുട്ടുചിറ മേഖല**

49 വി.വി തോമസ്, വലിയനിരപ്പേൽ, മുട്ടുചിറ *മേഖല പ്രസിഡന്റ്*
50 പൗലോസ് എം.ഡി, കൊടുമംഗലം, മലപ്പുറം *മേഖല വൈ. പ്രസിഡന്റ്*
51 മേഴ്സി സെബാസ്റ്റ്യൻ, തെക്കേമുണ്ടയ്ക്കൽ, കാഞ്ഞിരത്താനം *മേഖല സെക്രട്ടറി*
52 സ്നേഹ ബേബി, മഠത്തിപ്പറമ്പിൽ, കാഞ്ഞിരത്താനം *മേഖല ജോ.സെക്രട്ടറി*
53 സി. റ്റി സെബാസ്റ്റ്യൻ, തെക്കേമുണ്ടക്കൽ, കാഞ്ഞിരത്താനം *ഖജാൻജി*
54 ബിനോയ് ജോൺ, അമ്പലംകട്ടയിൽ, കാഞ്ഞിരത്താനം *മേഖല ഓർഗനൈസർ*

**പൂഞ്ഞാർ മേഖല**

55 തോമസ്, പാറേക്കുന്നേൽ, പയ്യാനിത്തോട്ടം *മേഖല പ്രസിഡന്റ്*
56 ജസ്റ്റിൻ മാത്യു, കുന്നുംപുറത്ത്, അടിവാരം *മേഖല വൈ.പ്രസിഡന്റ്*
57 ബിന്ദു സജി, തോട്ടുമാക്കൽ, കൈപ്പള്ളി *മേഖല സെക്രട്ടറി*
58 ലൗലി തോമസ്, തലപ്രയിൽ, കുന്നോന്നി *മേഖല ജോ.സെക്രട്ടറി*
59 തോമസ് റ്റി.ഡി, തോട്ടുമാക്കൽ, പയ്യാനിത്തോട്ടം *ഖജാൻജി*
60 ജോസഫ് പി.വി, പാറേക്കുന്നേൽ, പയ്യാനിത്തോട്ടം *മേഖല ഓർഗനൈസർ*

**പ്രവിത്താനം മേഖല**

61 ജോസിമോൻ തോമസ്, തുണ്ടത്തിൽ, മുണ്ടാങ്കൽ *മേഖല പ്രസിഡന്റ്*
62 ഓമന ബെന്നി, നിരപ്പേൽ, ഉള്ളനാട് *മേഖല വൈ. പ്രസിഡന്റ്*
63 ആഷാമോൾ ജോസഫ്, കളപ്പുരയ്ക്കൽ, മുണ്ടാങ്കൽ *മേഖല സെക്രട്ടറി*
64 ക്ലാരിസ് മൈക്കിൾ, വണ്ടർകുന്നേൽ, മുണ്ടാങ്കൽ *മേഖല ജോ. സെക്രട്ടറി*
65 അനീഷ് ചാക്കോ, ചേരമലയിൽ, ഉള്ളനാട് *ഖജാൻജി*
66 കെ.പി ജോൺ, കളപ്പുരയ്ക്കൽ, മുണ്ടാങ്കൽ *മേഖല ഓർഗനൈസർ*

**രാമപുരം മേഖല**

67 മണി പി.എസ്, പീടിയേക്കൽപറമ്പിൽ, രാമപുരം മേഖല പ്രസിഡന്റ്
68 ലിസി റോയി, പൂവേലിതാഴെ, അന്ത്യാളം മേഖല വൈ. പ്രസിഡന്റ്
69 ജിൻസി ബെന്നി, വേങ്ങയ്ക്കൽ, കൊണ്ടാട് മേഖല സെക്രട്ടറി
70 നേഹ സ്കറിയ, ഇഞ്ചക്കുഴിയിൽ, ചിറ്റാർ *മേഖല ജോ. സെക്രട്ടറി*
71 ആൽഫി അലോഷ്യസ്, കണ്ണച്ചാംകുന്നേൽ, എഴാച്ചേരി *ഖജാൻജി*
72 എം.എൻ ജോസ്, മായക്കാട്ട്, കൊണ്ടാട് *മേഖല ഓർഗനൈസർ*

**തുടങ്ങനാട് മേഖല**

73 ബിന്ദു സെബാസ്റ്റ്യൻ, ചെന്നനാനിയിൽ, തുടങ്ങനാട് *മേഖല പ്രസിഡന്റ്*
74 ഫെമിന സിബിച്ചൻ, നാട്ടാർവയലിൽ, തുടങ്ങനാട് *മേഖല വൈ.പ്രസിഡന്റ്*
75 ആലീസ് ജോർജ്ജ്, വെട്ടികുറ്റിയാനിയിൽ, തുടങ്ങനാട് *മേഖല സെക്രട്ടറി*

**2022–2025 വർഷത്തെ DCMS പാലാ രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ**

| | | | |
|---|---|---|---|
| ഡയറക്ടർ | : | ഫാ.ജോസ്, വടക്കേക്കുറ്റ്, പാലാ പി.ഒ, 686574 | 9446200345 |
| പ്രസിഡന്റ് | : | ബിനോയി ജോൺ, അമ്പലംകട്ടയിൽ, കാഞ്ഞിരത്താനം പി.ഒ, 686603 | 9605102362 |
| വൈ.പ്രസിഡന്റ് | : | ഫെമിന സിബിച്ചൻ, നാട്ടാർവയലിൽ, തുടങ്ങനാട് പി.ഒ 685587 | 9526667238 |
| സെക്രട്ടറി | : | ബിന്ദു ആന്റണി, വട്ടമറ്റത്തിൽ, പുലിയന്നൂർ പി.ഒ, 686573 | 9746650151 |
| ജോ. സെക്രട്ടറി | : | ബിപിൻ ബേബി, ഇടപ്പറമ്പിൽ, മേമ്മുറി പി.ഒ , 686611 | 8943403300 |
| ഖജാൻജി | : | മേരി എം.പി, കാക്കാലിമറ്റത്തിൽ, പയസ്മൗണ്ട് പി.ഒ, 686636 | 9744659216 |
| ഓർഗനൈസർ | : | ബേബി ആന്റണി, പാറയ്ക്കൽ, പിഴക് പി.ഒ, 686651 | 9496989930 |

**സംസ്ഥാന കൗൺസിൽ അംഗങ്ങൾ**

| | |
|---|---|
| ജസ്റ്റിൻ മാത്യു, കുന്നുംപുറം | 9495213304 |
| പി.ഒ പീറ്റർ, പാറയിൽ | 9447137793 |
| ബാബു പീറ്റർ, പാണ്ടിയംമാക്കൽ | 9446438856 |
| ബൈജു ജേക്കബ്, മണ്ണാമഠത്തിൽ | 9846999102 |
| ജോസിമോൻ, തുണ്ടത്തിൽ | 9447809627 |
| ബിജി അഗസ്റ്റിൻ, തെക്കേൽ | 9495381286 |

**രൂപതാ കമ്മറ്റിയംഗങ്ങൾ**

| | |
|---|---|
| ജോയി മാത്യു, കുന്നത്തുപറമ്പിൽ | 9447208270 |
| ഫ്രാൻസിസ് ജോസഫ്, അറയ്ക്കപറമ്പിൽ | 8281279656 |
| എം.സി ജോസ്, മുണ്ടാട്ട് | 9744689067 |

**ഡി.സി.എം.എസ് സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുപ്പ്**

ഡി.സി.എം.എസ് സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുപ്പ്, 2022 മാർച്ച് 22 ശനിയാഴ്ച രാവിലെ 10 മുതൽ 4 മണിവരെ തിരുവല്ല ബോധന സെന്ററിൽ ചേരുന്ന സംസ്ഥാന കൗൺസിൽ യോഗത്തിൽ വച്ച് നടത്തുന്നതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

1. കാവാലി ഫാദർ ബോഡ്‌വിഗ് ഡേ കെയർ സെന്ററിന്റെ നവീകരിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മത്തിൽ പങ്കെടുത്തു.
2. ഏന്തയാർ ശാന്തിനിലയം ഓൾഡ് ഏജ് ഹോമിൽ സന്ദർശനം നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. KLM കനിവ് ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷ**

വയസ്സ് - 5 മുതൽ 70 വയസ്സ് വരെ (18 വയസ്സിൽ താഴെയുള്ള കുട്ടികൾ അവരുടെ മാതാപിതാക്കൾക്കൊപ്പം ചേരാവുന്നതാണ്.

ഫാമിലി ഡെഫിനിഷൻ - കുടുംബനാഥൻ, കുടുംബനാഥ, മക്കൾ

KLM സംസ്ഥാന കമ്മിറ്റിയും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും ചേർന്നാണ് ഈ പോളിസി വിഭാവനം ചെയ്തിരിക്കുന്നത്.

<u>പ്രീമിയം</u>

| | | | |
|---|---|---|---|
| 1. | ഒരു വ്യക്തി (18 വയസ്സിന് മുകളിൽ) | - | Rs.400/- |
| 2. | 2 വ്യക്തികൾ (ഭാര്യ + ഭർത്താവ്)<br>(ഭാര്യയ്ക്ക് അപകട സം ഇൻഷ്വറൻസ് 2 ലക്ഷവും, ചികിത്സാ സഹായം 50,000/- വരെയും ലഭിക്കുകയുള്ളൂ) | - | Rs.590/- |
| 3. | ഭർത്താവ്, ഭാര്യ, ഒരു കുട്ടി<br>(ഭാര്യയ്ക്കും കുട്ടിക്കും അപകട സം ഇൻഷ്വറൻസ് 2 ലക്ഷവും, ചികിത്സാ സഹായം 50,000/- വരെയും ലഭിക്കുകയുള്ളൂ) | - | Rs.770/- |
| 4. | ഭർത്താവ്, ഭാര്യ, രണ്ട് കുട്ടികൾ<br>(ഭാര്യക്കും കുട്ടികൾക്കും അപകട സം ഇൻഷ്വറൻസ് 2 ലക്ഷവും ചികിത്സാസഹായം 50,000/- വരെയും ലഭിക്കുകയുള്ളൂ) | - | Rs.950/- |

2. **ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## അഡാർട്ട്

**1. ബോധവത്കരണ ക്ലാസ്സുകൾ**

1/1/ 22 സെന്റ് സെബാസ്റ്റ്യൻസ് HSS, കടനാട്
7/1/22 സെന്റ് ജോസഫ്സ് HS, കുടക്കച്ചിറ
10/1/22 സെന്റ് മേരീസ് BHS, കുറവിലങ്ങാട്
13/1/22 ഏറ്റുമാനൂരപ്പൻ കോളേജ്, ഏറ്റുമാനൂർ
16/1/22 നവോദയ വായനശാല, ഉള്ളനാട്
17/1/22, 19/1/22 - RRTC സൗത്ത് സോൺ, ചങ്ങനാശ്ശേരി

**2. AA മീറ്റിംഗുകൾ**

ഫെബ്രുവരി 6,13, 20, 27 തീയതികളിൽ FF അംഗങ്ങൾക്കുവേണ്ടി ഓൺലൈൻ മീറ്റിംഗുകൾ നടത്തി.

**3. പ്രസംഗ ഉപന്യാസ മത്സരങ്ങളുടെ സമ്മാനദാനം**

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ HSS, HS, UP വിഭാഗം വിദ്യാർത്ഥികൾക്കായി നടത്തിയ പ്രസംഗ ഉപന്യാസമത്സരത്തിലെ വിജയികൾക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അതതു സ്കൂളുകളിൽ എത്തിക്കുന്നതാണ്.

**4. പുസ്തക പ്രകാശനം**

ഡോ. ജോയി ഫ്രാൻസിസും എൻ. എം സെബാസ്റ്റ്യനും ചേർന്ന് എഴുതിയ 'സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട' എന്ന പുസ്തകത്തിന്റെ പ്രകാശനകർമം മംഗളവാർത്താത്തിരുനാൾ ദിനമായ 2022 മാർച്ച് 25-ാം തീയതി നടത്തുന്നതാണ്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2022 ന്റെ പഠനഭാഗങ്ങൾ

മർക്കോസ് 9-16
ജോഷ്വാ 1-12
പ്രഭാഷകൻ 23-26
1 കോറി 9-16.

രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2022 ജൂൺ ഒന്നിനാണ്. നമുക്ക് ലോഗോസ് ക്വിസ് 2022 നായുള്ള ഒരുക്കങ്ങൾ ആരംഭിക്കാം.

**കെറിയാന**

ബൈബിൾ ഒരു വർഷംകൊണ്ട് വായിക്കുവാൻ സഹായിക്കുന്ന 'കെറിയാന'യുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം ഫെബ്രുവരി 6 തീയതി ഞായറാഴ്ചയും 16-ാം തീയതി ബുധനാഴ്ചയും 23-ാം തീയതി ബുധനാഴ്ചയും നടത്തി.

മിനിസ്ട്രികൾക്കു ചുമതല വഹിക്കുന്ന സേവനസമിതി അംഗങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും എൽ.എസ്.എസ്. ട്രെയിനിങ് മോണിറ്ററിങ് ക്രമീകരണങ്ങളെക്കുറിച്ചും ഓൺലൈനിൽ നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകളെക്കുറിച്ചും പങ്കുവെച്ചു. ഫെബ്രുവരി 6,16 തീയതികളിൽ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സേവന സമിതി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. വിൻസെന്റച്ചൻ ഡയറക്ടർ സ്ഥാനത്തുനിന്നും മാറി പുതിയ ശുശ്രൂഷ മേഖലയിലേക്ക് അഭിവന്ദ്യ പിതാവ് നിയമിച്ചതിനാൽ പുതിയ ഡയറക്ടറായി ചാർജെടുത്ത റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ 23-ാം തീയതിയും സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. കോവിഡ് മാറുന്ന സാഹചര്യത്തിൽ പുതിയ സാധ്യതകൾ കണ്ടെത്തി സാധിക്കുന്ന എല്ലാ രീതിയിലും പ്രാർത്ഥനാശുശ്രൂഷകൾ സബ് സോൺ തലത്തിൽ ക്രമീകരിക്കാൻ സേവനസമിതി അംഗങ്ങൾ ശ്രദ്ധിക്കണമെന്ന് അച്ചൻ നിർദ്ദേശിച്ചു. സമ്മേളനങ്ങൾ ഡയറക്ടർ അച്ചന്റെ സമാപന ആശീർവാദപ്രാർത്ഥനയോടെ അവസാനിച്ചു.

**2. L.S.S (Life in Sprit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള നവമായ അഭിഷേകാനുഭവമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മൊഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് എൽ.എസ്.എസ്.

നമ്മുടെ രൂപത സോണിൽനിന്നും IV$^{th}$ ബാച്ചിൽ 150 പേർ ഈ ശുശ്രൂഷയിൽ പങ്കെടുത്ത് ശുശ്രൂഷകൾ പൂർത്തിയാക്കി. ഇവർക്കുള്ള തുടർപരിശീലനം 11 സബ് സോണുകൾ കേന്ദ്രീകരിച്ച് ആരംഭിച്ചുകഴിഞ്ഞു.

ഫൊറോനാകൾ കേന്ദ്രീകരിച്ച് ഫിസിക്കലായി നടത്തുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും കോവിഡ് 19 അതിവ്യാപനംമൂലം ഇപ്പോൾ ഓൺലൈൻ കൂട്ടായ്മകൾ ആരംഭിച്ചു. ഏഴ് ആഴ്ചത്തെ ധ്യാനം / ധ്യാനപരിശീലനം. ആഴ്ചയിൽ രണ്ടു ദിവസം രണ്ടു മണിക്കൂർ വീതവും. കൂടാതെ, എല്ലാദിവസവും തങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് അരമണിക്കൂർ. ഇത്രയും മതി

ഓരോരുത്തർക്കും. സൗകര്യപ്രദമായ സ്ഥലത്തിരുന്ന് ഓൺലൈനായി നടത്തുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

ആത്മാവിലുള്ള ജീവിതത്തിൽ എല്ലാവരും ഒരു ഹൃദയവും ഒരു ആത്മാവുമായി ഒരുക്കുവാനുള്ള ഏഴാഴ്ച ശുശ്രൂഷകൾ. പ്രാർത്ഥിച്ചു ഉണരാൻ – വചനം പഠിച്ചു വളരാൻ – പ്രഘോഷിച്ചുയരാൻ – സ്വജീവിതം കൊണ്ട് യേശുവിനെ സാക്ഷ്യപ്പെടുത്താൻ ഓരോരുത്തരെയും സഹായിക്കുന്നു. വ്യത്യസ്ത മായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്ക് നയിക്കാൻ ഈ പ്രോഗ്രാം എല്ലാവരെയും സഹായിച്ചു കൊണ്ടിരിക്കുന്നു. കുട്ടികൾ, യുവജനങ്ങൾ, ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയ വളർച്ച ഇതിലൂടെ സാധ്യമാകുന്നു.

**3 YU4C. (യൂത്ത് യുണൈറ്റഡ് 4 ക്രൈസ്റ്റ്)**

'യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവരോടൊപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം'എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ള വരുടെയും ഒത്തുചേരലാണ് YU4C. ആയിരം പേർ ഇപ്പോൾ ഓൺലൈൻ ആയി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെ ക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക, മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCSCയുടെ YU4C ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 70 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും കാരിസ് യൂത്ത് കോർഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**4. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് 2 പ്രാവശ്യം ഓൺലൈനായി നടത്തി.

എല്ലാ ശനിയാഴ്ചകളിലും രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ നാലു മണി വരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാ ശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. എല്ലാ ഞായറാഴ്ചകളിലും 2 മണി മുതൽ 2.30 വരെ രൂപതാ കരിസ്മാറ്റിക് ശുശ്രൂഷക ൾക്ക് ആമുഖമായി കുട്ടികൾ ആരാധന നടത്തുന്നു. കുട്ടികളോടൊപ്പം മാതാപിതാക്കന്മാരും ആരാധനയിൽ പങ്കെടുക്കുന്നു. അമ്മമാർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റേശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ആനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകുന്നു.

**5. പ്രാർത്ഥനക്കൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി

കരങ്ങളുയർത്തി എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 1.30 മുതൽ 4.30 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥന ശുശ്രൂഷകൾ നടത്തുന്നു. 2022 ഫെബ്രുവരി 6 ന് റവ.ഫാ. റോബർട്ട് ചവറനാനിക്കൽ, 13 ന് റവ.ഫാ. തോമസ് പുന്നത്താനത്ത്, 20 ന് സി. കൊച്ചുറാണി ജോസഫ് എറണാകുളം, 27ന് റവ. ഫാ. ജോർജ് കൊട്ടാരം എന്നിവരാണ് വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ സേവന സമിതി ഇതിനു നേതൃത്വം നൽകുന്നു.

**6. കത്തീഡ്രലിൽ  വെള്ളിയാഴ്ച്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളി യാഴ്ചകളിലും രാവിലെ 9.30 മുതൽ 1.00 വരെ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, വിശുദ്ധ കുർബാന, ജപമാല, സ്തുതി ആരാധന എന്നി ശുശ്രൂഷ കൾ നടത്തുന്നു. ശ്രീ മാത്യുകുട്ടി താന്നിക്കൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**7. മദ്ധ്യസ്ഥപ്രാർത്ഥന**

നമ്മുടെ രൂപതയിലെ എൽ.എസ്.എസ്. അംഗങ്ങളുടെ പങ്കാളിത്ത ത്തോടെ തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ എല്ലാദിവസവും ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ മദ്ധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ നടത്തിവരുന്നു. എൽ. എസ്.എസ്. ലീഡേഴ്സ് ടീം അംഗം സോളി മനോജ് ഇതിന് നേതൃത്വം കൊടു ക്കുന്നു. ജപമാല, കരുണക്കൊന്ത, അനുദിനവചനവിചിന്തനം എന്നീ ശുശ്രൂഷ കൾ  ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**8. കുരിശിന്റെ വഴി പ്രാർത്ഥനാശുശ്രൂഷകൾ**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 10 മണി വരെ എൽ. എസ്.എസ്. അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്നു ലോകം മുഴുവനെയും സമർപ്പിച്ചുകൊണ്ട് റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. ജേക്കബ് വെള്ള മരുതുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി പ്രാർത്ഥനകൾ നടത്തി. കുരിശിന്റെ വഴി യുടെ 14 സ്ഥലങ്ങളിൽ സിസ്റ്റേഴ്സ് 14 പേർ സന്ദേശം നൽകി പ്രാർത്ഥിക്കുന്നു. ഡയറക്ടർ സമാപന പ്രാർത്ഥനയും സന്ദേശവും നൽകുന്നു. ഏകദേശം150 കുടുംബങ്ങൾ  ഈ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുന്നു.

**9. കൃതജ്ഞതാബലിയും യാത്രയയപ്പു സമ്മേളനവും**

13 വർഷക്കാലം കരിസ്മാറ്റിക് പാലാ സോൺ ഡയറക്ടറായി ചുമതല വഹിച്ചിരുന്ന റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിനെ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പുതിയ ചുമതലകൾ ഏൽപ്പിച്ചു. നാളിതുവരെ കരിസ്മാറ്റിക് ശുശ്രൂഷയിലൂടെ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക്, കൃപകൾക്ക് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് പതിനെട്ട് സബ് സോൺ സേവനസമിതി അംഗങ്ങൾ പാലാ കത്തീഡ്രലിൽ ഒന്നിച്ചുചേരുകയും റവ. ഫാ. വിൻസെന്റ് മൂങ്ങാ മാക്കൽ കൃതജ്ഞതാബലി അർപ്പിക്കുകയും ചെയ്തു. തുടർന്ന് യാത്രയയപ്പ് സമ്മേളനവും നടത്തി.

**10. പുതിയ കരിസ്മാറ്റിക് ഡയറക്ടർ ചുമതലയേറ്റു.**

കരിസ്മാറ്റിക് പാലാ സോണിന്റെ പുതിയ ഡയറക്ടറായി അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിയമിച്ച റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ 2022 ഫെബ്രുവരി 19-ാം തീയതി ചുമതലയേറ്റു.

മൂന്നു വർഷക്കാലം ഗുജറാത്തിൽ ശുശ്രൂഷ കഴിഞ്ഞ് മടങ്ങിയെത്തിയ അച്ചനെ സേവനസമിതി അംഗങ്ങൾ പൂച്ചെണ്ട് നൽകി സ്വീകരിച്ചു. ഇരുപത്തി മൂന്നാം തീയതി അച്ചന്റെ നേതൃത്വത്തിൽ സേവനസമിതി സമ്മേളനം നടത്തപ്പെടുകയും പുതിയ ശുശ്രൂഷ കർമപദ്ധതികൾക്ക് രൂപ നൽകുകയും ചെയ്തു.

**11. രാത്രി ആരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാനശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ നടത്തിവരുന്ന രാത്രി ആരാധന ഫെബ്രുവരി 26-ാം തീയതി ശനിയാഴ്ച വൈകിട്ട് 4.30 മുതൽ രാത്രി 9 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തി. റവ.ഫാ. ബിസ്റ്റോൺ കൂള CMI, വചനശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടന കേന്ദ്രം ഡയറക്ടർ റവ.ഫാ. ജോസ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ശുശ്രൂഷ കോർഡിനേറ്റർ ജോർജ്ജുകുട്ടി ഞാവള്ളിൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. യാത്രയയപ്പ്**

കഴിഞ്ഞ 5 വർഷക്കാലം മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി നിസ്വാർത്ഥ സേവനം കാഴ്ചവച്ച ബഹുമാനപ്പെട്ട ജോർജ് തെരുവിലച്ചൻ മണിയംകുന്നു പള്ളി വികാരിയായി ഫെബ്രുവരി 19 ന് ചുമതലയേറ്റു. അച്ചന് ഹൃദയപൂർവ്വകമായ നന്ദിയും പ്രാർത്ഥനാ മംഗളങ്ങളും ആശംസിക്കുന്നു.

**2. ഏകദിനധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യാനുഭവധ്യാനം, രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപ ശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 2 മണിക്ക് പൂർത്തിയാകുന്ന ധ്യാനം ഫെബ്രുവരി 12 ന് നടത്തുകയുണ്ടായി. ധ്യാനം മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ ലൈവ് ആയും ലഭ്യമാണ്.

**3. ആഭ്യന്തരഹർമ്മ്യ ആത്മീയത**

കലർപ്പില്ലാത്ത കത്തോലിക്ക ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗിക പരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ ആഭ്യന്തരഹർമ്മ്യം എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണംചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ ആഭ്യന്തരഹർമ്മ്യ ആത്മീയത എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

**4. ഓൺലൈൻ ധ്യാനവീഡിയോ**

കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, ദൈവശക്തി വ്യാപരിക്കുന്നു എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

**5. നിർമ്മാണം**

മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**6. പുസ്തകപരമ്പര**

ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 34: മരണസമയ പോരാട്ടം - സ്നേഹബന്ധനത്തിന്റെ നരകക്കെണി; പുസ്തകം 36: മരണസമയ പോരാട്ടം - അലംഭാവത്തിന്റെ നരകക്കെണി! പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

---

# ദീപിക ഫ്രണ്ട്സ് ക്ലബ്

---

**1. മീറ്റിംഗ്**

ഡയറക്ടേഴ്സ് ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു

**2. പാലാ വിഷൻ ലൈവ്**

പാലാ വിഷനിലേക്ക് വാർത്തകൾ/പരസ്യങ്ങൾ കൊടുക്കുന്നതിനായി മെസ്സേജുകൾ ഫോണിൽ ടൈപ്പ് ചെയ്ത് ഫോട്ടോ ഉൾപ്പെടെ ഈ നമ്പറിലേക്ക് വാട്ടസ്ആപ് വഴി അയയ്ക്കുക : 9605661249, 9400661492.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. കർഷകരെ അവഗണിച്ച കേന്ദ്രബജറ്റ്**

കേന്ദ്ര ധനമന്ത്രി അവതരിപ്പിച്ച ബജറ്റിൽ കർഷകരുടെ കാര്യത്തിൽ ആവശ്യമായ പരിഗണന നൽകാത്തതിൽ ഇൻഫാം എക്സിക്യൂട്ടീവ് പ്രതിഷേധവും ദുഃഖവും രേഖപ്പെടുത്തി. കാർഷികകടങ്ങൾ ഇളച്ചുകൊടുത്തില്ല, കാർഷിക ഉത്പന്നങ്ങളുടെ താങ്ങുവില നിശ്ചയിച്ചില്ല, ഇറക്കുമതി നിയന്ത്രണം നടത്തിയില്ല, കർഷകർ വിറ്റാൽ ഒന്നിനും ന്യായമായ വില ലഭിക്കുന്നില്ല, എന്തു സാധനങ്ങൾ വാങ്ങണമെങ്കിലും വലിയ വില നൽകേണ്ടിവരുന്നു, ചെറുകിട കർഷകർ തകർന്നു വലിയ നിരാശയിലെത്തിയിരിക്കുന്നു തുടങ്ങിയ കാര്യങ്ങൾ യോഗം ചർച്ച ചെയ്തു.

**2. റബ്ബർ കർഷക പ്രതിസന്ധി**

റബ്ബർ കർഷകരുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ഗൂഗിൾ മീറ്റിംഗിലൂടെ ചർച്ച നടത്തി. ടയർ ലോബികളുടെ വെട്ടിപ്പിന്റെ വിവരങ്ങൾ ശക്തമായ വാർത്തയായി പ്രസിദ്ധീകരിച്ച ദീപികയെ യോഗം അനുമോദിച്ചു. ടയർ കമ്പനികൾക്ക് പിഴയിട്ട 1,788 കോടി രൂപ റബ്ബർ കർഷകരുടെ ഉന്നമനത്തിനുവേണ്ടി ചെലവഴിക്കണമെന്ന് ചർച്ചയിൽ ആവശ്യമുയർന്നു. കുറഞ്ഞ പരിശയ്ക്കു കർഷകർക്ക് ലഭിക്കേണ്ട വായ്പകൾ ടയർ വ്യവസായികൾ വഴിതിരിച്ചെടുത്ത് കൊള്ളലാഭം ഉണ്ടാകുന്നതിനെതിരേ സർക്കാർ നടപടിയെടുക്കാത്തതിൽ ഇൻഫാം പ്രതിഷേധിച്ചു.

**3. വന്യമൃഗശല്യം**

വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നു, കർഷകരെ അക്രമിച്ചു കൊല്ലുന്നു എന്നീ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വനംവകുപ്പ് മനുഷ്യജീവനു വില കല്പിക്കാതെ കാട്ടുപന്നിയെ സംരക്ഷിക്കുന്നതിന്റെ വിരോധാഭാസം സർക്കാർ കാണാത്തതെന്തേയെന്ന് കേന്ദ്രത്തോട് ഇൻഫാം ചോദിച്ചു. കർഷകരെ അവഗണിച്ചു കോർപ്പറേറ്റുകളെ വളർത്തുന്ന സർക്കാർ നയങ്ങളെ യോഗം അപലപിച്ചു. റബ്ബറിനെ കാർഷികവിള വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ഇൻഫാം വീണ്ടും സർക്കാരിനോട് ആവശ്യപ്പെട്ടു.

**ഫാ. ജോസഫ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)






## റവ. ഫാ. സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കര

സ്വർഗത്തിൽ മഹിമയുടെ സിംഹാസനത്തിന്റെ വലതുഭാഗത്തിരിക്കുന്ന പ്രധാന പുരോഹിതനായ (ഹെബ്രാ. 8:1) മിശിഹായെ ജീവിതനിയമമാക്കിയും പ്രത്യാശയുടെ അടിസ്ഥാനമാക്കിയും ഈ ഭൂമിയിൽ തന്നെ ഏല്പിച്ച ദൗത്യം ആത്മാർത്ഥമായി പൂർത്തിയാക്കി തീക്ഷ്ണതയോടെ വർത്തിച്ച നല്ലൊരു അജപാലകൻ നിത്യപിതാവിന്റെ സന്നിധിയിലേക്കു യാത്രയായിരിക്കുന്നു. കോതനല്ലൂർ ഇടവകയിൽ മുണ്ടുമൂഴിക്കര വർക്കി – അന്നമ്മ ദമ്പതികളുടെ മകനായി സെബാസ്റ്റ്യൻ 1940 ജൂലൈ 9 ന് ഭൂജാതനായി. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അച്ചന് രണ്ടു സഹോദരന്മാരും ഒരു സന്ന്യാസിനിയുൾപ്പെടെ രണ്ടു സഹോദരിമാരുമാണുള്ളത്. കോതനല്ലൂർ ഇമ്മാനുവൽ മിഡിൽ സ്കൂളിലും അതിരമ്പുഴ സെന്റ് അലോഷ്യസ് ഹൈസ്കൂളിലുമായി പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം വൈദികപരിശീലനത്തിനായി പാലാ നല്ലയിടയൻ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്ര, ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കിയ അദ്ദേഹം 1967 ഡിസംബർ 16 ന് പാലാ ളാലം പഴയപള്ളിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു രൂപതാ വൈദികനായിത്തീർന്നു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ നാൾവഴികളിൽ ആദ്യം പെരിങ്ങുളം, കൂടല്ലൂർ പള്ളികളിൽ സഹവികാരിയായും തുടർന്ന് കീഴൂർ, പൈക, മേരിലാന്റ്, മൂഴൂർ, ളാലം പഴയപള്ളി, പൂവരണി, ഭരണങ്ങാനം, മുട്ടുചിറ പള്ളികളിൽ വികാരിയായും ദൈവത്തിനും ദൈവജനത്തിനുമായി ആദ്ധ്യാത്മിക ശുശ്രൂഷയുടെ നാണയങ്ങൾക്ക് വിശ്വസ്തതയോടെ കാര്യസ്ഥനായി. ഇതോടൊപ്പംതന്നെ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രം മാനേജിംഗ് ബോർഡ് അംഗമായും രൂപതാ കുടുംബക്കൂട്ടായ്മയുടെ പ്രവർത്തനങ്ങളെ നയിക്കാൻ അതിന്റെ ചെയർമാനായും എഴുമാംതുരുത്ത് എസ്.സി.ജെ.ജി സന്ന്യാസഭവനത്തിന്റെ ആത്മീയപിതാവായും

ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അച്ചൻ ശുശ്രൂഷ നിർവഹിച്ചു. 2016 ജനുവരിയിൽ മുട്ടുചിറ വിയാനി വൈദികമന്ദിരത്തിൽ വിശ്രമജീവിതമാരംഭിച്ച അച്ചൻ എന്നും തീക്ഷ്ണതയുള്ള ഒരു തിരുവചനോപാസകനായിരുന്നു.

2022 ഫെബ്രുവരി 16 ന് ഇഹലോകവാസം പൂർത്തിയാക്കി, ജയമുടി ചൂടിടുവാൻ നിത്യപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായ സെബാസ്റ്റ്യനച്ചന്റെ ഭൗതികശരീരം 2022 ഫെബ്രുവരി 18-ാം തീയതി രാവിലെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ പിതാക്കന്മാരുടെ കാർമികത്വത്തിൽ സ്വഭവനത്തിലെയും മാതൃ ഇടവക ദൈവാലയത്തിലെയും ശുശ്രൂഷകൾക്കുശേഷം കോതനല്ലൂർ ദൈവാലയസെമിത്തേരിയിൽ സംസ്കരിച്ചു. മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം ജീവന്റെ കിരീടം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട മുണ്ടുമൂഴിക്കര സെബാസ്റ്റ്യൻ അച്ചനെയും അണിയിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.



## സി. മേരി ആൻ എഫ്.സി.സി.

പാലാ രൂപത കൊഴുവനാൽ ഇടവകയിൽ തുളുമ്പൻമാക്കൽ തോമസ് - മറിയം ദമ്പതികളുടെ പതിമൂന്നു മക്കളിൽ ഏഴാമത്തെ സന്താനമായി 19.03.1933-ൽ ബഹു. സി. മേരി ആൻ ഭൂജാതയായി. പരേതനായ ബഹു. എഫ്രേം തുളുമ്പൻമാക്കൽ അച്ചന്റെ സഹോദരിയാണ് സിസ്റ്റർ മേരി ആൻ. സിസ്റ്ററുടെ സഹോദരി സി. ആൻമേരി എഫ്.സി.സി. ചങ്ങനാശ്ശേരി പ്രോവിൻസിലെ തോട്ടക്കാട് മഠത്തിലെ അംഗമാണ്. സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുത്തോലിയിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായശേഷം 07.06.1956-ൽ ഭരണങ്ങാനം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 08.04.1958-ൽ പ്രഥമവ്രതവാഗ്ദാനവും 25.09.1961-ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു.

1965-ൽ ഇടമറ്റം എൻ.എസ്.എസ്. ബി.റ്റി.എസിൽ നിന്ന് റ്റി.റ്റി.സി. പാസ്സായി. പിന്നീട് ഭരണങ്ങാനം, ഇടമറ്റം, പാളയം, മഞ്ഞാമറ്റം, കണ്ണാടിയുറുമ്പ്, വാകക്കാട്, മറ്റക്കര, കല്ലൂർക്കുളം എന്നീ മഠങ്ങളിൽ താമസിച്ചുകൊണ്ട് നിസ്വാർത്ഥവും നിസ്തുലവുമായ സേവനങ്ങൾ അമ്മ കാഴ്ചവച്ചു.

1965-ൽ പൂവത്തോട് സ്കൂളിൽ ആരംഭിച്ച തന്റെ അദ്ധ്യാപനപ്രേഷിതത്വം തുടർന്ന് പാളയം, മഞ്ഞാമറ്റം, കണ്ണാടിയുറുമ്പ്, വാകക്കാട്, മണലുങ്കൽ എന്നീ അഞ്ചു സ്കൂളുകളിലും ഏറ്റം ആത്മാർത്ഥമായി നടത്തുകയുണ്ടായി. 31.03.1989-ൽ അദ്ധ്യാപനരംഗത്തുനിന്നും വിരമിച്ചു.

പാലാ രൂപത ബൈബിൾ കൺവെൻഷനുവേണ്ടി അമ്മ ചെയ്ത നിസ്വാർത്ഥ സേവനങ്ങൾ ശ്രദ്ധേയമാണ്. കൊഴുവനാൽ ഇടവകയിലെ പ്രത്യേകിച്ച് ഇടമുള കോളനിയിലെ ഓരോ വീടും കയറിയിറങ്ങി അവിടെയുള്ള മക്കൾക്ക് ഈശോയാകുന്ന പ്രകാശത്തെ പകർന്നു കൊടുത്തിരുന്ന അമ്മ താൻ ആഗ്രഹിച്ച മിഷൻ അതിന്റെ തികവിൽ പൂർത്തിയാക്കി.

2008 ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു. ദീർഘകാലം ശയ്യാവലംബയായിരുന്ന സിസ്റ്റർ മേരി മേരി ആൻ 03.02.2022 വ്യാഴാഴ്ച സ്വർഗ്ഗസമ്മാനത്തിനായി യാത്രയായി.

05.02.2022 ശനിയാഴ്ച 2.30 pm ന് ബഹു. ചാപ്ലയിൻ അച്ചന്റെയും ഫാ. സിറിൽ തയ്യിലിന്റെയും കാർമ്മികത്വത്തിൽ മൃതസംസ്ക്കാരശുശ്രൂഷകൾ നടന്നു. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ അനുശോചന സന്ദേശം നൽകി. തുടർന്ന് ബഹു. മേരി ആൻ അമ്മയുടെ ഭൗതികശരീരം കല്ലൂർക്കുളം മഠത്തിലെ സെമിത്തേരിയിൽ സംസ്ക്കരിച്ചു. സർവ്വശക്തനായ ദൈവം അമ്മയുടെ ആത്മാവിനെ മഹത്ത്വത്തിന്റെ കിരീടമണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## സി. ഇൻഫന്റ് ട്രീസാ എഫ്.സി.സി.

പാലാ രൂപത കൊഴുവനാൽ ഇടവകയിൽ തോട്ടത്തിൽ വർക്കി - റോസ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 9.1.1930-ൽ സി. ഇൻഫന്റ് ട്രീസാ ഭൂജാതയായി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അതിരമ്പുഴ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് 1951-ൽ E.S.L.C. പാസ്സായി. സ്വന്തം സഹോദരി സി. ട്രീസാ മേരിയെ പിൻതുടർന്ന് 30.5.1953-ൽ കല്ലൂർക്കുളം മഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 29.5.1955-ൽ ആദ്യവ്രതവാഗ്ദാനവും 29.5.1958-ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

1.9.1958 മുതൽ മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ അധ്യാപികയായി സേവനമാരംഭിച്ചു. 1961 ൽ വാഴപ്പള്ളി സെന്റ് തെരേസാസ് B.T.S. ൽ നിന്ന് T.T.C. പാസ്സായി. മണലുങ്കൽ, മഞ്ഞാമറ്റം എന്നീ സ്കൂളുകളിലായി 32 വർഷക്കാലം തന്റെ അധ്യാപനപ്രേഷിതത്വം വളരെ വിശ്വസ്തതയോടെ നിർവഹിച്ചു. 31.5.1986-ൽ സ്കൂളിൽനിന്ന് വിരമിച്ചശേഷം പാലാ രൂപത പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം. ഓഫീസിൽ സെക്രട്ടറിയായി സേവനം ചെയ്തു. കല്ലൂർക്കുളം, മണലുങ്കൽ, മഞ്ഞാമറ്റം, അൽഫോൻസാ ഹോസ്റ്റൽ, മുത്തോലി, കൊഴുവനാൽ എന്നീ മഠങ്ങളിൽ താമസിച്ച് അസി. മദർ, കൗൺസിലർ, ട്രഷറർ, സെക്രട്ടറി എന്നീ നിലകളിൽ തന്റെ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. മണലുങ്കൽ മഠം ആരംഭിച്ചപ്പോൾ അവിടെ താമസത്തിന് പോയ 3 പേരിൽ ഒരാളായിരുന്നു സി. ഇൻഫന്റ് ട്രീസാ.

രൂപതയിലെ ഇവാഞ്ചലൈസേഷൻ പരിപാടികളിൽ പരിശീലനംനേടി അതിൽ പങ്കെടുക്കുകയും ധ്യാനവേളകളിൽ ഇടവകകളിൽ കൗൺസിലിംഗ് നടത്തുകയും ചെയ്തിരുന്നു. ഇടവകയിലെ മാതൃജ്യോതി, കുടുംബക്കൂട്ടായ്മ, കരിസ്മാറ്റിക് ഗ്രൂപ്പ് ഇവയിൽ സജീവമായി പ്രവർത്തിച്ചിരുന്നു. സംഗീതം, കവിതാരചന, പ്രസംഗം, തയ്യൽ, ചിത്രരചന തുടങ്ങിയ കലകളിൽ തല്പരയായിരുന്ന സിസ്റ്റർ തന്റെ വിശ്രമജീവിതത്തിൽ മറ്റുള്ളവർക്ക് കഴിയുന്നത്ര സഹായം ചെയ്തു കൊടുത്തിരുന്നു.

2005 ൽ അമ്മയുടെ സന്ന്യാസവ്രതത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യം ലഭിച്ചു. 'ആത്മീയഗീതങ്ങൾ' എന്ന പുസ്തകം തന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സ്വന്തം സഹോദരിയായ സി. ട്രീസാ മേരിയുംകൂടി ചേർന്ന് പ്രസിദ്ധീകരിച്ചു. 10.1.2021 മുതൽ അമ്മ ശയ്യാവലംബയായിരുന്നു. 8.2.2022 ൽ അമ്മയുടെ പാവനാത്മാവ് നിത്യസമ്മാനത്തിനായി ദിവ്യനാഥസന്നിധിയിലേക്ക് യാത്രയായി.

11.02.2022 ശനിയാഴ്ച 2.30 pm ന് ഇൻഫന്റ് ട്രീസാമ്മയുടെ മൃതദേഹം മഠം ചാപ്പലിൽ കൊണ്ടുവന്നു. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിലിന്റെയും അമ്മയുടെ പ്രിയ ശിഷ്യൻ ബഹു. ഡോ. മാത്യു പായിക്കാട്ട് അച്ചന്റെയും മുഖ്യകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ബഹു. മാത്യു പായിക്കാട്ടച്ചൻ അമ്മയുടെ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ചരമ പ്രസംഗം നടത്തി. കൊഴുവനാൽ പള്ളി സഹവികാരി ബഹു. ഫാ. ജോസഫ് ആലാനിക്കൽ സഹകാർമ്മികനായിരുന്നു. 3.30 pm ന് ബഹു. ഇൻഫന്റ് ട്രീസാമ്മയുടെ മൃതദേഹം ബന്ധുജനങ്ങളുടെയും സന്ന്യാസസഹോദരങ്ങളുടെയും സാന്നിധ്യത്തിൽ മഠം വക സെമിത്തേരിയിൽ സംസ്കരിച്ചു. ദിവ്യനാഥൻ ബഹു. ഇൻഫന്റ് ട്രീസാമ്മയെ തന്റെ മഹത്ത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## FEBRUARY 2022

| | | |
|---|---|---|
| 01 | 09.00 am | മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ ആശീർവാദകർമം നിർവഹിച്ചു. |
| | 10.30 am | മീനച്ചിൽ ഇടവകയിൽ താന്നിക്കൽ ശ്രീമതി മറിയക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 03 | 08.30 pm | സീറോ മലബാർ ഇന്റർനെറ്റ് മിഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 04 | 03.00 pm | സീറോ മലബാർ ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 05 | 10.30 am | ളാലം പഴയപള്ളി ഇടവകയിൽ മാർസ്ലീവാ ക്ലാരിസ്റ്റ് ആരാധന ആശ്രമത്തിന്റെ താത്കാലികഭവനം ആശീർവദിച്ചു. |
| | 03.15 pm | കളത്തൂക്കടവ് ഇടവകയിൽ പൂപ്പാറയിൽ ശ്രീ പി.സി. മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 07 | 10.00 am | കൂട്ടിക്കൽ സെന്റ് ജോർജ് ഹൈസ്കൂളിൽ അടിസ്ഥാനസൗകര്യവിതരണസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 10.30 am | കൂട്ടിക്കൽ ഫൊറോനയിൽ പ്രകൃതിക്ഷോഭത്തിൽ ഭവനം നഷ്ടപ്പെട്ടവർക്ക് കൂട്ടിക്കൽ മിഷന്റെ ഭാഗമായി നിർമിച്ചു നൽകുന്ന ഭവനങ്ങളുടെ സ്ഥാപനശിലകൾ ആശീർവദിച്ചു നൽകി. |

| | | |
|---|---|---|
| 08 | 10.30 am | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചു ഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ മൂന്നുനോമ്പു തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 10 | 10.00 am | പാലാ അൽഫോൻസ കോളജിൽ പുതുതായി നിർമ്മിച്ച ഇൻഡോർ കോർട്ടിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. |
| | 03.00 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 02.30 pm | മറ്റക്കര ഇടവകയിൽ ബഹുമാനപ്പെട്ട മാത്യു പുത്തൻപുരയ്ക്കൽ അച്ചന്റെ സഹോദരി ശ്രീമതി ലീലാമ്മ ബ്രിജീറ്റിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 04.00 pm | കാട്ടാമ്പാക്ക് ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചെരിപ്പു കർമം നിർവഹിച്ചു. |
| 12 | 10.00 am | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ സിവിൽ സർവീസ് ലാബ് ഓറിയന്റേഷൻ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 11.00 am | പാലാ ബിഷപ്സ് ഹൗസിൽ പാലാ കാരിത്താസ് നൽകുന്ന വിദ്യാഭ്യാസസഹായത്തിന്റെ വിതരണം നിർവഹിച്ചു. |
| | 11.30 am | കുരുവിനാൽ ഇടവകയിൽ വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| 13 | 06.30 pm | ചങ്ങനാശേരി ബിഷപ്സ് ഹൗസിൽ നടത്തിയ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേക സുവർണജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് ആശംസകളർപ്പിച്ചു. |
| 14 | 10.30 am | മുട്ടുചിറ ഫൊറോനയിൽ പുരാതനകുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ സന്ദർശിച്ചു വിലയിരുത്തി. |

| | | |
|---|---|---|
| | 07.00 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ യാത്രയയപ്പു സമ്മേളനത്തിൽ സംബന്ധിച്ചു. |
| 15 | 03.00 pm | പാലാ ബിഷപ്സ് ഹൗസിൽ എ.ഡി.സി.പി.യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 16 | 03.30 pm | ളാലം പഴയപള്ളിയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനങ്ങളുടെ വെഞ്ചെരിപ്പു കർമം നിർവഹിച്ചു. |
| 17 | 03.00 pm | കൂട്ടിക്കൽ ഫൊറോനയിൽ പ്രകൃതിക്ഷോഭത്തിൽ ഭവനം നഷ്ടപ്പെട്ടവർക്ക് എ.കെ.സി.സി. പാലാ രൂപത നവീകരിച്ചു നല്കിയ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 04.00 pm | കൂട്ടിക്കൽ ഫൊറോനയിൽ കൂട്ടിക്കൽ മിഷന്റെ ഭാഗമായുള്ള മംഗല്യവിവാഹ സഹായവിതരണം ഉദ്ഘാടനം ചെയ്യുകയും ആദ്യഘട്ട സാമ്പത്തിക സഹായ വിതരണം നടത്തുകയും ചെയ്തു. |
| | 04.30 pm | കൂട്ടിക്കൽ ഫൊറോനയിൽ കൂട്ടിക്കൽ മിഷൻ പ്രവർത്തനങ്ങളുടെ അവലോകനയോഗത്തിൽ സംബന്ധിച്ചു. |
| | 05.30 pm | വേലനിലം ഇടവകയിൽ തിരുനാളിനു കൊടിയേറ്റുകയും പുതുതായി നിർമിച്ച വൈദിക മന്ദിരത്തിന്റെ ആശീർവാദകർമം നിർവഹിക്കുകയും ചെയ്തു. |
| 18 | 10.00 am | കോതനല്ലൂർ ഫൊറോനയിൽ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കരയച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 01.00 pm | ചെമ്മലമറ്റം ഇടവകയിൽ കിണറ്റുകര ശ്രീ സിബിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 07.00 pm | പാലാ ബിഷപ്സ് ഹൗസിൽ ബഹുമാനപ്പെട്ട വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 19 | 11.00 am | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | രൂപതാകേന്ദ്രത്തിൽനിന്നു സ്ഥലം മാറിപ്പോകുന്ന വൈദികരുടെ സ്ഥലമാറ്റയാത്രയിൽ അനുഗമിച്ചു. |
| 20 | 11.45 am | കാവാലി ഇടവകയിൽ എസ്.ആർ.എ. സന്ന്യാസിനി സമൂഹം പുതുതായി നിർമിച്ച ഫാദർ ബോഡ്‌വാഗ് ഡേ കെയർ സെന്ററിന്റെയും സ്പെഷ്യൽ സ്കൂളിന്റെയും ആശീർവാദകർമം നിർവഹിച്ചു. |
| 21 | 11.00 am | ഉാലം പുത്തൻപള്ളി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | പാലാ രൂപതയുടെ അദിലാബാദ് മിഷൻ സന്ദർശനത്തിനായി പുറപ്പെട്ടു. |
| 23 | 10.00 am | പാലാ രൂപതയുടെ അദിലാബാദ് മിഷനിലെ കോനംപേട്ട മിഷൻ സ്റ്റേഷനും മഠവും സന്ദർശിച്ചു. |
| | 11.00 am | മന്നഗുഡം മിഷൻ സ്റ്റേഷനും മഠവും സന്ദർശിക്കുകയും ഗ്രാമത്തിലെ ഒരു ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും ചെയ്തു. |
| | 04.00 pm | കൊത്തഗുഡം പള്ളിയും മഠവും സന്ദർശിച്ചു. |
| | 04.30 pm | കൊത്തഗുഡം ഗ്രാമത്തിലെ വിവിധ ഭവനങ്ങൾ സന്ദർശിച്ചു. |
| | 07.30 pm | നെന്നൽ മിഷൻ സ്റ്റേഷനിൽ അദിലാബാദ് രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പിതാവുമായി അഭിമുഖസംഭാഷണം നടത്തി. |
| 24 | 10.00 am | ആവഡം മിഷൻ സ്റ്റേഷൻ സന്ദർശിച്ചു. |
| | 11.00 am | വെങ്കിട്ടപുരം മിഷൻ സ്റ്റേഷനിലെ പള്ളിയും മഠവും സന്ദർശിച്ചു. |
| | 12.30 pm | മൈലാരം മഠം സന്ദർശിച്ചു. |

| | | |
|---|---|---|
| | 02.00 pm | മൈലാരം മഠത്തിൽ അദിലാബാദ് മിഷനിൽ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സുമായി ചർച്ച നടത്തി. |
| | 03.00 pm | ഗൊല്ലപ്പള്ളി മിഷൻ സ്റ്റേഷനും മഠവും സന്ദർശിച്ചു. |
| 25 | 07.00 am | നെന്നൽ മിഷൻ സ്റ്റേഷനിൽ പരിശുദ്ധ കുർബാനാർപ്പണ മദ്ധ്യേ ഒരു ശിശുവിന് പ്രാരംഭകൂദാശകൾ പരികർമം ചെയ്തു. |
| | 10.30 am | അദിലാബാദ് രൂപതയുടെ ധ്യാനകേന്ദ്രമായ എഫാത്ത സന്ദർശിച്ചു. |
| | 12.30 pm | അദിലാബാദ് രൂപതയുടെ മൈനർ സെമിനാരി സന്ദർശിക്കുകയും സെമിനാരി വിദ്യാർത്ഥികൾക്കു സന്ദേശം നൽകുകയും ചെയ്തു. |
| | 03.30 pm | ബെല്ലംപള്ളി സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസും മൈനർ സെമിനാരിയും സന്ദർശിക്കുകയും സെമിനാരി വിദ്യാർത്ഥികൾക്കു സന്ദേശം നല്കുകയും ചെയ്തു. |
| 26 | 10.30 am | മഞ്ചേരിയാൽ അനുധാവന സി.എം.ഐ. ആശ്രമത്തിലെത്തി അദിലാബാദ് രൂപതയുടെ മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് പിതാവിനെ സന്ദർശിച്ചു. |
| | 12.30 pm | അദിലാബാദ് ബിഷപ്സ് ഹൗസും മഞ്ചേരിയാൽ ഇടവകയും സന്ദർശിച്ചു. |
| | 03.00 pm | മഞ്ചേരിയാൽ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. |
| 28 | 06.30 am | പാലാ കത്തീഡ്രലിൽ വിഭൂതിത്തിരുനാൾ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 10.30 am | പാദുവാ ഇടവകയിൽ മടുക്കക്കുഴിയിൽ ശ്രീ എം. സി. ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## FEBRUARY 2022

| | | |
|---|---|---|
| 01 | 9.00 am | കടുത്തുരുത്തി ഫൊറോനയിൽ കാട്ടുപുതുശ്ശേരി ശ്രീ ജോയി ജോണിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | മീനച്ചിൽ ഇടവകയിൽ താന്നിക്കൽ ശ്രീമതി മറിയക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നൽകി. |
| 02 | 12.30 pm | കൊഴുവനാൽ ഇടവകയിൽ കോയിപ്രായിൽ ശ്രീ സിബി തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | കോട്ടയം അതിരൂപത പങ്ങട ഇടവകയിൽ വാവാനിക്കുന്നേൽ ശ്രീ വി.വി. തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 05 | 12.00 noon | പാലാ എഫ്.സി.സി. പ്രൊവിൻസ് അംഗവും കല്ലൂർകുളം മഠാംഗവുമായ ബഹു. സി. മേരി ആൻ എഫ്.സി.സി. തുളമ്പൻമാക്കലിന്റെ ഭൗതികദേഹത്തിനരികിൽ കൊഴുവനാൽ എഫ്.സി.സി. മഠത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | കൊഴുവനാൽ ഇടവകയിൽ ഭവനം ആശീർവദിച്ചു. |
| 06 | 02.00 pm | നീലൂർ ഇടവകയിൽ ചന്ദ്രൻകുന്നേൽ ശ്രീ സിറിയക് തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 07 | 10.00 am | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചു ഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ മൂന്നുനോമ്പു തിരുനാളിനോടനുബന്ധിച്ച് റാസക്കുർബാനയർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| | 03.00 pm | ളാലം പുത്തൻപള്ളി ഇടവകയിൽ പുളിക്കൽ ശ്രീമതി ബിന്ദു മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നൽകി. |
| | 05.00 pm | ആവേ മരിയ ഓൺലൈൻ പ്രാർത്ഥനാഗ്രൂപ്പിന്റെ പ്രാർത്ഥനാസമ്മേളനത്തിൽ തിരുവചനസന്ദേശം നൽകി. |
| | 06.00 pm | പൂവത്തോട് ഇടവകയിൽ പുലിക്കുന്നേൽ ശ്രീ ജോർജ് വൈദ്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 08 | 03.00 pm | കോട്ടയം അതിരൂപത ചുങ്കം ഇടവകയിൽ അറയ്ക്കൽ ഭവനത്തിൽ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. |
| | 06.00 pm | ചേർപ്പുങ്കൽ ബി.വി.എം. കോളജിൽ ബഹു. അച്ചന്മാർക്കായി നടത്തപ്പെടുന്ന ഫാ. തോമസ് നാഗനൂലിൽ മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. |
| 10 | 12.00 noon | തീക്കോയി ഫൊറോനയിൽ പുതുക്കുളങ്ങര ശ്രീ പി. പി. വർക്കിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 03.00 pm | മറ്റക്കര ഇടവകയിൽ ബഹു. മാത്യു പുത്തൻപുരയ്ക്കലച്ചന്റെ സഹോദരി ശ്രീമതി ലീലാമ്മ ബ്രിജീറ്റിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 12 | 10.30 am | അരുവിത്തുറ ഫൊറോനയിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 noon | ചങ്ങനാശ്ശേരി അതിരൂപത ആറുമാനൂർ ഇടവകയിൽ പ്രാരംഭകൂദാശകൾ പരികർമം ചെയ്തു. |
| | 04.00 pm | ചങ്ങനാശ്ശേരി അരമനയിൽ മെത്രാഭിഷേകത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിനെ സന്ദർശിക്കുകയും ആശംസകൾ നേരുകയും ചെയ്തു. |
| 13 | 11.00 am | അന്ത്യാളം ഇടവകയിൽ ചവറനാനിക്കൽ ശ്രീ സി. എസ്. സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 12.00 noon | നീലൂർ ഇടവകയിൽ മാളിയേക്കൽ ശ്രീമതി ഏലിയാമ്മയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 15 | | കാഞ്ഞിരപ്പള്ളി നല്ലതണ്ണി ആശ്രമത്തിൽ ഏകദിന പരിപാടിയിൽ സംബന്ധിച്ചു. |
| 16 | 07.15 am | മൂന്നിലവ് പള്ളിയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം നൽകി പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| 17 | 09.00 am | മുട്ടുചിറ ഫൊറോനയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 11.00 am | മുട്ടുചിറ ഫൊറോനയിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | വിളക്കുമാടം ഇടവകയിൽ കോക്കാട്ട് ശ്രീ ബോണിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 18 | 08.30 am | മുട്ടുചിറ ഫൊറോന ദൈവാലയ നവീകരണത്തോടനുബന്ധിച്ച് തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനകർമ്മം നിർവഹിച്ചു. |
| | 09.00 am | കോതനല്ലൂർ ഫൊറോനയിൽ ബഹു. മുണ്ടുമൂഴിക്കര സെബാസ്റ്റ്യനച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദിയുടെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 04.00 pm | ചെമ്മലമറ്റം ഇടവകയിൽ കിണറ്റുകര ശ്രീ സിബിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 07.00 pm | പാലാ ബിഷപ്സ് ഹൗസിൽ ബഹുമാനപ്പെട്ട വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. |
| 19 | 11.30 am | ചങ്ങനാശ്ശേരി അതിരൂപത മണിമല ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 05.00 pm | വയല ഇടവകയിൽ പാറത്തൊട്ടിയിൽ പൊതംമാക്കിൽ റെനോ ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 20 | 07.00 am | ഉരുളികുന്നം ഇടവകയുടെ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു വി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകുകയും ചെയ്തു. |
| 21 | 03.00 pm | ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ ടീച്ചേഴ്സ് ഗിൽഡ് പ്രോഗ്രാമിൽ സംബന്ധിച്ചു. |
| 22 | 11.00 am | കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളജിൽ വച്ച് നടന്ന ഡി.സി.എം.എസ്. മീറ്റിംഗിൽ പങ്കെടുത്തു. |
| | 04.30 pm | കുറവിലങ്ങാട് ക്ലാരറ്റ് ഭവനിൽ ബഹു. ജോസഫ് മാധവത്ത് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി. |
| | 06.00 pm | ഇടമറുക് ഇടവകയിൽ തുണ്ടിയിൽ ബൈജുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു നേതൃത്വം നൽകി. |
| 23 | 04.30 pm | കുടക്കച്ചിറ ഇടവകയിൽ പുതുതായി നിർമിച്ച കൽക്കുരിശ്, കൊടിമരം, മോണ്ടളം എന്നിവയുടെ വെഞ്ചെരിപ്പു നടത്തി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. |
| 24 | 06.15 am | സ്നേഹഗിരി സന്ന്യാസിനി സമൂഹത്തിൽ സുവർണ-രജത ജൂബിലി ആഘോഷിക്കുന്നവരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിച്ചു വചനസന്ദേശം നൽകുകുയം ചെയ്തു. |
| 25 | 06.30 am | മാൻവെട്ടം ഇടവകയിൽ പുതുതായി നിർമിച്ച കല്ലറകളുടെ വെഞ്ചെരിപ്പ് നിർവഹിക്കുകയും വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. |
| | 09.30 am | ഭരണങ്ങാനത്ത് ബഹു. ജോർജ് കുറ്റിക്കലച്ചൻ ആരംഭിച്ച 'ആകാശപ്പറവകളുടെ കൂട്ടുകാർ' കൂട്ടായ്മയുടെ നേതൃത്വത്തിൽ ആരംഭിച്ച മൊബൈൽ ബാത്ത് യൂണിറ്റ് ഉദ്ഘാടനം ചെയ്തു. |
| 26 | 07.30 am | ചക്കാമ്പുഴ ഇടവകയിൽ രണ്ട് കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 10.30 am | ചങ്ങനാശ്ശേരി അതിരൂപത കുടമാളൂർ ഇടവകയിൽ ബഹു. മാത്യു ഉലകംതറ സാറിന്റെ മൃതസംസ്കാര ശുശ്രൂഷകൾ നടത്തി. |
| | 02.00 pm | മണിയംകുന്ന് ഇടവകയിൽ മുക്കുഴി ജിയോ ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവന ത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 04.30 pm | കോതമംഗലം രൂപത നെല്ലിമറ്റം ഇടവകയിൽ ഭവനം ആശീർവദിച്ചു. |
| 27 | 09.00 am | പാലാ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ സഭാവസ്ത്രസ്വീകരണം നടത്തി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. |
| | 02.00 pm | കോതമംഗലം രൂപത തൊടുപുഴ ടൗൺ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 04.15 pm | കുരുവിനാൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 28 | 06.30 pm | പാലാ കത്തീഡ്രലിൽ വിഭൂതിത്തിരുനാൾ തിരുകർമ്മ ങ്ങളിൽ പങ്കെടുത്തു വചനസന്ദേശം നൽകി.. |
| | 10.30 pm | പാദുവ ഇടവകയിൽ മടുക്കക്കുഴിയിൽ എം.സി. ജോർജിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാ ലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |



പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സിവിൽ സർവീസ് ഓറിയന്റേഷൻ ലാബിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.







മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ആരംഭിച്ച ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

**2022**
**MARCH**

# ☆ SANTHWANAPRAKASHAM ☆

## PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel